"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ


| | | |
|---|---|---|
| *Vol. XXXVIII* | *2010 January* | *No. 1* |
| വാർഷിക വരിസംഖ്യ 120 രൂപ, | | ഒറ്റപ്രതി 10 രൂപ |

# ഉള്ളടക്കം


സർക്കുലർ ............................................................... 03
സർക്കുലർ ............................................................... 07
സർക്കുലർ ............................................................... 16
കെ.സി.ബി.സി. നൽകുന്ന വിവാഹാശീർ
വാദത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ........................ 11
ലോകസമാധാന ദിന സന്ദേശം .................................. 20
Guidelines regarding the incardination of members of
one *sui iuris* Church to another *sui iuri*s Church ........... 34
World AIDS Day Message 2009 ..................................... 36
വൈദീകവർഷം ........................................................ 39
രൂപതാ കച്ചേരി വാർത്തകൾ .................................. 41
വൈദികസമിതി റിപ്പോർട്ട് ....................................... 45
വിവിധ സംഘടനകളിലെ
രൂപതാ ഭാരവാഹികളുടെ മീറ്റിംഗ് - റിപ്പോർട്ട് ........ 48
റീജിയണൽ വാർത്തകൾ .......................................... 50
മതബോധനരംഗം ..................................................... 52
ചെറുപുഷ്പമിഷൻലീഗ് .............................................. 57
കെ. സി. വൈ. എം. .................................................. 63
കുടുംബപ്രേഷിതത്വം ................................................. 70
സിയോൻ വാർത്തകൾ................................................ 76
ക്രിസ്റ്റീൻ വാർത്തകൾ ............................................... 79
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 80
ജയിൽ മിനിസ്ട്രി ..................................................... 81
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ............................ 82
സാമൂഹ്യ സേവനരംഗം ............................................ 86
അറിയിപ്പുകൾ ........................................................... 90
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................... 91
ബിഷപ്സ് പ്രോഗ്രാം .................................................. 92

# സർക്കുലർ

***Circular Letter No. 1/2010***
***Prot. No. 8855/2009***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

നാം വീണ്ടും ഒരു പുതിയ വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിയ്ക്കുകയാണല്ലോ. ഓരോ പുതുവർഷവും ദൈവം നമുക്ക് തരുന്ന ദാനമാണ് എന്ന് അനുസ്മരിക്കാം. കഴിഞ്ഞ വർഷം ദൈവം നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും എല്ലാം ചൊരിഞ്ഞ നിരവധിയായ അനുഗ്രഹങ്ങൾക്ക് നാം നന്ദി പറഞ്ഞു കാണും. അതോടൊപ്പം പുതിയ വർഷത്തിൽ കർത്താവിന്റെ പാതയിലൂടെ ചരിയ്ക്കാനുള്ള കൃപയ്ക്കായും നമുക്ക് പ്രാർത്ഥിക്കാം. ഏവർക്കും ശാന്തിയും സമാധാനവും നിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു.

നിർദ്ധനകുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കായി ഒരു വിദ്യാഭ്യാസ സഹായ പദ്ധതി നമ്മുടെ രൂപതയിൽ നടപ്പാക്കിയിട്ടുള്ളത് നിങ്ങൾക്കറിയാവുന്ന വസ്തുതയാണല്ലോ. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന ചുരുങ്ങിയത് അഞ്ഞൂറ് കുട്ടികൾക്കെങ്കിലും ആയിരം രൂപാ വച്ച് ഓരോ വർഷവും സഹായധനമായി കൊടുക്കുന്ന ഒരു പദ്ധതിയാണിത്. കഴിഞ്ഞ അഞ്ച് വർഷമായി നമ്മൾ ഇപ്രകാരം ചെയ്യുന്നുണ്ട്. ഏറെപ്പേർക്ക് ഇത് വലിയ സഹായമാണ്. ഇപ്പറഞ്ഞ പദ്ധതിയ്ക്ക് പുറമേ നമ്മുടെ രൂപതയിലെ സന്യാസിനീസമൂഹങ്ങൾ ഒരുമിച്ച് ചേർന്ന് ഇരുന്നൂറിനും മുന്നൂറിനും ഇടയിൽ കുട്ടികൾക്കും വർഷം ആയിരം രൂപാ വച്ച് സഹായ ധനം കൊടുക്കുന്നുണ്ട്.

അതുപോലെ തന്നെ വർഷം തോറും ഇരുപത് കുട്ടികളെ വീതം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ സൗജന്യമായി പഠിപ്പിക്കുന്ന മറ്റൊരു പദ്ധതിയും നിലവിലുണ്ട്. മൂന്ന് വർഷം മുമ്പ് ആരംഭിച്ച ഈ പദ്ധതിയനുസരിച്ച് 60 കുട്ടികൾ ഗൂഡല്ലൂർ കയ്യൂന്നിയിലുള്ള സേക്രട്ട് ഹാർട്ട് മട്രിക്കുലേഷൻ സ്കൂളിലും തലഞ്ഞി കാർമ്മൽ സ്കൂളിലുമായി പഠിക്കുന്നുണ്ട്. ആ സ്കൂളുകളുടെ വാഹനങ്ങൾ എത്തുന്ന സ്ഥലങ്ങളിൽ

നിന്ന് മാത്രമാണ് അപ്രകാരം കുട്ടികളെ തെരഞ്ഞെടുത്തിട്ടുള്ളത്. എല്ലാ വർഷവും എൽ.കെ.ജി. യിലേക്ക് മാത്രമാണ് കുട്ടികളെ സ്വീകരിക്കുന്നത്. അവരിൽ എല്ലാ ക്ലാസിലും പഠിച്ചു കയറുന്നവർ ഏതെങ്കിലും ജീവിതമാർഗ്ഗത്തിൽ എത്തുന്നതുവരെ അവരെ പഠിപ്പിക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

കുട്ടികളെ തെരഞ്ഞെടുക്കുന്നതും അവർക്കുള്ള സഹായധനം വിതരണം ചെയ്യുന്നതും ഓരോ ഇടവകയിലേയും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും കമ്മിറ്റിക്കാരും ഉൾപ്പെടുന്ന സമിതിയാണ്. ഇടവകയിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും ഇതിൽ ഭാഗഭാക്കാകുന്നു. പണം ചെക്കായി രൂപതാ കേന്ദ്രത്തിൽ നിന്ന് അതാത് പള്ളിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് അയയ്ക്കുന്നത്. അത് പള്ളിക്കണക്കിൽ വരവ് വച്ച ശേഷം ഒന്നോ രണ്ടോ ഗഡുക്കളായി കുട്ടികൾക്ക് വിതരണം ചെയ്യുകയും പള്ളിക്കണക്കിൽ ചെലവെഴുതുകയും ചെയ്യുന്നു. പണം കുട്ടികൾക്ക് പുസ്തകം, വസ്ത്രം, കുട, ചെരുപ്പ് തുടങ്ങിയവ വാങ്ങാൻ ഉപയോഗിക്കുന്നു എന്ന് അവർ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പണം മറ്റ് കാര്യങ്ങൾക്ക് ഉപയോഗിച്ചാൽ പിറ്റേ വർഷം മുതൽ സഹായം കൊടുക്കുന്നതുമല്ല.

സഹായധനം ലഭിയ്ക്കുന്ന കുട്ടികളുടെ കാര്യത്തിൽ അതാത് ഇടവകകളിൽ സേവനമനുഷ്ഠിക്കുന്ന സിസ്റ്റേഴ്സിന് പ്രത്യേക ശ്രദ്ധയുണ്ടായിരിക്കണം. അവരുടെ വീടുകൾ ഇടയ്ക്കിടെ അവർ സന്ദർശിക്കുകയും അവരുടെ പഠനനിലവാരം വിലയിരുത്തുകയും ആവശ്യമായ വിവരങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും കമ്മിറ്റിക്കാരേയും അറിയിക്കുകയും ചെയ്യണം. ആ കുടുംബങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിയിലും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കഴിഞ്ഞ വർഷം രൂപതാ കേന്ദ്രത്തിൽ നിന്ന് നടത്തുന്ന പദ്ധതിയ്ക്കായി 9,74,143 രൂപയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നടത്തുന്ന പദ്ധതിക്കായി 3,85,600 രൂപയും കിട്ടി. അതിൽ രൂപതാ കേന്ദ്രത്തിലെ പദ്ധതിയിൽ നിന്ന് 9,55,700 രൂപയും സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 3,36,000 രൂപയും വിതരണം ചെയ്തു. ആകെ 12,91,700 രൂപയാണ് വിതരണം ചെയ്തത്. രൂപതാകേന്ദ്രത്തിൽ നിന്നും നടത്തുന്ന പദ്ധതിക്കായി 585 കുട്ടികൾക്കും സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 232 കുട്ടികൾക്കും സഹായം കിട്ടി.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ 60 കുട്ടികൾക്കായി 3,87,120 രൂപയാണ് കൊടുത്തത്. അതുപോലെ കോഴിക്കോട് സ്റ്റാർട്ട് എന്ന

സ്ഥാപനത്തിൽ ഒരു കുട്ടിയ്ക്ക് പഠിക്കാനായി 30000 രൂപാ കൊടുത്തിട്ടുണ്ട്. നേഴ്സിംഗ് പഠനത്തിനായി സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 3 കുട്ടികൾക്ക് 60000 രൂപായും കൊടുത്തു. അങ്ങനെ മൊത്തം 12,91,700 രൂപാ നമ്മൾ കഴിഞ്ഞ വർഷം വിദ്യാഭ്യാസ സഹായനിധി കൊടുത്തിട്ടുണ്ട്. ഇതിലേയ്ക്ക് സംഭാവനകൾ നൽകിയ എല്ലാവരേയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. നിങ്ങളുടെ ഈ സംഭാവനകൾ നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളായി മാറും.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ അതിൽ നിന്ന് കരകയറ്റുവാനുള്ള ഏറ്റവും പറ്റിയ മാർഗ്ഗം അവരുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുകയാണ് എന്ന ബോധ്യത്തിൽ നിന്നാണ് ഇപ്രകാരമൊരു പദ്ധതിയ്ക്ക് രൂപം കൊടുത്തത്. ചെറുകിട കർഷകർക്ക് കൃഷിയിൽ നിന്നുള്ള വരുമാനം കൊണ്ട് ഇനി ജീവിതം മുന്നോട്ട് നീക്കാൻ കഴിയുകയില്ല എന്നത് ഒരു വസ്തുതയാണ്. കാലക്രമത്തിൽ കൃഷിയും ഒരു വ്യവസായമായി മാറുകയും കൃഷി ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞു വരുകയും ചെയ്യും എന്നതും ഉറപ്പായ കാര്യമാണ്. ആ സാഹചര്യത്തിൽ വ്യാവസായിക-സേവന മേഖലകളിൽ ജോലി ചെയ്യുന്നതിന് ആവശ്യമായ പരിശീലനം ലഭിച്ചവർക്കായിരിക്കും മുൻഗണന. അതില്ലാത്തവർ തീർത്തും നിർദ്ധനർ ആയിത്തീരുന്ന അവസ്ഥ സംജാതമാകും. അങ്ങനെ വന്നാൽ അത് സമൂഹത്തിൽ വലിയ കലഹങ്ങൾക്കും അസ്വസ്ഥതകൾക്കും കളവിനും കൊള്ളയ്ക്കും കൊലപാതകങ്ങൾക്കും എല്ലാം കാരണമാകും. അതുകൊണ്ട് പണമുള്ളവരുടെ നിലനിൽപ്പിന്റെ പ്രശ്നം കൂടിയാണ് പാവപ്പെട്ടവരെ സാമ്പത്തികമായി ഉയർത്തുക എന്നത്.

പല മാർഗ്ഗങ്ങളിലൂടെയാണ് നമ്മുടെ പദ്ധതികൾക്കുള്ള പണം കണ്ടെത്തുന്നത്. അതിൽ ഒന്നാമത്തേത് ഓരോ വർഷവും നമ്മൾ ഇടവകകളിൽ നിന്ന് എടുക്കുന്ന ഒരു പൊതുപണസമാഹരണമാണ്. ജനുവരി മാസത്തിലെ അവസാന ഞായറാഴ്ചയാണ് ഇത് സമാഹരിക്കുന്നത്. രണ്ടാമത്തെ മാർഗ്ഗം വ്യക്തികളും സമൂഹങ്ങളും തരുന്ന തുകകളാണ്. തങ്ങൾക്ക് ദൈവം തന്ന സമ്പത്തിൽ നിന്ന് ഒരു ഭാഗം അവശതയനുഭവിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നീക്കി വയ്ക്കുന്ന ധാരാളം പേരുണ്ട്. പ്രത്യേകിച്ചും ഏതെങ്കിലും ആഘോഷാവസരങ്ങൾ വരുമ്പോൾ പലരും ഇങ്ങനെ ചെയ്യുന്നുണ്ട്. ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾ തങ്ങൾക്ക് കിട്ടുന്ന സമ്മാനങ്ങളിൽ ഒരു ഭാഗം ഈ

നല്ല കാര്യത്തിനായി നീക്കി വയ്ക്കുന്നുണ്ട്. ഇതിനായി ബഹുമാനപ്പെട്ട വൈദികരും മാതാപിതാക്കളും അവരെ പ്രോത്സാഹിപ്പിക്കണം. ഇടവകകളിൽ നടത്തുന്ന തിരുനാൾ അവസരങ്ങളിൽ അതിന് ചെലവാക്കുന്ന തുകയുടെ ഒരു ഭാഗം വിദ്യാഭ്യാസ നിധിയിലേക്ക് തരുന്ന ഇടവകകൾ ഉണ്ട്. ഓരോ ഇടവകയും അവരുടെ തിരുനാൾ ബഡ്ജറ്റിന്റെ അഞ്ച് ശതമാനമെങ്കിലും ഇപ്രകാരം നീക്കി വയ്ക്കണം എന്നാണെന്റെ അഭ്യർത്ഥന. നിങ്ങൾക്കത് വലിയ ദൈവാനുഗ്രഹത്തിന് കാരണമാകും. നമ്മുടെ കണ്ണിനും കാതിനും മനസ്സിനുമെല്ലാം ഇമ്പം പകരുമെങ്കിലും ദൈവത്തിന് പ്രീതികരമായിട്ടുള്ളത് നമ്മുടെ ആഘോഷങ്ങളല്ല എന്ന കാര്യം നാം വിസ്മരിക്കരുത്.

ഈ വർഷം ജനുവരി 31 ന് ഞായറാഴ്ചയാണ് വിദ്യാഭ്യാസനിധിയിലേയ്ക്കുള്ള സംഭാവനകൾ സമാഹരിക്കേണ്ടത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളികളിൽ അറിയിക്കുകയും ആ ദിവസം ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ച് തരുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങൾ ഏവരുടെയും ഉദാരമായ സംഭാവനകൾ ഞാൻ പ്രതീക്ഷിക്കുന്നു. ഏവർക്കും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2009 ഡിസംബർ മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ജനുവരി 10 -ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

## 2010 ജനുവരി 15 കാർഷികദിനം
## ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

എല്ലാവർഷവും ജനുവരി മാസം 15-ാം തീയതി കർഷകദിനമായി ആചരിക്കാൻ കേരളത്തിലെ കത്തോലിക്കാ മെത്രാൻ സമിതി തീരുമാനിച്ച വിവരം നിങ്ങളെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്. അക്ഷരാർത്ഥത്തിൽ നെറ്റിയിലെ വിയർപ്പുകൊണ്ട് തനിക്കും ഭൂഗോളം മുഴുവനുമുള്ള തന്റെ സഹോദരങ്ങൾക്കുമായി അപ്പം ഒരുക്കുന്ന കർഷകനെ നന്ദിയോടെ ഓർമ്മിക്കാനും നിരന്തരം അവഗണിക്കപ്പെടുന്ന കർഷകന്റെ അവകാശങ്ങൾ നേടിയെടുക്കാനുള്ള സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്വം ഓർമ്മിക്കാനുമുള്ള അവസരമായിട്ടാണ് സഭ കാർഷികദിനം ആചരിക്കുന്നത്.

ദൈവം മനുഷ്യനു നൽകിയ ഉത്തരവാദിത്വങ്ങളിൽ പ്രഥമഗണനീയമായത് ഭൂമിയിൽ അധ്വാനിച്ച് ധാന്യം വിളയുന്ന ചെടികളും ഭക്ഷണത്തിനായി പഴങ്ങൾ കായ്ക്കുന്ന ചെടികളും ഉൽപ്പാദിപ്പിക്കാനാണ്. ജീവശ്വാസമുള്ള സകലതിനും ആഹാരമായി ഹരിതസസ്യങ്ങൾ വളർത്തേണ്ടതും മനുഷ്യന്റെ ഉത്തരവാദിത്വമായിരുന്നു എന്ന് ഉൽപ്പത്തി പുസ്തകം സാക്ഷ്യപ്പെടുത്തുന്നു (1:29-30). ഈ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ മനുഷ്യനെ ദൈവം ഭരമേൽപ്പിച്ച പ്രഥമവും പ്രധാനവുമായ ജോലി കാർഷികവൃത്തിയായിരുന്നു എന്നു കരുതാവുന്നതാണ്. കാർഷികവൃത്തി കൂടാതെ പ്രപഞ്ചത്തിൽ ജീവൻ പരിരക്ഷിക്കപ്പെടില്ല എന്ന സത്യമാണ് ഇതിലൂടെ ദൈവം വെളിപ്പെടുത്തുന്നത്.

ഈ പ്രപഞ്ചത്തിൽ ജീവന്റെ മുകുളങ്ങളൊരുക്കിയ ദൈവമാണ് ഭൂമിയിലെ ആദ്യത്തെ കർഷകൻ. രൂപരഹിതവും ശൂന്യവുമായിരുന്ന ഈ ഭൂമിയെ തന്റെ കരവേലയാൽ പറുദീസയാക്കിമാറ്റിയ ദൈവമെന്ന ആദി കർഷകനിൽ വിശ്വസിക്കുന്നവരാണ് ക്രൈസ്തവരായ നാം. മനുഷ്യകുലമൊന്നാകെ ദൈവം ആരംഭിച്ച പ്രവർത്തി തുടരുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. കൃഷിഭൂമിയിലെ മനുഷ്യന്റെ അധ്വാനത്തെ അനു

ഗ്രഹിച്ചുകൊണ്ട് ആദികർഷകനായ ദൈവം കർഷകനോടൊത്ത് സദാ വ്യാപരിക്കുന്നതായി വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ദൈവത്തെ കർഷകനായി അവതരിപ്പിക്കുന്ന 65-ാം സങ്കീർത്തനം ശ്രദ്ധേയമാണ്. സങ്കീർത്തകന്റെ ഭാഷയിൽ, ഭൂമിയെ നനച്ചു ഫലഭൂയിഷ്ഠമാക്കുന്നതും ഉഴവുചാലുകളിലെ കട്ടയുടച്ചു നീക്കി കുതിർക്കുന്നതും വിത്തിൽ നിന്ന് മുകുളങ്ങൾ ഉയർത്തുന്നതും മരുപ്രദേശത്തെ സമൃദ്ധിയുടെ വിളവു നൽകുന്നതും താഴ്‌വരകളെ ധാന്യം കൊണ്ടു മൂടുന്നതും ദൈവമാണ്. ഇപ്രകാരം ഏറ്റുപറയുന്നതിലൂടെ കർഷകന്റെ കരങ്ങളിലൂടെ അധ്വാനിക്കുന്നത് ദൈവം തന്നെയാണെന്ന സത്യമാണ് സങ്കീർത്തകൻ ഏറ്റു പറയുന്നത്.

മനുഷ്യന്റെ പാപംമൂലം കൃഷിഭൂമി ഊഷരമാകുമെന്നും (ഉൽപ. 4:12) ഭൂമിയുടെ മേലുള്ള അവകാശം നഷ്ടമാകുമെന്നും തിരുവചനം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആദവും ഹവ്വായും തെറ്റു ചെയ്തപ്പോൾ ദൈവം നട്ടുനനച്ചു വളർത്തിയ സമൃദ്ധിയുടെ ഏദേൻ തോട്ടത്തിൽ നിന്നും പുറത്തുപോകേണ്ടിവന്നു. ഇസ്രായേൽ ജനം തിന്മ പ്രവർത്തിച്ച് ദൈവത്തിൽ നിന്ന് അകന്നപ്പോൾ അവർക്ക് തേനും പാലും ഒഴുകുന്ന ദൈവത്തിന്റെ വാഗ്ദത്തനാട് നഷ്ടപ്പെട്ട് ബാബിലോണിലേക്ക് വിപ്രവാസികളായി പോകണ്ടി വന്നു. മനുഷ്യന്റെ ആദ്ധ്യാത്മികതയും അവന്റെ കൃഷിഭൂമിയും തമ്മിലുള്ള അഭേദ്യബന്ധമാണ് വി. ഗ്രന്ഥം ഇവിടെ എടുത്തു കാണിക്കുന്നത്.

ദൈവദത്തവും പരിപാവനവുമായ കാർഷികവൃത്തിയിലൂടെ ലോകത്തിനു മുഴുവൻ അന്നം നൽകുന്ന കർഷകന് അർഹമായ പരിഗണന നൽകാൻ സർക്കാരും സമൂഹവും പലപ്പോഴും തയ്യാറാകുന്നില്ല എന്നത് സത്യമാണ്. ഇതരമേഖലയിലെ തൊഴിലാളികളുടെ സംഘടിത ശക്തിക്കു മുന്നിൽ ക്രിയാത്മകമായി പ്രതികരിക്കുന്ന സർക്കാർ സംവിധാനങ്ങൾ അസംഘടിതരായ കർഷകരുടെ ന്യായമായ അവകാശങ്ങൾപോലും അവഗണിക്കുന്നു എന്നത് ദു:ഖകരമാണ്. സംഘടിത തൊഴിലാളികൾ ജീവിതചെലവ് കൂടുന്നതനുസരിച്ച് ശമ്പളവർദ്ധന നേടുമ്പോൾ, കാർഷിക ചെലവും കർഷകന്റെ ജീവിതചെലവും പലമടങ്ങ് വർദ്ധിക്കുകയും പല കാർഷികോല്പന്നങ്ങളുടേയും വില നേർപകുതിയായി കുറയുകയം ചെയ്തിട്ടും കർഷകനെ സഹായിക്കുന്നതിൽ ഭരണകൂടങ്ങൾ ഉദാസീനത കാണിക്കുന്നു.

കാർഷിക മേഖലയിൽ വർദ്ധമാനമാകുന്ന പ്രതിസന്ധിയെ നേരിടാനും കർഷകരുടെ സങ്കടങ്ങൾക്ക് പരിഹാരം കാണുന്നതിനും കക്ഷി

രാഷ്ട്രീയ ജാതിമതഭേദമെന്യേ നാം ആരംഭിച്ച കർഷക പ്രസ്ഥാനമാണ് ഇൻഫാം - ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ്. 2001 ജൂലൈ 8-ാം തീയതി കേരളത്തിലെ കത്തോലിക്കാ വൈദീകമേലദ്ധ്യക്ഷന്മാർക്കു വേണ്ടി അന്നത്തെ KCBC ചെയർമാൻ മോസ്റ്റ് റവ.ഡോ. ഡാനിയേൽ അച്ചാരു പറമ്പിൽ പുറപ്പെടുവിച്ച ഇടയലേഖനത്തിലൂടെയാണ് കേരളത്തിൽ ഇൻഫാം രൂപം കൊണ്ടത്. എളിയ തോതിൽ ആരംഭിച്ച ഈ പ്രസ്ഥാനത്തിന് കാർഷിക മേഖലയിൽ ശ്രദ്ധേയമായ പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞു. നിരന്തരം അവഗണിക്കപ്പെടുന്ന കർഷകരുടെ പ്രശ്നങ്ങളിലേക്ക് സർക്കാരും രാഷ്ട്രീയ കക്ഷികളും സത്വര ശ്രദ്ധ പതിക്കാൻ ഇൻഫാമിന്റെ പ്രവർത്തനം കാരണമായി. ഇൻഫാമിന്റെ കീഴിൽ ആരംഭിച്ച സ്വാശ്രയസംഘങ്ങളിലൂടെ മത-രഷ്ട്രീയ വ്യത്യാസങ്ങൾക്കതീതമായി കർഷകരെ ഒരു കുടക്കീഴിൽ അണിനിരത്താൻ ഇൻഫാമിന് കഴിഞ്ഞു.

രാജ്യത്തെ ഭൂരിപക്ഷം വരുന്ന കർഷകരുടെ സ്ഥാനവും കാർഷിക വൃത്തിയുടെ മഹത്വവും ഉയർത്തിക്കാട്ടുവാൻ ഇൻഫാമിനു കഴിഞ്ഞു. ജനാധിപത്യത്തിൽ സംഘടിത ശക്തിയിലൂടെ മാത്രമേ കാര്യങ്ങൾ നേടിയെടുക്കുവാൻ കഴിയൂ. രാഷ്ട്രീയത്തിന്റേയും വർഗ്ഗീയതയുടേയും പേരിൽ വിഭജിക്കപ്പെട്ട കർഷക സമൂഹത്തിന്റെ അവകാശങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുകയായിരുന്നു പതിവ്. എന്നാൽ സ്വതന്ത്ര കർഷക സംഘടനയായ ഇൻഫാമിന്റെ ആവിർഭാവത്തോടെ ഈ അവസ്ഥയ്ക്ക് ഗണ്യമായ മാറ്റം സംഭവിച്ചു. എന്നാൽ കർഷകന്റെയും കാർഷിക മേഖലയുടെയും സുപ്രധാനമായ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടാതെ ഇനിയും അവശേഷിക്കുന്നു. കാർഷിക വൃത്തിയോടുള്ള ആഭിമുഖ്യം വളർത്താനും ഗവൺമെന്റിന്റെ നിരവധിയായ കാർഷിക പദ്ധതികൾ കർഷകരെ പരിചയപ്പെടുത്തുവാനും ഏറ്റെടുത്തു നടത്തുവാനും, പുതിയ കൃഷി രീതികൾ കർഷകരെ പരിശീലിപ്പിക്കുവാനും ഇൻഫാമിനു സാധിക്കും. ജൈവകൃഷിയുടെ മേന്മയും അനന്തമായ സാധ്യതയും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കർഷകരെ പ്രാപ്തരാക്കേണ്ടതുണ്ട്.

കാർഷിക വൃത്തിയുടെ മഹത്വം ഉയർത്തിക്കാണിക്കുന്നതിനും മാനവസമൂഹത്തിന് മുഴുവൻ ഭക്ഷണം നൽകുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് കെ.സി.ബി.സി. യുടെ നേതൃത്വത്തിൽ ജനുവരി 15 കർഷകദിനമായി ആചരിക്കുന്നത്. വിളവെടുപ്പിന്റെയും പുതിയ കൃഷി ഇറക്കാൻ ഒരുങ്ങുന്നതിന്റേയും അവസരമാണല്ലോ ഈ

നാളുകൾ. അതിനാലാണ് കർഷക ദിനമായി എല്ലാ വർഷവും ജനുവരി 15 ആചരിക്കാൻ കെ.സി.ബി.സി. തീരുമാനിച്ചത്.

താഴെ പറയുന്ന പരിപാടികളോടെ ഈ ദിനം ഫലപ്രദമായി ആചരിക്കാവുന്നതാണ്.

1. കെ.സി.ബി.സി. യുടെ നേതൃത്വത്തിലുള്ള കർഷക പ്രസ്ഥാനമായ ഇൻഫാമിന്റെ പതാക എല്ലാ ഇടവകകളിലും ഈ ദിവസം ഉയർത്തുക.
2. പൊതു സമ്മേളനങ്ങളും, കാർഷിക സെമിനാറും ഇടവക, പഞ്ചായത്ത്, ഫൊറോന, ജില്ല, രൂപതാതലത്തിൽ നടത്തുക.
3. നല്ല കർഷകനെ ആദരിക്കുക.
4. ഇൻഫാം ഇല്ലാത്ത ഇടവകകളിൽ ഇൻഫാമിന്റെ ഒരു യൂണിറ്റ് സ്ഥാപിക്കുക.
5. ഫലപ്രദർശനം, കാർഷിക മേള എന്നിവ നടത്തുക.

നമ്മുടെ എല്ലാവരുടെയും സഹകരണത്തിന്റെയും പ്രോത്സാഹനത്തിന്റേയും ഫലമായി കൃഷിയും കർഷകരും അനുഭവിക്കുന്ന രൂക്ഷമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ഈ കർഷക ദിനം നമ്മെ സഹായിക്കട്ടെ. കൃഷിയും കർഷകരും ഇന്നനുഭവിക്കുന്ന അവഗണനയ്ക്ക് അന്ത്യം കുറിച്ച് പുതിയ കാർഷിക സംസ്കാരത്തിന് നമുക്ക് രൂപം കൊടുക്കാം.

എന്ന്,

**ആർച്ചുബിഷപ് മാർ ജോർജ് വലിയമറ്റം**

ഇൻഫാം ദേശീയ രക്ഷാധികാരി

---

**NB:- ഈ സർക്കുലർ 2010 ജനുവരി 10-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

## മദ്യവിരുദ്ധ ഞായർ 2010 ജനുവരി 24

### കെ. സി. ബി. സി. മദ്യവിരുദ്ധ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

സ്നേഹമുള്ള സഹോദരീ സഹോദരങ്ങളേ,

ഈ വർഷം ജനുവരി 24-ാം തീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുന്നു. മദ്യവിമുക്ത ജീവിതത്തിലേയ്ക്ക് ആളുകളെ ആകർഷിക്കും വിധം പോസ്റ്ററുകൾ, ബാനറുകൾ, സെമിനാർ, റാലി, പ്രതിരോധധർണ്ണകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ച് ഈ ദിവസം ഫലപ്രദമാക്കണമെന്ന് രൂപതാ സമിതികളോട് അഭ്യർത്ഥിക്കുന്നു.

മദ്യോപയോഗം ദിനംപ്രതി വർദ്ധിക്കുന്നതായി വാർത്താമാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. ഓണം, ക്രിസ്തുമസ് മുതലായ ആഘോഷാവസരങ്ങളിൽ ഈ വർദ്ധന പ്രത്യേകം ശ്രദ്ധേയമാകുന്നു. കൗമാരപ്രായത്തിലും യുവജനങ്ങളിലും മദ്യോപയോഗം ഏറിവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മദ്യപിക്കുന്നവരുടെ ശരാശരി വയസ്സ് 18 -ൽ നിന്ന് 13 ആയി താണിരിക്കുന്നു. മദ്യപാനം ആരംഭിക്കാൻ പല കാരണങ്ങൾ പറയാനുണ്ടെങ്കിലും ഇന്നു കാണുന്ന അമിത വർദ്ധനയ്ക്ക് പ്രധാന കാരണം മദ്യം എവിടെയും എപ്പോഴും ആർക്കും സുലഭമാണെന്നതു തന്നെ. എളുപ്പത്തിൽ കിട്ടുന്നത്, ഏറെ കുടിക്കാൻ പ്രേരണയാകുന്നു. ഏറെ ആളുകൾ കുടിക്കുന്നുവെന്നത് കൂടുതൽ കൂടുതൽ മദ്യം ലഭ്യമാക്കാൻ സർക്കാരിനെ പ്രേരിപ്പിക്കുന്നുവെന്നും വാദിക്കുന്നവരുണ്ട്. കക്ഷിപരിഗണനക്കതീതമായി എല്ലാ രാഷ്ട്രീയക്കാരും മദ്യത്തിന്റെ ഉത്പാദന വിതരണ മേഖലകളിൽ അതീവ തല്പരരാണ്. മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിൽ അവർ വലിയ പങ്കു വഹിക്കുന്നു.

എന്നാൽ, പവിത്രമായ ഇന്ത്യൻ ഭരണഘടനയിൽ വിശ്വസിക്കുന്നവർക്കു ഈ മദ്യവർദ്ധനയ്ക്ക് അനുകൂലമായി ചിന്തിക്കാൻ കഴിയുകയില്ല. കാരണം, രാഷ്ട്രത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അടിസ്ഥാനമായിരിക്കുന്നതും എല്ലാറ്റിനെയും നിയന്ത്രിക്കുന്നതുമായ ഭരണഘടന ഇതു വിലക്കിയിരിക്കുന്നു. ആർട്ടിക്കിൾ 47 അനുസരിച്ച് ഔഷ

ധാവശ്യങ്ങൾക്കല്ലാതെ മദ്യം ഉണ്ടാക്കുകയോ കൈവശം വയ്ക്കുകയോ വിതരണം ചെയ്യുകയോ പാടില്ല. കാരണം, ഇതു ആരോഗ്യത്തിനു ഹാനികരമായ വസ്തുവാണ്. മദ്യത്തിലെ മുഖ്യാംശം ഈതൈൽ ആൽക്കഹോളാണ്. മനുഷ്യനെ കൊല്ലാൻ പറ്റുന്ന വിഷമാണിത്. ഉപയോഗിക്കുന്നവൻ സാവകാശം മരിക്കുന്നു. മദ്യപിച്ചു മരിക്കുന്നവരുടെ ശരാശരി വയസ്സ് 30 ആയി താണിരിക്കുന്നു. ഒരു ജനതയുടെ ആരോഗ്യഹാനിക്കു നേരിട്ടു പങ്കു വഹിക്കാവുന്ന മദ്യമെന്ന ഈ വിഷത്തിന്റെ ഉത്പാദനവും വിതരണവും ജനക്ഷേമമാഗ്രഹിക്കുന്ന സർക്കാർ പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഇങ്ങനെ ചെയ്യുന്ന സർക്കാർ ഭരണഘടനാലംഘനം നടത്തുന്നു.

രാജ്യത്തെ പൗരന്റെ ആരോഗ്യം സംരക്ഷിക്കേണ്ട ചുമതലയുള്ള സർക്കാർ തന്നെ വിപരീതമായി ആരോഗ്യം നശിപ്പിക്കുന്ന വിഷ വസ്തു ഉണ്ടാക്കാനും വിതരണം ചെയ്യാനും തുനിയുന്നത് അതിഗൗരവമായ തെറ്റാണ്. മദ്യപാനത്തിന്റെ അതിദാരുണമായ ദുഷ്ഫലങ്ങൾ അനുഭവിക്കുന്ന ആളുകൾ ഒരുമിച്ചിതിനെ എതിർക്കണം. ഇതു തടയാൻ കോടതിക്കു കഴിയും. മദിപ്പിക്കുന്ന വസ്തുവാണ് മദ്യം. ഇത് ഞരമ്പുകളെ തളർത്തി, ബുദ്ധിയെ മന്ദിപ്പിച്ച്, മനുഷ്യനെ മൃഗമാക്കുന്നു. മദ്യമുണ്ടാക്കാൻ ഇന്ത്യയിലെ ഒരു വ്യക്തിക്കും അധികാരമോ അവകാശമോ ഇല്ല. ഒരു സർക്കാരിനും ഇതു അനുവദിക്കാനാവില്ല എന്ന് 1975-ൽ സുപ്രീം കോടതി വ്യക്തമാക്കി വിധി പ്രസ്താവിച്ചിട്ടുണ്ട്. ഇതേ വർഷം തന്നെ ഭരണഘടനാബഞ്ച്, മദ്യമുണ്ടാക്കുകയോ വച്ചു സൂക്ഷിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നത് ആരുടെയും സർക്കാരിന്റെ പോലും മൗലികാവകാശമല്ലെന്നു പ്രഖ്യാപിച്ചിട്ടുണ്ട് (1975 (1) Sec. 19). ഒപ്പം മദ്യത്തിന്റെ ഉത്പാദന-വിതരണ- ഉപയോഗങ്ങൾ തടയുവാൻ, ഭാരതത്തിലെ എല്ലാ പൗരന്മാർക്കും, അവകാശവും ബാധ്യതയുമുണ്ടെന്നും വിശദീകരിച്ചുകൊണ്ടാണ് ഈ വിധി നൽകിയത്. വീണ്ടും അതേ വർഷം മറ്റൊരു വിധിയിൽ പറയുന്നു മദ്യപാനം ദാരിദ്ര്യവും കുറ്റങ്ങളും (Liquor Trafficing is a source of Crime & Pan Person)വർദ്ധിപ്പിക്കുന്നുവെന്ന് (1975 (7) Sec P. 758) ഭരണഘടനയിലെ ആർട്ടിക്കിൾ 141, 142 പ്രകാരം മേൽപ്പറഞ്ഞ വിധി രാജ്യത്തിന്റെ നിയമമാണ്. വകുപ്പ് 51 A പ്രകാരം എല്ലാ പൗരന്മാരും, ദാരിദ്ര്യത്തിനും കുറ്റങ്ങൾക്കും കാരണമാകുന്ന വസ്തു ഉന്മൂലനം ചെയ്യാൻ ബാധ്യസ്ഥനാണ്. ഭരണഘടനയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിനും, അതു സർക്കാരാകട്ടെ, പ്രാദേശിക ഭരണകൂടമാകട്ടെ, ദാരിദ്ര്യത്തിനും, കുറ്റങ്ങൾക്കും

നിദാനമായ വസ്തുവിനെ നിയമപര (Legalise) മാക്കാനവകാശമില്ല. കേരള ഹൈക്കോടതിയിലെ ഒരു ഡിവിഷൻ ബഞ്ച് 1984-ൽ മദ്യവ്യാപാരം ഉപദ്രവകരവും അപകടകരവുമായ വസ്തുവിന്റെ വിനിമയമാണെന്നു പ്രഖ്യാപിച്ചു.

1986 (KCT 1265). വിധിയിൽ മദ്യപിക്കാനോ മദ്യം വാങ്ങാനോ ഒരുമ്പെട്ടു പോകുന്ന ഒരാളെ അതിൽ നിന്ന് പിന്തിരിപ്പിക്കുകയോ തടയുകയോ ചെയ്യുന്നത് കുറ്റകരമല്ലെന്ന് 1986-ൽ കെ.റ്റി. തോമസ് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യം വിൽക്കാനോ വാങ്ങാനോ അതിനു പറ്റിയ കട നടത്താനോ ഒരു പൗരനും മൗലികാവകാശമില്ല. ഇത്തരം പ്രവൃത്തികൾക്ക് നിയമപരമോ ധാർമ്മികമോ ആയ അടിസ്ഥാനമില്ല. കാരണം ഒന്നേയുള്ളു. മദ്യം ആരോഗ്യത്തിന് ഹാനികരമായ വസ്തുവാണ്. ആരോഗ്യത്തിനു ഹാനികരമെന്നതിലുപരി മദ്യം കുറ്റകൃത്യങ്ങൾക്കു പ്രേരിപ്പിക്കുന്ന ഒരു വസ്തുവും കൂടിയാണ്. മദ്യം ഉള്ളിൽ ചെന്ന് അധികം വൈകാതെ തന്നെ ലഹരി തലയ്ക്കു പിടിച്ച് മനുഷ്യന്റെ മനഃസ്വാതന്ത്ര്യം നഷ്ടപ്പെട്ട്, കാട്ടികൂട്ടുന്ന വിക്രിയകൾ ആർക്കാണറിയാത്തത്? ഡ്രൈവറില്ലാതെ ഓടുന്ന വാഹനം പോലെയാണ് മദ്യപിച്ചവൻ. അവനും മറ്റുള്ളവർക്കും വരുത്തുന്ന നാശവും കുറ്റകൃത്യങ്ങളും അതിഗുരുതരവും ഊഹാതീതവുമാണ്. മദ്യലഹരിയിൽ നരഹത്യമുതൽ ആത്മഹത്യവരെ, അനേകം കുറ്റങ്ങൾ ചെയ്യപ്പെടുന്നുണ്ട്.

ലഹരി ഉപയോഗവും നിയമലംഘനവും തമ്മിലും വലിയ ബന്ധമുണ്ട്. നിയമം ലംഘിച്ചു ചെയ്യുന്ന പല സംഭവങ്ങളിലും മദ്യത്തിന്റെ വിളയാട്ടമുണ്ട്. കൂലിത്തല്ല്, ഭവനഭേദനം, കൊലപാതകം എന്നു വേണ്ട, കൂട്ട ബലാൽസംഗം വരെ നടക്കുന്നതു മദ്യ ലഹരിയിലാണ്. അനവധി പത്രവാർത്തകൾ ഇത് തെളിയിക്കുന്നു. ഒരു കുപ്രസിദ്ധ സ്ത്രീപീഡന കേസിൽ ശിക്ഷിക്കപ്പെട്ട 35 പേരും മദ്യലഹരിയിലായിരുന്നു. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണല്ലോ തിരഞ്ഞെടുപ്പു ദിവസങ്ങളിൽ സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. ഇലക്ഷന്റെ അന്നും തലേദിവസവും സംസ്ഥാനത്തെ അല്ലെങ്കിൽ മണ്ഡലത്തിലെ എല്ലാ ഷാപ്പുകളും അടച്ചു പൂട്ടിയിരിക്കണമെന്നത് നിർബന്ധമുള്ള കാര്യമാണ്. മഹാത്മാഗാന്ധിയുടെയും ശ്രീ നാരായണഗുരുവിന്റെയും ജന്മ, സമാധി ദിവസങ്ങളുടെ പാവനമായ ആചരണത്തിനും ഷാപ്പുകളടച്ച് മദ്യലഭ്യത നിരോധിക്കുന്നില്ലേ, സർക്കാർ?

1947-ൽ തിരുക്കൊച്ചിയിൽ മദ്യനിരോധന നിയമം നിലവിലിരുന്നു. മലബാർ, മദ്രാസ് പ്രവിശ്യയിലുൾപ്പെട്ടിരുന്നതിനാൽ 937 മുതൽ അവി

ടെയും മദ്യനിരോധന നിയമുണ്ടായിരുന്നു (Malabar Prohibition Act of 1937). തിരുക്കൊച്ചി സംസ്ഥാനത്ത് എല്ലാ വിധ ലഹരിവസ്തുക്കളും (Liquor) നിരോധിച്ചുകൊണ്ട് TC Prohibitions Act of 1950 തിരുക്കൊച്ചി പ്രജാസഭ പാസ്സാക്കിയിരുന്നു. ഈ നിയമം 1960–ൽ Act 25 ആയി കേരള സംസ്ഥാനത്ത് പരിഷ്കരിച്ചിരുന്നു. 1967 വരെ ഈ നിയമം തുടർന്നിരുന്നു. നിയമ വിരുദ്ധമായ ഒരു നടപടി ക്രമത്തിലൂടെ 1967 ഏപ്രിൽ 28–ന് സർക്കുലറുപയോഗിച്ച് 30 വർഷം നിലവിലിരുന്ന മദ്യ നിരോധനം ഇ.എം.എസ്. സർക്കാർ പിൻവലിച്ചു. 1967 മുതലുള്ള കാലഘട്ടത്തിൽ കുറ്റകൃത്യങ്ങളും വാഹനാപകടങ്ങളും അതിനു മുമ്പുണ്ടായിരുന്ന 30 വർഷത്തേക്കാൾ അനേകം മടങ്ങു വർദ്ധിച്ചതായി പോലീസിന്റെയും ക്രിമിനൽ കോടതിയുടേയും രേഖകൾ പരിശോധിച്ചാലറിയാം.

1970, 80, 90, 2000 എന്നീ നാലു ദശകങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ ഉണ്ടാക്കിയ മദ്യത്തിലും ഉപയോഗിച്ച ആളുകളുടെ എണ്ണത്തിലും ഉണ്ടായ വർദ്ധന അതിഭീമവും ഭീകരവുമാണ്. വർദ്ധിച്ച മദ്യദുരന്തങ്ങൾ വാഹനാപകടങ്ങൾ, പെരുകിയ കുടുംബ കലഹങ്ങൾ തത്ഫലമായുണ്ടായ ആത്മഹത്യകൾ, കർഷക ആത്മഹത്യകൾ ഇവയുടെയെല്ലാം പിന്നിൽ മദ്യപാനമായിരുന്നു വില്ലൻ.

മദ്യം ആരോഗ്യത്തിന് ഹാനികരമാണെന്ന് സർക്കാരും സമ്മതിക്കുന്നു. ഈ വസ്തു മാരകമാണെന്നും വിഷകരമാണെന്നും അർത്ഥം വരുന്ന "Noxious & deleterious" എന്നീ രണ്ടു വാക്കുകളിലൂടെയാണ് ഇക്കാര്യം ഭരണഘടനയിൽ വിവക്ഷിച്ചിരിക്കുന്നത്. മദ്യമുപയോഗിക്കുന്നവൻ തന്റെ ആരോഗ്യത്തിനു മാത്രമല്ല, താനുൾപ്പെടുന്ന വിശാലസമൂഹത്തിന്റെയും ആരോഗ്യത്തിന് ശാരീരികവും മാനസികവും ആത്മീയവുമായ ആരോഗ്യഹാനി വരുത്തുന്നു. രാഷ്ട്രത്തിലെ പൗരന്മാരുടെ മന:സ്സാക്ഷിക്കു രൂപം നൽകുന്ന ഭരണഘടന ഒരു സുപ്രധാന നിർദ്ദേശം വഴി, ലഹരി പിടിപ്പിക്കുന്ന മദ്യത്തിന്റെ ഉത്പാദനം, മിശ്രണം, കൈവശം സൂക്ഷിക്കൽ, കൊണ്ടുപോകൽ, വാങ്ങൽ, വിൽക്കൽ തുടങ്ങിയ വ്യാപാരങ്ങൾ ഔഷധപരമായ കാര്യങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഭരണഘടനാപരമായ ഈ സത്യത്തിലൂന്നിനിന്നുകൊണ്ടാവണം, സംസ്ഥാനങ്ങൾ നിയമങ്ങളുണ്ടാക്കാൻ എന്ന്, ആർട്ടിക്കിൾ 246 –ൽ രണ്ടും മൂന്നും വിഭാഗങ്ങൾ നിഷ്കർഷിക്കുന്നു. ഭരണഘടനയോടനുബന്ധമായ ഏഴാം ഷെഡ്യൂളിൽ സംസ്ഥാനം നിയമമുണ്ടാക്കേണ്ട വിഷയങ്ങളുടെ രണ്ട് ലിസ്റ്റ് ചേർത്തിട്ടുണ്ട്. അതിൽ രണ്ടാമത്തേതിലാണ്, ലഹരിപ്പിച്ച് മദിപ്പിക്കുന്ന മദ്യം (intoxicating liquor) ഉൾപ്പെടു

ത്തിയിരിക്കുന്നത്. ഈ ലിസ്റ്റിൽ 113 കാര്യങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും, എട്ടാമത്തെ കാര്യത്തെക്കുറിച്ച് മാത്രമേ, സംസ്ഥാനം വ്യക്തമായ നിയമം ഉണ്ടാക്കണമെന്ന് കണിശമായ നിബന്ധന പറഞ്ഞിട്ടുള്ളൂ. ഇതാണ് ആർട്ടിക്കിൾ 47. അതായത് ഔഷധാവശ്യത്തിനു മാത്രമേ ലഹരിപ്പിക്കുന്ന മദ്യം, ഉണ്ടാക്കുകയോ കൈവശം വയ്ക്കുകയോ കടത്തികൊണ്ടു പോവുകയോ ചെയ്യാവൂ എന്ന്.

ഒന്നുകൂടി വ്യക്തമാക്കിയാൽ, ഔഷധാവശ്യത്തിനല്ലാതെ മദ്യത്തിന്റെ വ്യാപകമായ ഉത്പാദനം ഒരു പൗരനും അനുവദിച്ചിട്ടില്ല. ഇതിൽ നിന്നു വ്യത്യസ്തമായോ ഇതിനു വിപരീതമായോ ഏതു സർക്കാർ നിയമം ഉണ്ടാക്കിയാലും, ഭരണഘടന ഭാരതപൗരനു നൽകുന്ന അവകാശങ്ങൾക്ക് വിരുദ്ധമാകയാൽ, അതനുസരിക്കാൻ നാം ബാധ്യസ്ഥരല്ല. പകരം, അത് എതിർക്കാൻ നമുക്കവകാശമുണ്ട്. സമൂഹനന്മയ്ക്കുവേണ്ടി അതു ചെയ്യാൻ നാം ബാധ്യസ്ഥരുമാണ്. ഭക്ഷ്യവസ്തു നിയമമനുസരിച്ച്, മദ്യം ഒരു ഭക്ഷണമോ പാനീയമോ അല്ല. ഭക്ഷണത്തിൽ ചേർക്കാവുന്ന ഒരു മായവസ്തുവോ അല്ല. അതു വെറും വിഷമായ ഒരു ഹാനിവസ്തു മാത്രമാണ്. മദ്യം മരുന്നിനു മാത്രമേ ഉപയോഗിക്കാവൂ.

സർക്കാർ അനുമതിയോടെ നടക്കുന്ന മദ്യത്തിന്റെ ഉത്പാദന വിതരണങ്ങൾക്കെതിരെ മദ്യവിരുദ്ധ പ്രവർത്തകർ ചെയ്തുകൊണ്ടിരിക്കുന്ന ധർണ്ണ, സത്യാഗ്രഹം തുടങ്ങിയ പ്രതിരോധപ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. ഭരണഘടന അനുവദിക്കുന്ന അവകാശങ്ങൾക്കായി നടത്തുന്ന പോരാട്ടങ്ങൾക്ക് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി എല്ലാ പിന്തുണയും നൽകുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട് നിറുത്തുന്നു.

പി.ഒ.സി. കൊച്ചി **ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
18-12-2009 ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

---

**NB:- ഈ സർക്കുലർ 2010 ജനുവരി 17-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# കേരളത്തിലെ കത്തോലിക്കാസഭയിൽ വിവാഹാശീർവാദ ത്തെയും വിവാഹാഘോഷത്തെയും സംബന്ധിച്ച നടപടികളിൽ ഐക്യമുണ്ടാകാൻ കെ.സി.ബി.സി. നൽകുന്ന നിർദ്ദേശങ്ങൾ

**1) അവിവാഹിതാവസ്ഥ സംബന്ധിച്ച സാക്ഷ്യപത്രം:** 1.1. ആറു മാസത്തിലേറെക്കാലം ഇടവകയ്ക്ക് വെളിയിൽ താമസിക്കുന്നവർ അക്കാലയളവിൽ തങ്ങൾ വിവാഹം നടത്തിയിട്ടില്ലെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം (Free State Certificate) അവർ താമസിച്ച സ്ഥലത്തെ വികാരിയിൽ നിന്ന് വാങ്ങിച്ച് ഹാജരാക്കണം. 1.2. താമസിച്ച സ്ഥലത്ത് വൈദികരില്ലെങ്കിൽ വിശ്വാസ്യതയുള്ള ഒരധികാരിയുടെ സാക്ഷ്യപത്രം മതിയാകും.

**2) വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്:** 2.1. നമ്മുടെ ഏതെങ്കിലും രൂപതയോ വിവാഹാർത്ഥി അംഗമായിട്ടുള്ളതും കത്തോലിക്കാസഭയുമായി ധാരണയിലുള്ളതുമായ സഭകൾ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനമോ നടത്തുന്ന വിവാഹത്തിനൊരുക്കമായുള്ള കോഴ്സിൽ പങ്കെടുത്ത് വിവാഹത്തിനൊരുങ്ങിയിട്ടുണ്ടെന്ന സാക്ഷ്യപത്രം വിവാഹാർത്ഥികൾ ഹാജരാക്കേണ്ടതാണ്. 2.2. കേരളത്തിനു പുറത്തും വിദേശത്തും നടത്തുന്ന വിവാഹകോഴ്സുകളിൽ കെ.സി.ബി.സി. അംഗീകരിച്ച സിലബസ് ഇല്ലാത്തവയും കോഴ്സ് ദിവസങ്ങൾ കുറവായവയുമായ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ അംഗീകരിക്കാൻ പാടുള്ളതല്ല.

**3) വിവാഹവാഗ്ദാനം:** 3.1. നമ്മുടെ സഭയിലെ ഒരു പ്രാചീന പതിവെന്ന നിലയിൽ വിവാഹവാഗ്ദാനച്ചടങ്ങ് പ്രോത്സാഹിപ്പിക്കപ്പെടണം. 3.2. വിവാഹാർത്ഥികൾക്ക് പരസ്പരം പരിചയപ്പെടാനും മനസ്സിലാക്കാനും വിവാഹവാഗ്ദാനം അവസരം നൽകുന്നുണ്ട്. 3.3. വിവാഹവാഗ്ദാനം പല കുടുംബങ്ങൾക്കും സാമ്പത്തികഭാരമായി തീരുന്നതു കൊണ്ടു കഴിയുന്നതും ലളിതമായി വിവാഹവാഗ്ദാനം നടത്തേണ്ടതാണ്. 3.4. സ്വയാധികാര സഭകളുടെ *(Sui iuris Churches)* നിയമങ്ങൾക്കനുസൃതമായി പ്രത്യേക സാഹചര്യങ്ങളിൽ വിവാഹ വാഗ്ദാനം കൂടാതെ വിവാഹം നടത്താൻ അനുവദിക്കാവുന്നതാണ്.

**4) വിളിച്ചുചൊല്ലൽ:** 4.1. നമ്മുടെ സഭയിൽ വിവാഹകാര്യം പരസ്യപ്പെടുത്താനുള്ള പരമ്പരാഗത മാർഗ്ഗമാണ് വിളിച്ചുചൊല്ലൽ. ഇത് വിവാഹവാഗ്ദാനത്തോട് സാരാംശപരമായി ബന്ധപ്പെട്ട കാര്യമല്ല. 4.2. വിവാഹം കഴിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്യാനും വിവാഹ നടത്തിപ്പിൽ അപാകതയുണ്ടെങ്കിൽ അവ സഭാധികാരികളുടെ ശ്രദ്ധയിൽ പെടുത്താനുമാണ് വിവാഹം വിളിച്ച് ചെല്ലുന്നത്. 4.3. അതുകൊണ്ട് മൂന്നു വിളിച്ചുചൊല്ലൽ ഉറപ്പാക്കുന്നതിനുവേണ്ടി വിവാഹവാഗ്ദാനത്തിനു മുൻപേ വിളിച്ചുചൊല്ലൽ തുടങ്ങാവുന്നതാണ്. 4.4. വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്തുന്നതിന് വിവാഹാർത്ഥികൾ ഇരുവരും അവരിൽ ഒരാളുടെ ഫൊറോനാ വികാരിക്ക് അവരുടെ മാതാപിതാക്കളുടെയും വികാരിയുടെയും ശിപാർശയോടെ രേഖാമൂലം അപേക്ഷിക്കണം. 4.5. ഫൊറോനാ വികാരിയാണ് വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്താൻ അനുവാദം നൽകേണ്ടത്. 4.6. ഫൊറോനാ വികാരി നൽകുന്ന തീരുമാനത്തിന്റെ പകർപ്പ് വധുവിന്റെയും വരന്റെയും വികാരിമാർക്ക് നൽകേണ്ടതും കക്ഷികളിൽ ഒരാളുടെ ഫൊറോന വികാരി കൈക്കൊള്ളുന്ന തീരുമാനം ആദരിക്കപ്പെടേണ്ടതുമാണ്. 4.7. വിവാഹവാഗ്ദാനത്തിന് മുമ്പ് വിവാഹം വിളിച്ചു ചൊല്ലാൻ അനുവദിക്കുകയാണെങ്കിൽ വിവാഹത്തിന് ഒരാഴ്ചമുമ്പെങ്കിലും വിവാഹവാഗ്ദാനം നടത്തിയിരിക്കണം. 4.8. വിവാഹം വിളിച്ചുചൊല്ലുന്ന അന്നുതന്നെ വിവാഹം ആശീർവദിക്കപ്പെടാൻ പാടുള്ളതല്ല. 4.9. വിവാഹം ഇടവകയിൽ വിളിച്ചുചൊല്ലുമ്പോൾ വിവാഹാർത്ഥികൾക്കായി പ്രാർത്ഥിക്കാൻ ഇടവകാംഗങ്ങളോട് അഭ്യർത്ഥിക്കണം.

**5) വിളിച്ചുചൊല്ലൽ കുറവു ചെയ്യൽ:** 5.1. വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്താമെന്നതുകൊണ്ട് മൂന്നു വിളിച്ചുചൊല്ലലിന്റെ സംഖ്യ കുറയ്ക്കാൻ ഇടവരരുത്. 5.2. വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ, ഓരോ രൂപതയിലെയും നിലനിൽക്കുന്ന നിയമമനുസരിച്ച്, ഫൊറോനാ വികാരിക്കോ, വികാരിക്കോ ഒരു വിളിച്ചുചൊല്ലൽ കുറയ്ക്കാവുന്നതാണ്. 5.3. ഒരു വിളിച്ചുചൊല്ലൽ മാത്രം നടത്തി വിവാഹം ആശീർവദിക്കുന്നത് പ്രത്യേക സാഹചര്യത്തിൽ രൂപതാ കാര്യാലയം വഴിയേ പാടുള്ളൂ. 5.4. അതിലേയ്ക്കായി അതാതുരൂപതകൾ നിശ്ചയിച്ചിരിക്കുന്ന കീഴ്‌വഴക്കങ്ങൾ പാലിക്കുകയും വേണം.

**6) ഞായറാഴ്ചകളിലെ വിവാഹാശീർവാദം:** 6.1. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കപ്പെടണം. മതബോധനക്ലാസുകൾക്ക്

പ്രത്യേക പ്രാധാന്യം നൽകണം. 6.2. ഞായറാഴ്ചകളിലെ വിവാഹ ആശീർവാദം വിശ്വാസപരിശീലനത്തിന് തടസ്സം സൃഷ്ടിക്കാത്ത വിധത്തിലായിരിക്കണം. 6.3. ഞായറാഴ്ചയുള്ള വിവാഹ ആശീർവാദം, വിവാഹം നടക്കുന്ന കുടുംബത്തിലെയും അവരുടെ അടുത്ത ബന്ധുക്കളായ കുട്ടികളുടെയും വിശ്വാസപരിശീലനത്തിന് തടസ്സമാകാൻ സാധ്യതയുള്ളതുകൊണ്ട് ഞായറാഴ്ചയുള്ള വിവാഹ ആശീർവാദം കഴിയുന്നതും പ്രോത്സാഹിപ്പിക്കരുത്.

**7) ആഗമനകാലത്തെ വിവാഹാശീർവാദം:** 7.1. ആഗമനകാലത്തിന്റെ ചൈതന്യം സൂക്ഷിച്ചുകൊണ്ട് വ്യക്തിഗതസഭകളുടെ നിയമങ്ങൾക്കനുസൃതമായി വിവാഹം ആശീർവദിക്കാം. 7.2. ആഗമനകാലത്തെ വിവാഹ ആശീർവാദത്തിന് സ്വയാധികാര സഭകളുടെ നിയമങ്ങൾ പാലിക്കപ്പെടണം.

**8) വലിയ നോമ്പുകാലത്തെ വിവാഹാശീർവാദം:** 8.1. വലിയ നോമ്പുകാലത്ത് വിവാഹാശീർവാദം നടത്താതിരിക്കുന്നതാണ് ഉത്തമം. 8.2. അത്യവശ്യസാഹചര്യങ്ങളിൽ വിവാഹാശീർവാദത്തിന് അനുവാദം നൽകാൻ രൂപതാ കാര്യാലയത്തിന് അധികാരമുണ്ടായിരിക്കും. 8.3. ഓരോ സ്വയാധികാരസഭയുടെയും നിയമങ്ങളെയും ആചാരങ്ങളെയും മാനിച്ചുകൊണ്ടായിരിക്കണം വലിയ നോയമ്പുകാലത്തെ വിവാഹ ആശീർവാദം നടത്തേണ്ടത്.

**9) ആചാരങ്ങളുടെ വ്യത്യസ്തത:** 9.1. വിവാഹാർത്ഥിയുടെയും വിവാഹാർത്ഥിനിയുടെയും രൂപതകളിൽ വ്യത്യസ്ത ആചാരങ്ങളാണുള്ളതെങ്കിൽ, വിവാഹം ആശീർവദിക്കപ്പെടുന്ന രൂപതയുടെ ആചാരങ്ങൾക്ക് മുൻഗണന നൽകണം.

**10) വിവാഹ ആശീർവാദത്തിലെ ലാളിത്യം:** 10.1. വിവാഹത്തോടനുബന്ധിച്ച് വൻതോതിലുള്ള ആഡംബരവും ധൂർത്തും, മദ്യപാനം പോലും ഉണ്ടാകുന്നത് ക്രിസ്തീയ വിശ്വാസത്തിനു ചേർന്നതല്ല. 10.2 വിവാഹാഘോഷത്തിൽ മിതത്വം പാലിക്കാൻ എല്ലാവരും തയ്യാറാകണം. ഇതിലേയ്ക്കായി ജനങ്ങളെ ബോധവത്കരിക്കണം. 10.3 കടം വാങ്ങിച്ചു പോലും വിവാഹം ആഘോഷിച്ച് പാപ്പരാകുന്നവർ സമൂഹത്തിൽ കൂടിവരുന്നു. വിവാഹം ആഘോഷമാക്കി മാറ്റുന്നത് ധാർമ്മികമായി തെറ്റാണ്. 10.4 സമ്പന്നർ തങ്ങളുടെ വിവാഹാവസരത്തിൽ വിവാഹം കഴിക്കാൻ സാമ്പത്തിക പരാധീനതയുള്ളവർക്ക് സഹായം ചെയ്യാൻ തയ്യാറാകണം. 10.5 സ്ത്രീധനം വാങ്ങിക്കുന്നതും കൊടുക്കുന്നതും ഭാരത

ത്തിലെ നിയമപ്രകാരം ശിക്ഷാർഹമാണ്. ഇതേക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കണം. 10.6 മനസ്സമ്മതം വിവാഹം പോലെ വൻതോതിൽ ആഘോഷിക്കുന്നത് നിരുത്സാഹപ്പെടുത്തണം.

**11) വിവാഹ രജിസ്ട്രേഷൻ:** 11.1. വിവാഹം നടന്നു കഴിഞ്ഞാൽ ബന്ധപ്പെട്ട കക്ഷികൾ വിവാഹരേഖകൾ വികാരിയച്ചനിൽ നിന്ന് വാങ്ങി സർക്കാർ നിയമാനുസൃതമായ രജിസ്ട്രേഷൻ അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നടത്തേണ്ടതാണ്.

**12) വിവാഹനിർദ്ദേശങ്ങളിൽ തീർപ്പുകൽപ്പിക്കൽ:** 12.1. ഓരോ സ്വയാധികാര സഭയിലെയും നിയമങ്ങളും ചട്ടങ്ങളും മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ആദരിക്കപ്പെടേണ്ടതാണ്. 11.2. പ്രത്യേക സാഹചര്യങ്ങളിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ രൂപതാ കാര്യാലയങ്ങൾക്ക് പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കും.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി

**ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

---

NB:- **കെ.സി.ബി.സി. യുടെ ഈ നിർദ്ദേശങ്ങൾ സൗകര്യപ്രദമായ ഒരു ഞായറാഴ്ച വി. കുർബാന മദ്ധ്യേ ദൈവജനത്തെ അറിയിക്കേണ്ടതാണ്.**

# ലോകസമാധാനദിന സന്ദേശം

## 2010 ജനുവരി 1

### ബെനഡിക്ട് 16-ാമൻ മാർപാപ്പ

### സമാധാനം വളർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ സൃഷ്ടിയെ സംരക്ഷിക്കുക

1. ഈ പുതുവർഷാരംഭത്തിൽ, ലോകമെങ്ങുമുള്ള ക്രൈസ്തവ സമൂഹങ്ങൾക്കും അന്താരാഷ്ട്രനേതാക്കൾക്കും സന്മനസ്സുള്ള എല്ലാവർക്കും ഹൃദയപൂർവ്വം സമാധാനം ആശംസിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നാല്പത്തി മൂന്നാമത്തെ ഈ ലോകസമാധാനദിനത്തിന്റെ ചിന്താവിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് "സമാധാനം വളർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ സൃഷ്ടിയെ സംരക്ഷിക്കുക"യെന്നതാണ്. സൃഷ്ടിയോടുള്ള ആദരം അളവറ്റ പ്രാധാന്യമർഹിക്കുന്നു. എന്തെന്നാൽ "ദൈവത്തിന്റെ സകല പ്രവൃത്തികളുടെയും ആരംഭവും അടിസ്ഥാനവും സൃഷ്ടിയാണ്" (CCC 198). മനുഷ്യവംശത്തിന്റെ സമാധാന പൂർണമായ സഹാസ്തിത്വത്തിന് അതിന്റെ സംരക്ഷണം ഇന്ന് അടിസ്ഥാനപരമായ കാര്യമായിരിക്കുന്നു. മനുഷ്യൻ മനുഷ്യനോടു ചെയ്തിട്ടുള്ള മനുഷ്യത്വരഹിതമായ പ്രവർത്തികൾ മൂലം സമാധാനത്തിനും, യഥാർത്ഥവും സമഗ്രവുമായ മാനുഷിക വികസനത്തിനും അസംഖ്യം ഭീഷണികൾ ഉണ്ടായിട്ടുണ്ട്. യുദ്ധങ്ങളും ദേശീയവും അന്തർദേശീയവുമായ സംഘട്ടനങ്ങളും, ഭീകരപ്രവർത്തനങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ അസ്വസ്ഥതയുളവാക്കുന്നതാണ് ദൈവം നമുക്കു നൽകിയ ഭൂമിയുടെയും പ്രകൃതിപരമായ നന്മകളുടെയും കടുത്ത ദുരുപയോഗത്തിൽ നിന്നല്ലെങ്കിൽപോലും അവയോടുള്ള അവഗണനയിൽ നിന്ന് ഉളവാകുന്ന ഭീഷണികൾ. അതുകൊണ്ട്, മനുഷ്യവംശം ഒരു ഉടമ്പടി നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക അത്യാവശ്യമാണ്. "മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ഉടമ്പടിയാണത്. പരിസ്ഥിതി ദൈവത്തിന്റെ സൃഷ്ടിപരമായ സ്നേഹം പ്രതിബിംബിക്കുന്ന ഒന്നാണ്. ദൈവത്തിൽ നിന്നാണ് നാം പുറപ്പെട്ടത്, ദൈവത്തിലേയ്ക്കാണു നാം യാത്ര ചെയ്യുന്നതും."

2. പ്രകൃതിപരമായ പരിസ്ഥിതിയോടുള്ള മനുഷ്യന്റെ ദൃഢബ സ്ഥത്തിൽ നിന്നുണ്ടാകുന്ന കടമകളോട് ഉറ്റ ബന്ധം പുലർത്തുന്നതാണ് സമഗ്ര മാനുഷിക വികസനമെന്ന് *"സത്യത്തിൽ സ്നേഹം"* എന്ന എന്റെ ചാക്രിക ലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എല്ലാ ജനതകൾക്കും വേണ്ടിയുള്ള ദൈവദാനമായി പരിസ്ഥിതിയെ കാണണം. മുഴുവൻ മനുഷ്യവംശത്തോടും, പ്രത്യേകിച്ച് ദരിദ്രരോടും വരുംതല മുറകളോടുമുള്ള പങ്കുവയ്ക്കപ്പെട്ട ഉത്തരവാദിത്വത്തോടെ വേണം അത് ഉപയോഗിക്കാൻ. പ്രകൃതിയെ, പ്രത്യേകിച്ച് മനുഷ്യരെ ആകസ്മികത യുടെയോ പരിണാമപരമായ മുൻനിർണയത്തിന്റെയോ ഉത്പന്നങ്ങൾ മാത്രമായി കാണുമ്പോൾ, നമ്മുടെ ഉത്തരവാദിത്വബോധം അസ്തമി ക്കുന്നുവെന്നും ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. നേരേമറിച്ച്, ദൈവം മനുഷ്യ വംശത്തിനു നൽകിയ ദാനമായി സൃഷ്ടിയെ വീക്ഷിക്കണം. മനുഷ്യ രെന്ന നിലിയുള്ള നമ്മുടെ വിളിയും മൂല്യവും മനസ്സിലാക്കാൻ ആ വീക്ഷണം സഹായിക്കും. സങ്കീർത്തകനോടൊപ്പം, വിസ്മയത്തോടെ ഇങ്ങനെ ഉദ്ഘോഷിക്കാൻ നമുക്കു കഴിയുകയും ചെയ്യും: "അങ്ങയുടെ വിരലുകൾ വാർത്തെടുത്ത വാനിടത്തെയും അവിടുന്നു സ്ഥാപിച്ച ചന്ദ്ര താരങ്ങളെയും" ഞാൻ കാണുന്നു. അവിടുത്തെ ചിന്തയിൽ വരാൻ മാത്രം മർത്യന് എന്തു മേന്മയുണ്ട്? അവിടുത്തെ പരിഗണന ലഭിക്കാൻ മനുഷ്യപുത്രന് എന്ത് അർഹതയാണുള്ളത് (സങ്കീ 8:34)? സൃഷ്ടിയുടെ സൗന്ദര്യത്തെപ്പറ്റിയുള്ള ധ്യാനം സ്രഷ്ടാവിന്റെയും സ്നേഹത്തെ, "സൂര്യനെയും മറ്റു നക്ഷത്രങ്ങളെയും ചലിപ്പിക്കുന്ന ദൈവിക സ്നേഹ ത്തെ," തിരിച്ചറിയാൻ നമ്മെ പ്രേരിപ്പിക്കുന്നു.

3. ഇരുപതുവർഷം മുമ്പ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച ലോകസമാധാനദിന സന്ദേശം താഴെപ്പറയുന്ന പ്രമേയ ത്തെക്കുറിച്ചായിരുന്നു: "സ്രഷ്ടാവായ ദൈവത്തോട് സമാധാനത്തിൽ വർത്തിക്കുക, മുഴുവൻ സൃഷ്ടിയോടും സമാധാനത്തിൽ വർത്തിക്കുക". ദൈവത്തിന്റെ സൃഷ്ടികളെന്ന നിലയിൽ നമുക്കു ചുറ്റുമുള്ള മുഴുവൻ പ്രപഞ്ചത്തോടും നമുക്കുള്ള ബന്ധത്തെപ്പറ്റി അദ്ദേഹം ഊന്നിപ്പറഞ്ഞു. അദ്ദേഹം ഇങ്ങനെ എഴുതി: "പ്രകൃതിക്ക് അർഹമായ ആദരം കാണി ക്കാത്തതുകൊണ്ടും ലോകസമാധാനത്തിന് ഭീഷണിയുണ്ടാകുന്നുവെന്ന അവബോധം ഇന്നു വളർന്നു വരുന്നുണ്ട്". അദ്ദേഹം ഇങ്ങനെ കൂട്ടി ച്ചേർത്തു: "പരിസ്ഥിതിയെപ്പറ്റിയുള്ള ഈ ബോധം തള്ളിക്കളയരുത്. അതിനെ വികസിപ്പിക്കുകയും പക്വതയിലെത്തിക്കുകയും വേണം. വസ്തുനിഷ്ഠമായ കർമ്മ പരിപാടികളിലും സംരംഭങ്ങളിലും അത് സമു ചിതമായി പ്രകാശിപ്പിക്കപ്പെടുകയും വേണം." മനുഷ്യരും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മുൻകാലത്തെ മാർപാപ്പമാരും സംസാ

രിച്ചിട്ടുണ്ട്. ഉദാഹരണമായി, ലെയോ 13-ാമന്റെ "റേരും നൊവാരും" എന്ന ചാക്രികലേഖനത്തിന്റെ എൺപതാം വാർഷികത്തിൽ പോൾ ആറാമൻ മാർപാപ്പ ഇങ്ങനെ മുന്നറിയിപ്പു നൽകി. ''മനുഷ്യൻ പ്രകൃതിയെ വിവേകരഹിതമായി ചൂഷണം ചെയ്യുന്നതുവഴി അതിനെ നശിപ്പിക്കുകയെന്ന അപകടനില സൃഷ്ടിക്കുന്നു. മനുഷ്യൻ തന്നെ ആ നാശത്തിന്റെ ഇരയായിത്തിരുകയെന്ന അപകടസാധ്യതയിലെത്തുകയും ചെയ്യുന്നു." അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: "ഭൗതിക പരിസ്ഥിതി സ്ഥിരഭീഷണിയായി മാറുന്നു - മലിനീകരണം, ഖരമാലിന്യങ്ങൾ, പുതിയ രോഗങ്ങൾ, തികഞ്ഞ വിനാശകശക്തി എന്നിങ്ങനെ. അതു മാത്രമല്ല മാനുഷിക ചട്ടകൂടുതന്നെ മനുഷ്യന്റെ നിയന്ത്രണത്തിലാവാതായിരിക്കുന്നു. അങ്ങനെ, ഭാവിയിൽ അസഹനീയമായ പരിസ്ഥിതി സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത് വ്യാപകമായ ഒരു സാമൂഹിക പ്രശ്നമാണ്. മുഴുവൻ മനുഷ്യവംശത്തെയും അതു ബാധിക്കുന്നു".

4. ഈ വിഷയത്തിൽ സവിശേഷ സാങ്കേതിക പരിഹാരം നിർദ്ദേശിക്കാനുള്ള യോഗ്യത സഭയ്ക്കില്ല. എന്നാലും സഭ "മനുഷ്യവംശത്തിന്റെ വിദഗ്ദ"യെന്ന നിലയിൽ ഒരു കാര്യം ചെയ്യുന്നു. അതായത്, സ്രഷ്ടാവും മനുഷ്യരും സൃഷ്ടക്രമവും തമ്മിലുള്ള ബന്ധം ശ്രദ്ധിക്കാൻ ആഹ്വാനം ചെയ്യുന്നു. ജോൺ പോൾ രണ്ടാമൻ 1990 -ൽ "പരിസ്ഥിതിപരമായ വിഷമപ്രശ്ന"ത്തെക്കുറിച്ചു സംസാരിച്ചു. അതിന്റെ പ്രാഥമികമായ ധാർമ്മിക സ്വഭാവത്തെ എടുത്തു കാണിച്ചുകൊണ്ട് "പുതിയൊരു ഐക്യദാർഢ്യത്തിന്റെ ധാർമ്മികാവശ്യം എത്ര അടിയന്തിര സ്വഭാവമുള്ളതാണെന്ന്" ചൂണ്ടിക്കാണിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അഭ്യർത്ഥന ഇന്നു വളരെയേറെ അടിയന്തിര സ്വഭാവമുള്ളതായിരിക്കുന്നു. ഇന്ന് വിഷമസന്ധിയുടെ അടയാളങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണല്ലോ. അതിനെ അവഗണിക്കുകയെന്നത് തികച്ചും നിരുത്തരവാദിത്വപരമായ നിലപാടായിരിക്കും. കാലാവസ്ഥയുടെ മാറ്റം, വിസ്തൃത കാർഷികപ്രദേശങ്ങൾ മരുഭൂമിയായിത്തീരൽ, അവിടങ്ങളിൽ ഉത്പാദനമില്ലാതാകൽ, നദികളിലെയും നീർത്തടാകങ്ങളിലെയും മലിനീകരണം, ജീവപരമായ വൈവിധ്യത്തിന്റെ നഷ്ടം, പ്രകൃതിക്ഷോഭങ്ങളുടെ വർദ്ധന, ഭൂമധ്യരേഖാപ്രദേശങ്ങളിലും ഉഷ്ണമേഖലാ പ്രദേശങ്ങളിലും വനനശീകരണം എന്നിങ്ങനെയുള്ള യാഥാർത്ഥ്യങ്ങളോടു ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് നിസ്സംഗത പുലർത്താൻ നമുക്കു കഴിയുമോ? പരിസ്ഥിതിപരമായ അഭയാർത്ഥികൾ എന്ന വർദ്ധമാനമായ പ്രതിഭാസത്തെ നമുക്ക് അവഗണിക്കാൻ കഴിയുമോ? ആ അഭയാർത്ഥികൾ തങ്ങളുടെ സ്വാഭാവിക വികസനകേന്ദ്രത്തിന്റെ നശിപ്പിക്കൽ വഴി

അത് ഉപേക്ഷിക്കാൻ നിർബന്ധിക്കപ്പെട്ടവരാണ്. അവർ മിക്കപ്പോഴും തങ്ങളുടെ സമ്പാദ്യങ്ങളെല്ലാം ഉപേക്ഷിച്ചിട്ടാണു പുറപ്പെടുന്നത്. നിർബ ന്ധപൂർവകമായ മാറ്റിപ്പാർപ്പിക്കലിന്റെ അപകടങ്ങളും അനിശ്ചിതത്വ ങ്ങളും നേരിടാനാണ് പുറപ്പെടുന്നത്! പ്രകൃതി വിഭവങ്ങളുടെ ലഭ്യതയെ സംബന്ധിച്ച് ഇപ്പോഴുള്ളതും ഭാവിയിൽ ഉണ്ടാകാനിരിക്കുന്നതുമായ സംഘട്ടനങ്ങളുടെ മുമ്പിൽ നമുക്കു നിഷ്ക്രിയരായി കഴിയാനാവുമോ? ജീവിക്കാനും ഭക്ഷിക്കാനും ആരോഗ്യം സംരക്ഷിക്കാനും വികസിക്കാ നുമുള്ള അവകാശംപോലുള്ള മനുഷ്യാവകാശത്തിന്റെ പ്രയോഗത്തിൽ ഈ പ്രശ്നങ്ങൾക്കെല്ലാം വലിയ സ്വാധീനമുണ്ട്.

5. പരിസ്ഥിതി സംബന്ധമായ വിഷമസ്ഥിതിയെ അതുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങളിൽ നിന്നു മാറ്റി നിറുത്തി വീക്ഷിക്കാനാവു കയെന്ന വസ്തുത വ്യക്തമാക്കപ്പെടണം. എന്തെന്നാൽ അത് വികസ നമെന്ന സങ്കല്പത്തോടു തന്നെ ഉറ്റബന്ധം പുലർത്തുന്നതാണ്. മറ്റു ള്ളവരോടും മറ്റു സൃഷ്ടിജാലങ്ങളോടും ബന്ധപ്പെട്ടവനെന്ന നിലയിൽ മനുഷ്യനെക്കുറിച്ചുള്ള ധാരണയോടും അതിനു ദൃഢബന്ധമുണ്ട്. അതു കൊണ്ട് നമ്മുടെ വികസനമാതൃകയെ അഗാധവും ദീർഘവീക്ഷണ ത്തോടുകൂടിയതുമായ ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. ആ മാതൃക സാമ്പത്തികതയുടെ അർത്ഥം, അതിന്റെ ലക്ഷ്യങ്ങൾ എന്നിവ പരിഗണിക്കുന്നതായിരിക്കണം. അതിന്റെ തെറ്റായ പ്രവർത്ത നങ്ങളും തെറ്റായ പ്രയോഗങ്ങളും തിരുത്താൻ ശ്രദ്ധിക്കുന്നതുമായിരി ക്കണം. ഭൂമിയിലെ ഗ്രഹത്തിന്റെ പരിസ്ഥിതിപരമായ ആരോഗ്യത്തിന് അത് ആവശ്യമാണ്. മനുഷ്യവംശത്തിന്റെ സാംസ്കാരികവും ധാർമ്മി കവുമായ വിഷമസ്ഥിതിയും അത് ആവശ്യപ്പെടുന്നുണ്ട്. ആ വിഷമ സ്ഥിതിയുടെ ലക്ഷണങ്ങൾ ലോകത്തിന്റെ എല്ലാ ഭാഗത്തും കണ്ടു തുട ങ്ങിയിട്ടു കുറേക്കാലമായി. മനുഷ്യവംശത്തിന് അഗാധമായ ഒരു സാംസ്കാരിക നവീകരണം അത്യാവശ്യമാണ്. എല്ലാവർക്കും കൂടുതൽ പ്രകാശമാനമായ ഒരു ഭാവി പടുത്തുയർത്താനുള്ള സുദൃഢമായ ഒരടി സ്ഥാനമായിരിക്കാൻ സഹായിക്കുന്ന മൂല്യങ്ങളെ അതു വീണ്ടും കണ്ടെത്തണം. നമ്മുടെ ഇന്നത്തെ വിഷമസന്ധികൾ - അവ സാമ്പ ത്തികമോ ഭക്ഷ്യപരമോ പരിസ്ഥിതിപരമോ സാമൂഹികമോ ആയാലും - ആത്യന്തികമായ ധാർമ്മിക വിഷമസന്ധികളുമാണ്. അവയെല്ലാം പര സ്പരം ബന്ധപ്പെട്ടവയുമാണ്. നാം ഒന്നിച്ചു സഞ്ചരിക്കുന്ന പാതയെ ക്കുറിച്ചു നമുക്കു വീണ്ടു വിചാരമുണ്ടാകണമെന്ന് അവ ആവശ്യപ്പെടു ന്നുണ്ട്. പ്രത്യേകിച്ച് സ്വാഭാവികതയും (sobriety) ഐക്യദാർഢ്യവും (solidarity) ഉള്ള ഒരു ജീവിതശൈലിയുണ്ടാകണമെന്ന് അവ ആവശ്യ പ്പെടുന്നു. നമ്മുടെ അനുദിനവ്യാപാരത്തിന്റെ പുതിയ നിയമങ്ങളും രൂപ

ങ്ങളുമുള്ള ജീവിതശൈലിയായിരിക്കണം അത്. യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ തന്ത്രങ്ങളിൽ ആത്മവിശ്വാസത്തോടും ധീരതയോടും കൂടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും പരാജയപ്പെട്ടവയെ നിർണ്ണായകമായി തള്ളിക്കളയുന്നതുമായിരിക്കണം. അങ്ങനെ ചെയ്തെങ്കിൽ മാത്രമേ ഇന്നത്തെ വിഷമസന്ധി തിരിച്ചറിയലിനും നവീനവും തന്ത്രപരവുമായ പ്ലാനിംഗിനുള്ള അവസരമായിത്തീരുകയുള്ളൂ.

6. പ്രാപഞ്ചികമായ ഒരർത്ഥത്തിൽ "പ്രകൃതി"യെന്നു നാം വിളിക്കുന്നത്, "സ്നേഹത്തിന്റെയും സത്യത്തിന്റെയും പദ്ധതി"യിൽ ഉത്ഭവിച്ചതല്ലേ? "ലോകം അനിവാര്യതയുടെ ഉത്പന്നമേ അല്ല. അന്ധമായ വിധിയുടെയോ ആകസ്മികതയുടെയോ ഉത്പന്നമല്ല. ലോകം ദൈവത്തിന്റെ സ്വതന്ത്ര മനസ്സിൽ നിന്നു ഉത്ഭവിച്ചതാണ്. തന്റെ അസ്തിത്വത്തിലും ബുദ്ധിയിലും നന്മയിലും തന്റെ സൃഷ്ടികൾ പങ്കുപറ്റണമെന്ന് ദൈവം നിശ്ചയിച്ചു." ഉത്പത്തിഗ്രന്ഥം അതിന്റെ ആദ്യപേജിൽത്തന്നെ പ്രപഞ്ചത്തെ സംബന്ധിച്ച ബുദ്ധിപൂർവകമായ രൂപരേഖ ചൂണ്ടിക്കാണിക്കുന്നുണ്ട്. അത് ദൈവത്തിന്റെ മനസ്സിൽ നിന്നു വരുന്നു. സ്രഷ്ടാവിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സ്ത്രീപുരുഷന്മാരിൽ അത് അതിന്റെ പൂർണ്ണത കണ്ടെത്തുന്നു. മനുഷ്യരെ സൃഷ്ടിച്ചതാകട്ടെ "ഭൂമിയെ നിറയ്ക്കാനും" "അതിന്റെ മേൽ ആധിപത്യം പുലർത്താനുമാണ്." ദൈവത്തിന്റെ "കാര്യസ്ഥന്മാർ" എന്ന നിലയിലാണ് അങ്ങനെ ചെയ്യേണ്ടത് (Cf. ഉത്പ 1:28). സ്രഷ്ടാവും മനുഷ്യവംശവും സൃഷ്ട പ്രപഞ്ചവും തമ്മിൽ ഉണ്ടായിരുന്നതായി വിശുദ്ധ ലിഖിതം വിവരിക്കുന്ന ഐക്യം ആദവും ഹവ്വയും - പുരുഷനും സ്ത്രീയും - ചെയ്ത പാപം മൂലം തകർക്കപ്പെട്ടു. അവർ ദൈവത്തിന്റെ സ്ഥാനംവഹിക്കാൻ ആശിക്കുകയും തങ്ങൾ ദൈവത്തിന്റെ സൃഷ്ടികളാണെന്ന് അംഗീകരിക്കാതിരിക്കുകയും ചെയ്തു. അതിന്റെ ഫലമായി, ഭൂമി ഉഴുതും കൃഷി ചെയ്തും സംരക്ഷിച്ചും അതിന്റെ മേൽ ആധിപത്യം പ്രയോഗിക്കുന്ന ജോലിയും തകർക്കപ്പെട്ടു. മനുഷ്യവംശത്തിൽത്തന്നെയും മനുഷ്യരും മറ്റു സൃഷ്ടിജാലങ്ങളും തമ്മിലും സംഘട്ടനം ഉത്ഭവിച്ചു (Cf. ഉത്പ 3:17-19). തങ്ങൾ സ്വാർത്ഥതയാൽ ഭരിക്കപ്പെടാൻ മനുഷ്യർ സ്വയം അനുവദിച്ചു. അവർ ദൈവകല്പനയുടെ അർത്ഥം തെറ്റിദ്ധരിച്ചു. സൃഷ്ടിയുടെ മേൽ സമ്പൂർണ്ണമായ ആധിപത്യം സ്ഥാപിക്കാനുള്ള ആഗ്രഹംമൂലം അതിനെ ചൂഷണം ചെയ്തു. എന്നാൽ, ദൈവത്തിന്റെ ആദിമ കൽപനയുടെ യഥാർത്ഥമായ അർത്ഥം സ്വയം അധികാരം ഏറ്റെടുക്കുകയെന്നതല്ല. അത് ഉത്തരവാദിത്വത്തിലേയ്ക്കുള്ള വിളിയായിരുന്നു. ഉത്പത്തിഗ്രന്ഥം ഇക്കാര്യം വ്യക്തമായികാണിക്കുന്നുണ്ട്. "ചിതറിക്കിടക്കുന്ന ഉച്ഛിഷ്ടങ്ങൾ" പോലെ നമ്മുടെ

അധീനതയുള്ള ഒന്നല്ല പ്രകൃതിയെന്ന് പുരാതന കാലത്തെ മനുഷ്യരുടെ ജ്ഞാനം തിരിച്ചറിഞ്ഞിട്ടുണ്ട്. പ്രകൃതി ദൈവത്തിൽനിന്നുള്ള ദാനമാണെന്നും, അവിടുന്ന് അതിൽത്തന്നെ ഒരു ക്രമം സ്ഥാപിച്ചിട്ടുണ്ടെന്നും, അത് "ഉഴുതു കൃഷി ചെയ്യാനും സൂക്ഷിക്കാനും" വേണ്ട തത്വങ്ങൾ ആ ക്രമത്തിൽ നിന്നു മനുഷ്യൻ സ്വീകരിക്കണമെന്നും വേദഗ്രന്ഥത്തിലെ വെളിപാടു നമുക്കു വ്യക്തമാക്കിത്തരുന്നുണ്ട് (Cf. ഉത്പ 2:11). അസ്തിത്വമുള്ളതെല്ലാം ദൈവത്തിന്റേതാണ്. ദൈവം അത് മനുഷ്യനെ ഭരമേൽപിച്ചു. തന്നിഷ്ടം പോലെ ഉപയോഗിക്കാനല്ല ഭരമേൽപിച്ചത്. മനുഷ്യൻ ദൈവത്തിന്റെ സഹപ്രവർത്തകനെന്ന നിലയിൽ പ്രവർത്തിക്കാതെ തന്നെത്തന്നെ ദൈവത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കുമ്പോൾത്തന്നെ, പ്രകൃതിയിൽ നിന്നുള്ള എതിർപ്പിൽ ചെന്നവസാനിക്കുന്നു. "പ്രകൃതിയാകട്ടെ, അവനാൽ ഭരിക്കപ്പെടുന്നതിലേറെ സ്വേഛാധിപത്യമുള്ളതായിത്തീരുന്നു." അതുകൊണ്ട് സൃഷ്ടിയുടെ മേൽ ഉത്തരവാദിത്വപൂർണമായ കാര്യസ്ഥത പ്രയോഗിക്കുകയെന്ന കടമ മനുഷ്യനുണ്ട്. അതിനെ സംരക്ഷിക്കാനും അതിൽ കൃഷി ചെയ്യാനുമാണത്.

7. ചിലർ അവഗണനകൊണ്ടോ നീരസംകൊണ്ടോ പരിസ്ഥിതിയുടെ മേൽ ഉത്തരവാദിത്വപൂർണമായ കാര്യസ്ഥത പ്രയോഗിക്കാതിരിക്കുന്നതുമൂലം നമ്മുടെ ഗ്രഹത്തിന്റെ വിവിധ രാജ്യങ്ങളിലും പ്രദേശങ്ങളിലുമുള്ള വലിയ ജനസമൂഹങ്ങൾ പ്രയാസമനുഭവിക്കുന്നുവെന്നത് തികച്ചും വ്യക്തമാണെന്നും പറയേണ്ടിവരുന്നതിൽ എനിക്കു ഖേദമുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസ് നമ്മെ ഒരു കാര്യം ഓർമ്മപ്പെടുത്തിയിട്ടുണ്ട്: "ഭൂമിയും അതിലുള്ള സകലതും ദൈവം എല്ലാ ജനതകൾക്കും ദേശങ്ങൾക്കുമായി നിയോഗിച്ചിട്ടുള്ളതാണ്" (G.S.69) സൃഷ്ടപ്രപഞ്ചത്തിലെ സകല വസ്തുക്കളും മനുഷ്യവംശം മുഴുവനും വേണ്ടിയുള്ളതാണ്. പക്ഷേ, പരിസ്ഥിതി ചൂഷണത്തിന്റെ ഇന്നത്തെ ഗതിവേഗം ചില പ്രകൃതി വിഭവങ്ങളുടെ ലഭ്യതയെ ഇപ്പോഴത്തെ തലമുറയെ സംബന്ധിച്ചു മാത്രമല്ല, ഭാവിതലമുറകളെ സംബന്ധിച്ചും ഗൗരവപൂർണമായ തോതിൽ അപകടപ്പെടുത്തുന്നതാണ്. പരിസ്ഥിതി നശീകരണം മിക്കപ്പോഴും ദീർഘവീക്ഷണത്തോടെയുള്ള ഔദ്യോഗിക നയങ്ങളുടെ അഭാവം മൂലമോ അകലെക്കാഴ്ചയില്ലാത്ത സാമ്പത്തിക താത്പര്യങ്ങൾ മൂലമോ ഉണ്ടാകുന്നതാണെന്നു കാണാൻ പ്രയാസമില്ല. അതെല്ലാം സൃഷ്ടിയെ സംബന്ധിച്ചിടത്തോളം ഗൗരവാവഹമായ ഭീഷണിയായിത്തീരും. ഈ പ്രതിഭാസത്തിനെതിരേ പടപൊരുതാൻ സാമ്പത്തിക പ്രവർത്തനം ഒരു വസ്തുത പരിഗണിക്കണം. "ഓരോ സാമ്പത്തിക പ്രവർത്തനത്തിനും ഒരു ധാർമ്മികാനന്തരഫലമുണ്ട്" എന്നതാണ് ആ വസ്തുത. അങ്ങനെ പരിസ്ഥിതിയോട് വർദ്ധമാനമായ

ആദരം കാണിക്കുകയും വേണം. നമ്മൾ പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുമ്പോൾ, അവയുടെ സംരക്ഷണത്തിൽ തത്പരരാകണം. പരിസ്ഥിതിപരവും സാമൂഹികവുമായ അതിന്റെ ചെലവ് - ആകെയുള്ള ചെലവിന്റെ അടിസ്ഥാനഭാഗമെന്ന നിലയിൽ - പരിഗണിക്കുകയും വേണം. പരിസ്ഥിതിയുടെ ദുരുപയോഗം കാര്യക്ഷമമായി തടയാൻ ശരിയായ സൂചനകൾ നൽകുകയെന്നത് അന്താരാഷ്ട്രസമൂഹത്തിന്റെയും ദേശീയ ഗവൺമെന്റുകളുടെയും ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യമാണ്. പരിസ്ഥിതി സംരക്ഷിക്കാനും പ്രകൃതിവിഭവങ്ങളും കാലാവസ്ഥയും സംരക്ഷിക്കാനും സുനിശ്ചിതവും സുവ്യക്തവുമായ നിയമങ്ങളനുസരിച്ച് പ്രവർത്തിക്കുകയെന്നത് അത്യാവശ്യമാണ്. നൈയാമികവും സാമ്പത്തികവുമായ ഒരു നിലപാടിൽ നിന്നു പ്രവർത്തിക്കുകയും വേണം. നമ്മുടെ ലോകത്തിൽ കൂടുതൽ ദാരിദ്ര്യമുള്ള പ്രദേശങ്ങളിൽ ജീവിക്കുന്നവരോടും വരുംതലമുറകളോടും നമുക്കുണ്ടായിരിക്കേണ്ട ഐക്യദാർഢ്യവും നാം പരിഗണിക്കണം.

8. തലമുറകൾ തമ്മിലുള്ള ഐക്യദാർഢ്യത്തെ സംബന്ധിച്ച് കൂടുതൽ ബോധമുണ്ടാകുക അടിയന്തിരമായ ആവശ്യമാണ്. പരിസ്ഥിതിപരമായ പൊതുവിഭവങ്ങൾ നമ്മൾ ഉപയോഗിക്കുന്നതിന്റെ ചെലവ് ഭാവിതലമുറകളുടെമേൽ കെട്ടിവയ്ക്കാൻ പാടില്ല. "നമ്മൾ കഴിഞ്ഞ തലമുറകളിൽ നിന്ന് പൈതൃകമായി സ്വീകരിച്ചു. നമ്മുടെ സമകാലീനരുടെ അധ്വാനത്തിൽ നിന്ന് നാം ഉപകാരം നേടി; ഇക്കാരണത്താൽ നാം എല്ലാവരോടും കടപ്പെട്ടിരിക്കുന്നു. മനുഷ്യകുടുംബത്തെ വിപുലീകരിക്കാൻ വേണ്ടി നമ്മുടെ പിന്നാലെ വരുന്നവരോടുള്ള താത്പര്യം നമുക്കു നിഷേധിക്കാനാവുകയില്ല. സാർവ്വത്രിക ഐക്യദാർഢ്യം ഒരു ഉപകാരവും കടമയുമാണ്.അത് ഇന്നത്തെ തലമുറകൾക്ക് വരും തലമുറകളോടുള്ള ഒരു ഉത്തരവാദിത്വമാണ്. വ്യക്തിഗത രാഷ്ട്രങ്ങൾക്കും അന്താരാഷ്ട്ര സമൂഹത്തിനുമുള്ള ഒരു ഉത്തരവാദിത്വമാണത്". പെട്ടെന്നുള്ള പ്രയോജനങ്ങൾ വർത്തമാനകാലത്തെയും ഭാവിയിലെയും, മനുഷ്യരും അല്ലാത്തവരുമായ ജീവജാലങ്ങളുടെയും മേൽ നിഷേധാത്മാകഫലം ഉളവാക്കാത്തവയായിരിക്കണം. അത്തരത്തിൽ വേണം പ്രകൃതിവിഭവങ്ങൽ ഉപയോഗിക്കാൻ. സ്വകാര്യസ്വത്തിന്റെ സംരക്ഷണം വസ്തുവകകളുടെ സാർവത്രിക ലക്ഷ്യവുമായി സംഘർഷമുണ്ടാകാത്തവിധത്തിലായിരിക്കണം. ഇപ്പോഴത്തെയും ഭാവിയിലെയും ജനങ്ങളുടെ ഉപകാരത്തിനായി, ഭൂമിയുടെ ഫലപുഷ്ടി മാനുഷിക പ്രവർത്തനം വഴി നശിപ്പിക്കാൻ ഇടവരരുത്. തലമുറകൾ തമ്മിലുള്ള ഐക്യദാർഢ്യത്തെക്കുറിച്ച് കൂടുതൽ സത്യസന്ധമായ ബോധമുണ്ടാകണം. അതിനും പുറമെ തലമുറകൾക്കുള്ളിൽ തന്നെ നവീകൃതമായ ദൃഢൈക്യബോ

ധമുണ്ടാകണം. അത് അടിയന്തരസ്വഭാവമുള്ള ഒരു ധാർമ്മികാവശ്യ മാണ്. പ്രത്യേകിച്ച്, വികസ്വരരാഷ്ട്രങ്ങലും ഉയർന്നതോതിലുള്ള വ്യവ സായവത്കൃത രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ അതുണ്ടായി രിക്കണം. "നവീകരിക്കാനാവാത്ത പ്രകൃതിവിഭവങ്ങളുടെ ചൂഷണം നിയന്ത്രിക്കാൻ സ്ഥാപനപരമായ മാർഗങ്ങൾ കണ്ടെത്തുകയെന്നത് അന്താരാഷ്ട്രസമൂഹത്തിന്റെ അടിയന്തരസ്വഭാവമുള്ള കടമയാണ്. ഭാവി ക്കുവേണ്ടിയുള്ള പദ്ധതി രൂപപ്പെടുത്താനാണത്. പ്രസ്തുത പ്രക്രിയ യിൽ ദരിദ്രരാഷ്ട്രങ്ങളെ ഉൾപ്പെടുത്തുകയും വേണം." സ്ഥലകാലങ്ങളെ (time and space) ആശ്ലേഷിക്കുന്ന ഒരു ഐക്യദാർഢ്യം അടിയന്തിര സ്വഭാവമുള്ളതാണെന്ന് പരിസ്ഥിതിപരമായ വിഷമസന്ധി കാണിക്കുന്നു. പരിസ്ഥിതിപരമായ ഇന്നത്തെ വിഷമസന്ധിയുടെ കാരണങ്ങളിൽ വ്യവ സായവത്കൃത രാഷ്ട്രങ്ങളുടെ ചരിത്രപരമായ ഉത്തരവാദിത്വം ഉൾക്കൊ ള്ളുന്നുവെന്ന് അംഗീകരിക്കുക സുപ്രധാനമാണ്. എന്നാലും കുറച്ചു മാത്രം വികസിച്ച രാജ്യങ്ങൾക്ക് - പ്രത്യേകിച്ച് വികസ്വരരാഷ്ട്രങ്ങൾക്ക് - സൃഷ്ടിയെ സംബന്ധിച്ച അവരുടെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴി വാകാനാവുകയില്ല. എന്തെന്നാൽ, പരിസ്ഥിതിപരമായ കാര്യക്ഷമമായ നടപടികളും പോളിസികളും ക്രമേണ സ്വീകരിക്കുകയെന്നത് എല്ലാവ രുടെയും കടമയാണ്. സാമ്പത്തികസഹായം (aid) നൽകുന്നതിലും അറിവും കൂടുതൽ വ്യക്തതയുള്ള സാങ്കേതിക വിദ്യകളും പങ്കുവയ്ക്കു ന്നതിലും സ്വാർത്ഥതാത്പര്യം കുറഞ്ഞിരുന്നാൽ ഇക്കാര്യം കൂടുതൽ എളുപ്പത്തിൽ സാധിക്കും.

9. ഒരു കാര്യം തീർച്ചയാണ്. അന്താരാഷ്ട്രസമൂഹം ഇന്നു കൈകാര്യം ചെയ്യേണ്ട മൗലിക പ്രശ്നങ്ങളിൽ ഒന്ന് ഊർജ്ജസ്രോത സ്സുകളാണ്. മറ്റൊന്ന്, ഇന്നത്തെയും ഭാവിയിലെയും തലമുറകളുടെ ഊർജ്ജപരമായ ആവശ്യങ്ങൾ നിറവേറ്റാൻ സംഘടിതവും സ്ഥിരവു മായ തന്ത്രങ്ങൾ വികസിപ്പിച്ചെടുക്കലാണ്. ഇതിന്റെ അർത്ഥമിതാണ്: സാങ്കേതികവിദ്യപരമായി പുരോഗമിച്ച സമൂഹങ്ങൾ, കൂടുതൽ നിയ ന്ത്രിതമായ (sober) ജീവിത ശൈലികൾ പ്രോത്സാഹിപ്പിക്കാൻ തയ്യാ റാകണം. അവരുടെ ഊർജ്ജോപഭോഗം കുറയ്ക്കണം. അതേസമയം, പരിസ്ഥിതിയെ കുറഞ്ഞ തോതിൽ മാത്രം ബാധിക്കുന്ന ഊർജ്ജരൂപ ങ്ങൾ കണ്ടെത്താനുള്ള ഗവേഷണവും അവയുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുകയും വേണം. ഊർജ്ജസ്രോതസ്സുകൾ ലോകവ്യാ പകമായി വിതരണം ചെയ്യപ്പെടണം. അത്തരം സ്രോതസ്സുകൾ ഇല്ലാത്ത രാജ്യങ്ങൾക്ക് അവ ലഭിക്കാൻ വേണ്ടിയാണത്". പരിസ്ഥിതിപരമായ വിഷമസന്ധി ചരിത്രപരമായ പ്രവർത്തനത്തിനുള്ള ഒരു പൊതുപദ്ധതി വികസിപ്പിക്കാനുള്ള ഒരവസരം നൽകുന്നുണ്ട്. സൃഷ്ടിയോടു വർദ്ധിച്ച

ആദരവിലേക്ക് ആഗോള വികസന മാതൃകയെ നയിക്കുന്ന ഒരു പൊതു പദ്ധതിയായിരിക്കണം അത്. അതുപോലെതന്നെ സത്യത്തിലുള്ള സ്നേഹത്തിന്റേതായ മൂല്യങ്ങളാൽ പ്രചോദിപ്പിക്കപ്പെട്ട സമഗ്രമാനുഷിക വികസനത്തെ ആദരിക്കുന്നതുമായിരിക്കണം. മനുഷ്യവ്യക്തിയുടെ കേന്ദ്രീയത, പൊതുനന്മയുടെ പങ്കുവയ്ക്കലിന്റെ വളർത്തൽ, ഉത്തരവാദിത്വബോധം, ജീവിതശൈലി മാറ്റുകയെന്ന ആവശ്യത്തിന്റെ തിരിച്ചറിവ്, നാളെ സംഭവിക്കാനിരിക്കുന്നതിനെ മുന്നിൽക്കണ്ട് ഇന്ന് എന്തു ചെയ്യണമെന്നു പറഞ്ഞുതരുന്ന സദ്ഗുണമായ വിവേകം എന്നിവയിൽ അടിയുറപ്പിച്ച ഒരു വികസനമാതൃക സ്വീകരിക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു.

10. പരിസ്ഥിതിയെയും ഈ ഗ്രഹത്തിലെ വിഭവങ്ങളെയും സ്ഥിരവും സമഗ്രവുമായ വിധത്തിൽ കൈകാര്യം ചെയ്യുന്നതിന് മനുഷ്യബുദ്ധിയെ സാങ്കേതികവിദ്യാപരവും ശാസ്ത്രീയവുമായ ഗവേഷണത്തിലേയ്ക്കും അതിന്റെ പ്രായോഗികമായ ഉപയോഗത്തിലേയ്ക്കും നയിക്കണം. ജോൺ പോൾ രണ്ടാമൻ, 1990-ലെ ലോക സമാധാനദിന സന്ദേശത്തിൽ "പുതിയ ദൃഢൈക്യ"ത്തിനായി ആഹ്വാനം ചെയ്തു.[22] ഞാൻ 2009-ലെ ലോക സമാധാനദിന സന്ദേശത്തിൽ "ആഗോളദൃഢൈക്യ"ത്തിനായി ആഹ്വാനം നടത്തി. ഭൂമിയുടെ വിഭവങ്ങളെ സംബന്ധിച്ച കൂടുതൽ നല്ല അന്തർദേശീയ ഏകോപിത മാനേജുമെന്റിലൂടെ സൃഷ്ടിയെ സംരക്ഷിക്കാനുള്ള നമ്മുടെ പരിശ്രമങ്ങളെ രൂപപ്പെടുത്തുന്നതിൽ അടിസ്ഥാനപരമായ മനോഭാവങ്ങളാണവ. പ്രത്യേകിച്ച്, പരിസ്ഥിതി നശീകരണത്തെ തടയുന്നതും സമഗ്രമാനുഷിക വികസനത്തെ വളർത്തുന്നതും തമ്മിലുള്ള ബന്ധം കൂടുതൽ കൂടുതൽ വ്യക്തമായി കൊണ്ടിരിക്കുന്ന ഇക്കാലത്ത് അവ അടിസ്ഥാനപരമായ മനോഭാവങ്ങളാണ്. ഇപ്പറഞ്ഞ രണ്ടു യാഥാർത്ഥ്യങ്ങളും തമ്മിൽ വേർതിരിക്കാനാവാത്തവയാണ്. എന്തെന്നാൽ, "വ്യക്തികളുടെ സമഗ്രവികസനത്തിന് മുഴുവൻ മനുഷ്യവംശത്തിന്റെയും വികസനത്തിനുള്ള സംഘടിതശ്രമം അത്യാവശ്യമാണ്." പരിസ്ഥിതിയോടുള്ള നമ്മുടെ ബന്ധമെന്ന പ്രശ്നത്തിന് തൃപ്തികരവും സന്തുലിതവുമായ പരിഹാരമാർഗങ്ങൾ നൽകാമെന്നു വാഗ്ദാനം ചെയ്യുന്ന ധാരാളം ശാസ്ത്രീയ വികസനങ്ങളും സമീപനപരമായ സംരംഭങ്ങളും ഇന്നുണ്ട്. അവയെ നാം പ്രോത്സാഹിപ്പിക്കണം. ഉദാഹരണമായി, അളവറ്റ സൗരോർജ്ജം ചൂഷണം ചെയ്യാനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ഗവേഷണം, ലോകവ്യാപകമായ ജലദൗർലഭ്യപ്രശ്നം, ആഗോള ജലചാക്രികാവർത്തി എന്നിവയിൽ ഇതുപോലുള്ള ശ്രദ്ധ വേണം. ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ജലം അത്യന്താപേക്ഷിതമാണല്ലോ. കാലാവസ്ഥാമാറ്റം കൊണ്ട്

അതിന്റെ സ്ഥിരത ഗൗരവാവഹമായ രീതിയിൽ അപകടപ്പെടാവുന്നതാണ്. ചെറുകിട കർഷകരെയും അവരുടെ കുടുംബങ്ങളെയും കേന്ദ്രീകരിച്ചുള്ള ഗ്രാമീണ വികസനത്തിനായി സമുചിതതന്ത്രങ്ങൾ കണ്ടെത്തണം. വനങ്ങളെ കൈകാര്യം ചെയ്യാനും മാലിന്യങ്ങളെ നിക്ഷേപിക്കാനുമുള്ള സമുചിതനയങ്ങൾ നടപ്പാക്കാനും ശ്രദ്ധിക്കണം. കാലാവസ്ഥാമാറ്റത്തെ തടയുക, ദാരിദ്ര്യത്തെ കീഴടക്കുക എന്നിവ തമ്മിലുള്ള ബന്ധത്തെ ശക്തിപ്പെടുത്തുകയും വേണം. ഇതിന് ആവേശകരമായ ദേശീയ പോളിസികൾ ആവശ്യമാണ്. അതോടൊപ്പം അന്താരാഷ്ട്ര സമർപ്പണബുദ്ധിയുമുണ്ടായിരിക്കണം. അവ, പ്രത്യേകിച്ച് മാധ്യമങ്ങളിൽ, ദീർഘകാലം സുപ്രധാന ഉപകാരങ്ങൾ ചെയ്തുകൊണ്ടിരിക്കും. സൃഷ്ടിയെ മാനിക്കുന്നതും മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതുമായ കാർഷികവും വ്യാവസായികവുമായ ഉത്പാദനത്തിന്റെ രൂപങ്ങളെ വളർത്തണം. അതിന്, കേവലം ഉപഭോഗ സംസ്കാരപരമായ മനോഭാവത്തിൽ നിന്ന് ഫലപ്രദമായി മുന്നേറുക അത്യാവശ്യമാണ്. പരിസ്ഥിതി പ്രശ്നം കൈകാര്യം ചെയ്യുന്നത്, പരിസ്ഥിതി നാശത്തിന്റെ സംഭ്രാന്തിജനകമായ കാഴ്ച ചക്രവാളത്തിൽ കാണുന്നതു കൊണ്ടുമാത്രമല്ല, അതിന്റെ യഥാർത്ഥ ലക്ഷ്യം സ്നേഹം, നീതി, പൊതുനന്മ എന്നീ മൂല്യങ്ങളാൽ പ്രചോദിപ്പിക്കപ്പെട്ട യഥാർത്ഥവും ലോകവ്യാപകവുമായ ഐക്യദാർഢ്യത്തിനു വേണ്ടിയുള്ള അന്വേഷണംകൊണ്ടുമായിരിക്കണം. ഇതിനെ സംബന്ധിച്ച് മറ്റൊരിടത്ത് ഞാൻ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: "സാങ്കേതികവിദ്യ കേവലം സാങ്കേതികവിദ്യയല്ല. അത് മനുഷ്യനെയും വികസനത്തിലേക്കു നീങ്ങുന്ന അവന്റെ അഭിലാഷങ്ങളെയും വെളിപ്പെടുത്തുന്നുണ്ട്. ക്രമേണ ഭൗതികപരിമിതികളെ കീഴടക്കാൻ അവനെ പ്രേരിപ്പിക്കുന്ന ആന്തരിക സംഘർഷം അതു വെളിവാക്കുന്നു. ഈ അർത്ഥത്തിൽ സാങ്കേതികവിദ്യ ദൈവത്തിന്റെ ഒരു കല്പനയോടുള്ള പ്രത്യുത്തരമാണ്. ദൈവം മനുഷ്യവംശത്തെ ഭരമേല്പിച്ച ഭൂമി ഉഴുതു കൃഷി ചെയ്യാനും സൂക്ഷിക്കാനുമുള്ള കൽപനയാണത്. (cf. ഉത്പ. 2:15). മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ഉടമ്പടി വീണ്ടും ഉറപ്പിക്കാൻ അതു സഹായിക്കണം. ആ ഉടമ്പടിയാകട്ടെ, ദൈവത്തിന്റെ സൃഷ്ടിപരമായ സ്നേഹം പ്രതിബിംബിക്കുന്നതാകണം." (സത്യത്തിൽ സ്നേഹം, 69).

11. പരിസ്ഥിതി നാശമെന്ന പ്രശ്നം നമുക്കെതിരേ ഒരു വെല്ലുവിളി ഉയർത്തുന്നുവെന്നു കൂടുതൽ കൂടുതൽ വ്യക്തമായി വരുന്നു. നമ്മുടെ ജീവിതശൈലിയും ഉപഭോഗത്തിന്റെയും ഉത്പാദനത്തിന്റെയും പ്രബലപ്പെട്ടിരിക്കുന്ന മാതൃകകളും പരിശോധിക്കണമെന്ന വെല്ലുവിളിയാണത്. അവയാകട്ടെ, സാമൂഹികവും പരിസ്ഥിതിപരവുമായ വീക്ഷ

ണപ്രകാരം, സാമ്പത്തികവീക്ഷണപ്രകാരം പോലും, മിക്കപ്പോഴും നില നിൽക്കത്തക്കതല്ല. വീക്ഷണത്തിന്റെ യഥാർത്ഥമായ മാറ്റം കൂടാതെ നമുക്കു മുന്നോട്ടുപോകാൻ സാധിക്കുകയില്ല. ആ മാറ്റത്തിന്റെ ഫല മായി പുതിയ ജീവിതശൈലികളുണ്ടാകും. അവയനുസരിച്ച്, ഉപഭോഗ വസ്തുക്കളുടെ തിരഞ്ഞെടുപ്പുകൾ, മിച്ചംവയ്ക്കൽ, നിക്ഷേപങ്ങൾ എന്നിവ തീരുമാനിക്കുന്നതിന്റെ പ്രധാന ഘടകങ്ങൾ താഴെ പറയുന്ന വയായിരിക്കും: സത്യത്തിനും സൗന്ദര്യത്തിനും നന്മയ്ക്കും പൊതുവ ളർച്ചയ്ക്കും മറ്റുള്ളവരുമായുള്ള കൂട്ടായ്മയ്ക്കും വേണ്ടിയുള്ള അന്വേ ഷണം. സമാധാനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം, വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും രാഷ്ട്രങ്ങളുടെയും ഭാഗത്തു നിന്നുണ്ടാകുന്ന ദൂരവ്യാപകമായ തീരുമാനങ്ങളോടെ വർദ്ധമാനമായ തോതിൽ തുടങ്ങണം. പരിസ്ഥിതി സംരക്ഷിക്കാനും സൂക്ഷിക്കാനും നമുക്കെല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. ഈ ഉത്തരവാദിത്വത്തിന് അതി രുകളില്ല. സഹായതത്ത്വം (Principle of Subsidiarity) അനുസരിച്ച് ഓരോ വ്യക്തിയും തന്റെ തലത്തിൽ, സ്വകാര്യ താത്പര്യങ്ങളുടെ പ്രാബല്യത്തെ കീഴടക്കാൻ പരിശ്രമിക്കണം. പ്രധാനപ്പെട്ട ഒരു കാര്യ മാണത്. ബോധവത്കരണത്തിന്റെയും പരിശീലിപ്പിക്കലിന്റെയും ഒരു പ്രത്യേക ധർമ്മം സിവിൾ സമൂഹത്തിലുള്ള വിവിധ ഗ്രൂപ്പുകളും ഗവൺമെന്റിതര സംഘടനകളും നിർവ്വഹിക്കണം. അവർ പരിസ്ഥിതി സംബന്ധമായ ഉത്തരവാദിത്വബോധം വ്യാപിപ്പിക്കാൻ നിശ്ചയദാർഢ്യ ത്തോടും ഔദാര്യത്തോടും കൂടെ അധ്വാനിക്കണം. ആ ഉത്തരവാദിത്വ ബോധം മാനുഷിക പരിസ്ഥിതിയോടുള്ള ആദരവിൽ പൂർവ്വാധികം അടി യുറച്ചായിരിക്കണം. മാധ്യമങ്ങൾക്കും ഇക്കാര്യത്തിൽ ഒരു ഉത്തരവാദി ത്വമുണ്ട്. ഭാവാത്മകവും പ്രചോദനാത്മകവുമായ മാതൃകകൾ നൽകാ നുള്ള ഉത്തരവാദിത്വമാണത്. ഒറ്റവാക്കിൽ പറഞ്ഞാൽ, പരിസ്ഥിതിയെ സംബന്ധിച്ച താത്പര്യം ലോകത്തെ സംബന്ധിച്ച വിശാലവീക്ഷണം ആവശ്യപ്പെടുന്നു. സ്വാർത്ഥത നിറഞ്ഞ ദേശീയ താത്പര്യങ്ങളിൽ അധി ഷ്ഠിതമായ സമീപനങ്ങൾക്കപ്പുറത്തേയ്ക്ക്, എല്ലാ ജനതകളുടെയും ആവശ്യങ്ങൾ സ്ഥിരമായി അംഗീകരിക്കുന്ന ഒരു ദർശനത്തിലേക്ക്, നീങ്ങാനുള്ള ഉത്തരവാദിത്വപൂർണമായ ഒരു പൊതുപരിശ്രമം ആവ ശ്യമാണ്. നമുക്കു ചുറ്റും സംഭവിക്കുന്നവയോടു നിസ്സംഗതാമനോഭാവം പുലർത്താൻ നമുക്കു സാധിക്കുകയില്ല. എന്തെന്നാൽ ഈ ആഗ്രഹ ത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തിന്റെ നാശം നമ്മെയെല്ലാം ബാധിക്കും. വ്യക്തികളും സാമൂഹികഗ്രൂപ്പുകളും രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധവും മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ബന്ധവും ആദരം, സത്യത്തിൽ സ്നേഹം എന്നിവയാൽ മുദ്രിതമായിരിക്കണം. കൂടുതൽ

വിപുലമായ ഈ സാഹചര്യത്തിൽ, ക്രമേണയുള്ള നിരായുധീകരണവും ന്യൂക്ലിയർ ആയുധങ്ങളില്ലാത്ത ഒരു ലോകവും ഉറപ്പുവരുത്താൻ അന്താരാഷ്ട്രസമൂഹങ്ങൾ നടത്തുന്ന പരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കാനേ നമുക്കു സാധിക്കുകയുള്ളൂ. ആ ആയുധങ്ങളുടെ സാന്നിധ്യം തന്നെ ഈ ഭൂഗോളത്തിലെ ജീവനെതിരേയുള്ള ഭീഷണിയാണ്; ഇപ്പോഴത്തെ തലമുറയുടെയും ഭാവിതലമുറകളുടെയും സമഗ്രവും തുടർച്ചയായിട്ടുള്ളതുമായ വികസനത്തിനും ഭീഷണിയാണ്.

12. സഭയ്ക്കു സൃഷ്ടിയെ സംബന്ധിച്ച് ഒരു ഉത്തരവാദിത്വമുണ്ട്. പൊതുജീവിതത്തിൽ ആ ഉത്തരവാദിത്വം പ്രകടിപ്പിക്കാൻ തനിക്ക് കടമയുണ്ടെന്നു സഭ കരുതുകയും ചെയ്യുന്നു. ഭൂമി, ജലം, വായു എന്നിവ എല്ലാവർക്കും വേണ്ടി സ്രഷ്ടാവായ ദൈവം നൽകിയ സമ്മാനമെന്ന നിലയിൽ സംരക്ഷിക്കുന്നതിനു വേണ്ടിയാണത്. സർവ്വോപരി, സ്വയം നശിപ്പിക്കുകയെന്ന അപകടത്തിൽ നിന്നു മനുഷ്യവംശത്തെ രക്ഷിക്കുന്നതിനുവേണ്ടിത്തന്നെ. പ്രകൃതി നശീകരണപ്രശ്നം മാനുഷിക സഹാസ്തിത്വത്തെ രൂപപ്പെടുത്തുന്ന സാംസ്കാരിക മാതൃകകളുമായി ദൃഢബന്ധം പുലർത്തുന്നു. അതിന്റെ ഫലമായി മാനുഷികപരിസ്ഥിതിയെ സമൂഹത്തിൽ ആദരിക്കുമ്പോൾ പ്രകൃതിപരമായ പരിസ്ഥിതിക്കും ഉപകാരം കിട്ടുന്നു. യുവജനം കുടുംബങ്ങളിലും മുഴുവൻ സമൂഹത്തിലും സ്വയം ആദരിക്കാൻ സഹായിക്കപ്പെട്ടില്ലെങ്കിൽ പരിസ്ഥിതിയെ ആദരിക്കാൻ അവരോട് ആവശ്യപ്പെടാൻ കഴിയുകയില്ല. പ്രകൃതിയെന്ന ഗ്രന്ഥം ഏകമാണ്; അവിഭാജ്യവുമാണ്. അത് പരിസ്ഥിതിയെ മാത്രമല്ല ഉൾക്കൊള്ളുന്നത്. പിന്നെയോ വ്യക്തി 'കുടുംബം' സാമൂഹികധർമ്മശാസ്ത്രം എന്നിവയെക്കൂടി ഉൾക്കൊള്ളുന്നുണ്ട് (സത്യത്തിൽ സ്നേഹം, 15,51). വ്യക്തിയെന്നനിലയിലും വ്യക്തിയോടുള്ള നമ്മുടെ കടമകളിൽ നിന്നുമാണ് പരിസ്ഥിതിയോടുള്ള നമ്മുടെ കടമകൾ ഉത്ഭവിക്കുന്നത്.

അതുകൊണ്ട്, സത്യത്തിൽ സ്നേഹം എന്ന എന്റെ ചാക്രിക ലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ, പരിസ്ഥിതിപരമായ വർദ്ധമാനമായ ഉത്തരവാദിത്വബോധം വളർത്തുവാനുള്ള പരിശ്രമങ്ങളെ ഞാൻ ഹൃദയപൂർവ്വം പ്രോത്സാഹിപ്പിക്കുന്നു. അതാകട്ടെ, യഥാർത്ഥമായ മാനുഷികപരിസ്ഥിതിയെ സംരക്ഷിക്കും. മനുഷ്യജീവന് ഓരോ ഘട്ടത്തിലും ഓരോ അവസ്ഥയിലുമുള്ള അലംഘനീയതയെയും വ്യക്തിമഹത്വത്തെയും കുടുംബത്തിന്റെ അനന്യമായ ദൗത്യത്തെയും ശക്തിയുക്തം വീണ്ടും ഉറപ്പിച്ചുപറയും. അയൽക്കാരനോടുള്ള സ്നേഹത്തിലും പ്രകൃതിയോടുള്ള ആദരവിലും വ്യക്തി പരിശീലിപ്പിക്കപ്പെടുന്നത് കുടുംബത്തിലാണല്ലോ (സത്യത്തിൽ സ്നേഹം, 28, 51, 61). സമൂഹത്തിന്റെ മാനുഷിക പൈതൃകം സംരക്ഷിക്കുക ആവശ്യമാണ്. മൂല്യങ്ങളുടെ ഈ പൈതൃകം സ്വാഭാവിക ധാർമ്മികനിയമത്തിൽ നിന്ന് ഉദ്ഭ

വിക്കുന്നു. അതിന്റെ ഭാഗമായിരിക്കുകയും ചെയ്യുന്നു. ആ ധാർമ്മിക നിയമമാകട്ടെ, മനുഷ്യവ്യക്തിയോടും സൃഷ്ടിയോടുമുള്ള ആദരവിന്റെ അടിസ്ഥാനമാണ്.

13. ശ്രദ്ധേയമായ ഒരു വസ്തുത നമുക്കു മറക്കാനും പാടില്ല. അനേകർ പ്രകൃതിയുടെ സൗന്ദര്യത്തോടും സമന്വയത്തോടും ഉറ്റ ബന്ധം പുലർത്തുമ്പോൾ സമാധാനവും ശാന്തിയും നവീകരണവും നവോന്മേഷവും അനുഭവിക്കുന്നുണ്ടെന്ന വസ്തുതയാണത്. ഒരു പരസ്പരപ്രവർത്തനം നടക്കുന്നുണ്ട്: നാം സൃഷ്ടിയെ സംരക്ഷിക്കുമ്പോൾ, ദൈവം സൃഷ്ടിയിലൂടെ നമ്മെ സംരക്ഷിക്കുന്നുവെന്ന് നാം തിരിച്ചറിയുന്നു. നേരെമറിച്ച്, മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ ശരിയായി മനസ്സിലാക്കിയാൽ പ്രകൃതിക്ക് സർവാധിപത്യം കൽപിക്കാതിരിക്കും; പരിസ്ഥിതിയെക്കാൾ പ്രാധാന്യമുള്ളതായി കരുതാതിരിക്കും. പരിസ്ഥിതികേന്ദ്രത്വവാദത്താലും (eco-centrism) ജീവകേന്ദ്രത്വവാദത്താലും (bio-centrism) പ്രചോദിപ്പിക്കപ്പെട്ട പരിസ്ഥിതിപരമായ ആശയങ്ങളെ സംബന്ധിച്ച ഗൗരവപൂർണ്ണമായ വഴിതെറ്റലുകളെ സഭയുടെ പ്രബോധനാധികാരം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ കാരണം, മനുഷ്യവ്യക്തികളുടെ തനിമയും മൂല്യവും തമ്മിലുള്ള വ്യത്യാസത്തെ അത്തരം ആശയങ്ങൾ ഒഴിവാക്കുന്നുവെന്നതാണ്. എല്ലാ ജീവജാലങ്ങളുടെയും മഹത്ത്വത്തെക്കുറിച്ചുള്ള സമത്വവാദപരവും സാങ്കല്പികവുമായ വീക്ഷണത്തിന്റെ പേരിൽ അത്തരം ആശയങ്ങൾ ഒഴിവാക്കുന്നുവെന്നതാണ്. എല്ലാ ജീവജാലങ്ങളുടെയും മഹത്ത്വത്തെക്കുറിച്ചുള്ള സമത്വവാദപരവും സാങ്കല്പികവുമായ വീക്ഷണത്തിന്റെ പേരിൽ അത്തരം ആശയങ്ങൾ മനുഷ്യജീവിയുടെ വ്യതിരിക്തതയും ഉന്നതധർമ്മവും ഇല്ലാതാക്കുന്നു. അവ പുതിയ ബഹുദേവതാവാദത്തിലേയ്ക്കു വഴി തുറക്കുകയും ചെയ്യുന്നു. അത് നവീന പേഗനിസവുമായി ബന്ധപ്പെട്ടതാണ്. അത് മനുഷ്യരക്ഷയുടെ കേവലം പ്രകൃതിപരമായ ഭാഷയിൽ മനസ്സിലാക്കുകയും ചെയ്യുന്നു. എന്നാൽ ഈ പ്രശ്നത്തെ സന്തുലമായ രീതിയിൽ സമീപിക്കാൻ സഭ താത്പര്യപ്പെടുന്നു. സ്രഷ്ടാവ് മനുഷ്യന് പ്രകൃതിയുടെ മേൽ ഉത്തരവാദിത്വമുള്ള കാര്യസ്ഥന്റെയും ഭരണകർത്താവിന്റെയും ധർമ്മമാണു നൽകിയത്. ആ ധർമ്മം മനുഷ്യൻ തീർച്ചയായും ദുരുപയോഗിക്കാൻ പാടില്ല. എന്നാൽ, അവൻ അതു തള്ളിക്കളയാനും പാടില്ല. അതുപോലെ, ഇതിനു വിപരീതമായിട്ടുള്ള ഒരു നിലപാടുണ്ട്. അത് സാങ്കേതികവിദ്യയെയും മാനുഷിക ശക്തിയെയും പരമാവധിപത്യമുള്ളതായി കരുതുന്നു. അതിന്റെ ഫലമാകട്ടെ, പ്രകൃതിയെ മാത്രമല്ല, മനുഷ്യമഹത്വത്തെ തന്നെയും ഗൗരവാവഹമായ തോതിൽ ആക്രമിക്കുന്നു.

14. സമാധാനം വളർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ സൃഷ്ടിയെ സംരക്ഷിക്കുക. ദൈവവും മനുഷ്യരും മുഴുവൻ സൃഷ്ടിയും തമ്മിലുള്ള വേർതിരിക്കാനാവാത്ത ബന്ധം എല്ലാവരും അംഗീകരിച്ചാൽ സന്മനസ്സുള്ളവർ നടത്തുന്ന സമാധാനത്തിനായുള്ള അന്വേഷണം തീർച്ചയായും എളുപ്പമുള്ളതാകും. ക്രൈസ്തവർ, ദൈവിക വെളിപാടിന്റെ വെളിച്ചത്തിലും സഭയുടെ പാരമ്പര്യത്തോടുള്ള വിശ്വസ്തതയിലും തങ്ങളുടേതായ സംഭാവനകൾ നൽകുന്നുണ്ട്. അവർ പ്രപഞ്ചത്തെയും അതിന്റെ വിസ്മയങ്ങളെയും കുറിച്ച്, പിതാവായ ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവൃത്തിയുടെ വെളിച്ചത്തിൽ ധ്യാനിക്കുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും (കൊളേ 1:20) തന്റെ മരണവും ഉത്ഥാനവും വഴി ദൈവത്തോടു രമ്യതപ്പെടുത്തിയ ക്രിസ്തുവിന്റെ രക്ഷാകരകർമ്മത്തിന്റെ വെളിച്ചത്തിലും ധ്യാനിക്കുന്നു. ക്രൂശിക്കപ്പെട്ട് ഉത്ഥിതനായ ക്രിസ്തു തന്റെ പരിശുദ്ധാത്മാവിനെ ചരിത്രഗതിയെ നയിക്കാനായി മനുഷ്യവംശത്തിന്റെമേൽ പ്രവഹിപ്പിച്ചു. രക്ഷകന്റെ മഹത്വപൂർണ്ണമായ പുനരാഗമനത്തിൽ പുതിയ ആകാശവും പുതിയ ഭൂമിയും (2 പത്രോ 3:13) ഉണ്ടാകുന്ന ദിവസത്തിന്റെ മുന്നാസ്വാദനമായിട്ടാണ് അങ്ങനെ ചെയ്തത്. ആ ദിവസത്തിൽ നീതിയും സമാധാനവും ശാശ്വതമായി നിവസിക്കും. അങ്ങനെ, സമാധാനത്തിന്റെ ഒരു ലോകം സൃഷ്ടിക്കാൻ പ്രകൃതിയുടെ പരിസ്ഥിതിയെ സംരക്ഷിക്കുകയെന്നത് എല്ലാവരുടെയും കടമയാണ്. അടിയന്തരസ്വഭാവമുള്ള ഒരു വെല്ലുവിളിയാണത്. നവീകൃതവും സംഘടിതവുമായ പരിശ്രമത്തോടെ നേരിടേണ്ട വെല്ലുവിളി തന്നെ. വരുംതലമുറകളിൽ എല്ലാവർക്കും നല്ലൊരുഭാവി കൈമാറാനുള്ള കരുതൽപരമായ ഒരവസരം കൂടിയാണത്. മനുഷ്യവംശത്തിന്റെ ഭാവിയെക്കുറിച്ചു താത്പര്യമുള്ള ലോകനേതാക്കളും എല്ലാ തലങ്ങളിലുമുള്ള മറ്റു വ്യക്തികളും ഒരു വസ്തുത വ്യക്തമായി ഗ്രഹിക്കണം. സൃഷ്ടിയുടെ സംരക്ഷണവും സമാധാനസംസ്ഥാപനവും തമ്മിൽ അഗാധമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണ് ആ വസ്തുത. ഇക്കാരണത്താൽ സമാധാനം വളർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ സൃഷ്ടിയെ സംരക്ഷിക്കുക എന്ന അടിയന്തരസ്വഭാവമുള്ള ആഹ്വാനം ഹൃദയത്തിൽ വഹിക്കാൻ എല്ലാ സ്ത്രീപുരുഷന്മാർക്കും സാധിക്കുന്നതിന്, സർവശക്തനായ സ്രഷ്ടാവും കരുണയുടെ പിതാവുമായ ദൈവത്തോട് തീക്ഷ്ണതയോടെ പ്രാർത്ഥിക്കാൻ എല്ലാ വിശ്വാസികളെയും ഞാൻ ക്ഷണിക്കുന്നു.

വത്തിക്കാനിൽ നിന്ന് ഡിസംബർ 8, 2009

**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

## Guidelines regarding the adaptation of a rite, bi-ritualism and incardination of members of one *sui iuris* Church seeking admission to another *sui iuris* Church.

In the recent past, there have been cases in which members of some Religious Congregations from one *sui iuris* Church would seek admission to another *sui iuris* Church without the requisite permission and documents. This situation becomes more complicated when it involves the ordination of a priest without prior consultation with his own *sui iuris* Church before passing to another.

In this juncture, the Congregation for the Oriental Churches has considered it necessary to remind of some procedural guidelines regarding the adaptation of a rite, biritualism, and incardination of members of one *sui iuris* Church seeking admission to another *sui iuris* Church.

A) A member of a *sui iuris* Church who seeks to be admitted to the novitiate of a Religious Congregation which subscribes to another *sui iuris* Church must have the permission of the Holy See. The Superior General Should send to the Congregation for Oriental Churches a letter recommending the candidate's acceptance, a copy of the Baptismal certificate of the candidate, a personal letter of request from the candidate and an authorization from the bishop/chancery of the candidate's proper eparchy/diocese.

B) Before Ordination, where a diocesan seminarian is concerned who seeks to ascribe to another *sui iuris* Church, it is incumbent upon the receiving diocese to ensure, with the cooperation of the seminary authorities, that a request be made to the Dicastery for an Accommodation of Rite. Again, this would be accompanied by an authorization from the eparchy/diocese of origin.

C) Regarding biritualism, those who serve in dioceses of *sui iuris* Churches other than their own must have an indult of birutualism from the Holy See, requested either by the receiving bishop or, in the instance of Religious Congregations, from the Superior General or Provincial. This indult is for a designated period of time and must then be renewed. The mere fact of being assigned to another *sui iuris* Church's jurisdiction by one's Superior / Bishop does not automatically grant biritualism.

There are areas (e.g. USA, Canada, Australia, New Zealand, Britain, ect.) Where the failure to comply with this canonical requirement could be interpreted by civil legal authorities as evidence of "negligence" on the part of the receiving diocese. If a legal dispute should arise involving a priest who was not properly authorized in every respect to serve in said diocese, civil lawyers could use that fact in lawsuits filed against a diocese should the priest otherwise act contrary to civil law (e.g. transgressions of morality).

D) If a Religious with biritual faculties leaves the Congregation, the indult ceases. Another request must be made to the Holy See by the competent authority of the diocese/eparchy where they relocate and which acknowledges that permission of that priest's proper *sui iuris* Church has been granted for their service in another jurisdiction.

E) A Religious cannot be incardinated in a diocese/eparchy while still subject to their Religious Congregation.

**Archbishop Pedro Lopez Quintana**
Apostolic Nuncio

# World AIDS Day Message 2009

## Stop AIDS
## Keep the promise: Universal Access and Human Rights

The theme for The World AIDS Day (Dec. 1), each year, is chosen after extensive consultation by many global health organization including WHO and UNAIDS. For each World AIDS day from 2005 to 2010, the theme chosen is "stop AIDS; keep the promise" with a yearly subtheme. Thus, the theme for this year (2009) is "stop AIDS; keep the promise: Universal Access and Human Rights."

***Is it possible?*** To stop AIDS; to keep the promise; to provide universal access to those who are infected with the virus; and to respect the human rights of those affected and suffering from HIV? For most of the common people, HIV (the infection) and AIDS (the syndrome/sickness) are the same. Most of them do not understand that an HIV infected person, can be assisted, in preventing the infection progressing into its final stage- AIDS, and can live a normal life. In such a situation, it is difficult to believe that AIDS CAN be stopped!

***ART, the great contribution:*** Even since HIV became a problem, there had been efforts to stop it from becoming a threat to humanity. So many individuals, groups, organization, and countries have contributed to this effort. One of the greatest contributions of science and technology to humanity is ART (Anti Retroviral Therapy) that prevents HIV infection from progressing into AIDS. Today with the availability of ART, it IS possible to stop HIV infection progressing into AIDS, and prevent unnecessary, suffering and premature death. With the incorporation of ART into the national programs, and availability of drugs through the ART centers, free of cost, universal access has become a possibility!

***Universal access:*** But how do we ensure that these

contributions of science, technology and national programs, result in universal access? That every HIV infected child, mother, and adult have access to ART? One of the important ways is by rediscovering the principles of Primary Health Care (PHC). PHC is essential health care, accessible for all, at a cost they can afford. One of the 4 principles of PHC is equitable distribution- "commitment to health equity as part of development, oriented to social justice". That is the key to universal access. That is where all have to keep their promises! The pharmaceutical industries need to make ART available at affordable prices; the politicians have to work towards good governance that strengthens the primary health care systems of the country. The NGOs, CBOs, FBOs, the corporate sector, the peoples' movements, and the other civil society initiatives, need to rise above their own little world and work together, towards strengthening the National programs, and by standing for the people.

***Catholic social teaching and distributive justice:*** Distributive justice is very much part of the catholic social teachings. Much before the primary health Care declaration at *Alma Ata* (Sept. 12, 1978), Catholic Church spoke about social justice and equitable distribution (distributive justice), through its encyclical, 'Rerum Novarum' by Pope Leo XIII (May 15, 1891). "Among the many and grave duties of rulers who would do their best for the people, the first and chief is to act with strict justice-with that which is justice called distributive-toward each and every class alike" (RN, 33).

The social teaching of the Church is translated into action in the field of health care through its vast health care network in the country, which is the 2nd largest, next to the government of India. Of the 5500 plus health care institutions of the catholic church in India, about 80% of them are small clinics in the remote parts of the country, contributing to primary health care, through its committed work force, mostly religious sisters. These clinics can very much be part of the national program, to ensure universal access.

***Indian Church and HIV/AIDS:*** The Catholic Church in India had been involved in the field of HIV/AIDS since it became a problem in India. This involvement had been in the areas of prevention, care, and rehabilitative services through its vast network

of NGOs, CBOs, and other institutions; for example, the various congregations like the Camillians, other congregations run by religious sisters, CHAI, diocesian social service societies, Caritas India Network, Sister Doctors, Catholic Nurses Guild, CRS, CMMB, St. John's Medical College, and so on. The effort to bring together many of the above mentioned networks as a coalition for HIV/AIDS became concretized with the registration of this coalition into a separate society, CBCI CARD (CBCI Coalition for Aids and Related Diseases). The Catholic Bishops' Conference of India (CBCI), through its health commission, had been involed in the PACT project (Promoting Access to Care and Treatment) sponsored by the Global Fund since June, 2007. This is being done as a concrete expression and example of the CBCI policy on HIV/AIDS - "Commitment to Compassion and Care." Under the PACT project CBCI has been able to set up 44 Community Care Centers (CCC) in five states-Gujarat, West Bengal, Bihar, Chhattisgarh and Orissa. A total of 18,381 People living with HIV (PLHIV) have been enrolled and accessed services from these CCCs till August 2009. These CCCs have been assisting the ART centers, for providing short term care, counseling, and ensuring drug adherence of the PLHIV, who were started on treatment. Moreover, 97 PLHIV is working with us as project staff. Their presence in the project is truly inspirational for their peers, who discover hope, in the midst of discrimination and suffering!

***Conclusion:*** On this world AIDS day, in solidarity with all other organizations, the Catholic Church in India, 'in the footsteps of Jesus the divine healer', will continue its' commitment to compassion and care for those afflicted by HIV/AIDS, to stop AIDS; to keep the promise, to bring forth universal access and to work towards the promotion of the human rights of every citizen of India, living with HIV/AIDS, especially the poor and the marginalized!

*December 1, 2009*

***Archbishop Bernard Moras***
***Chairman, CBCI Health Commission***

# വൈദീകവർഷം

## 2009 ജൂൺ 19 – 2010 ജൂൺ 19

**നമ്മുടെ വിചിന്തനത്തിന്**

"വിശ്വാസത്തിന്റെ പ്രബോധകരാണ് വൈദികർ. ഓരോ വിശ്വാസിയും തന്റെ ദൈവവിളിയെ സുവിശേഷ പ്രബോധനങ്ങളായനുസരിച്ച് അനുവർത്തിക്കുന്നുണ്ടോയെന്നും, ആത്മാർത്ഥവും, കർമ്മോത്മുഖവുമായ സ്നേഹത്തിലേയ്ക്കും, ക്രിസ്തു നമുക്കായി നേടിതന്ന സ്വാതന്ത്ര്യത്തിലേക്കും പരിശുദ്ധാരൂപിയാൽ അവർ ആനീതരാകുന്നുണ്ടോ എന്നും നോക്കാൻ വൈദികർക്ക് കടമയുണ്ട്. ഈ കടമ അവർ നേരിട്ടോ മറ്റുള്ളവർ വഴിയോ നിർവ്വഹിക്കണം. തിരുക്കർമ്മാനുഷ്ഠാനങ്ങൾ എത്ര വിഷിഷ്ടവും വിവിധ സംഘടനകൾ എത്രയധികം ഉൽക്കർഷോന്മുഖമായാലും ജനങ്ങളെ ക്രിസ്തീയ പക്വത പ്രാപിക്കാൻ അഭ്യസിപ്പിക്കുന്നില്ലെങ്കിൽ അവയെല്ലാം നിരർത്ഥകങ്ങൾ മാത്രമാണ്. ഈ ലക്ഷ്യം പ്രാപിക്കാൻ ചെറുതോ, വലുതോ ആയ ഓരോ ജീവിത സംഭവത്തിലും ദൈവത്തിന്റെ തിരുമനസ് എന്താണെന്നും, ഏത് മാർഗ്ഗത്തിലൂടെ ചരിക്കണമെന്നും അവർ ഗ്രഹിക്കാൻ വൈദികർ സഹായിക്കേണ്ടതാണ്..."

(രണ്ടാം വത്തിക്കാൻ സൂനഹദോസ്, പ്രമാണരേഖ, *വൈദികർ* – 6) കൗൺസിലിന്റെ പഠനങ്ങൾ നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കാം. പുതുവത്സരാശംസകൾ.

**അഖണ്ഡ ആരാധന നടത്തേണ്ട സ്ഥലങ്ങൾ**

| Date | Name of Parish / Institution |
|---|---|
| **February** 1 | OSC Convent, Kaniyaram |
| '' 2 | CMC Convent, Mananthavady |

| | | |
|---|---|---|
| '' | 3 | SAB Convent, Mananthavady |
| '' | 4 | SD Convent, Mananthavady |
| '' | 5 | SDS Convent, Mananthavady |
| '' | 6 | SD Convent, Parathottam |
| '' | 7 | SH Convent, Puthiyidom |
| '' | 8 | MSMI Convent, Thalapuzha |
| '' | 9 | Green Gardens, Thalapuzha |
| '' | 10 | SABS Convent,Thavinjal |
| '' | 11 | SND Convent, Valad |
| '' | 12 | MLF Convent, Yavanarkulam |
| '' | 13 | SH Convent, Manimooly |
| '' | 14 | SABS Convent, Manimooly |
| '' | 15 | SH Convent, Hospital Com., Manimooly |
| '' | 16 | SKD Convent, Munderi |
| '' | 17 | FC Convent, Narivalamunda |
| '' | 18 | SH Convent, Njarapadam |
| '' | 19 | SKD Convent, Palankara |
| '' | 20 | FC Convent, Palemad |
| '' | 21 | FC Convent, Pathiripadam |
| '' | 22 | CMC Convent, Thalanji |
| '' | 23 | Carmelgiri, Thalanji |
| '' | 24 | FC Convent, Chungathara |
| '' | 25 | SABS Convent, Adikkolly |
| '' | 26 | SKD Convent, Amarakuni |
| '' | 27 | SKD Convent, Irulam |
| '' | 28 | CMC Convent, Kabanigiri |

**ഫാ. ബെന്നി മുതിരക്കാലായിൽ**

കൺവീനർ, വൈദീകവർഷാചരണ കമ്മിറ്റി

# രൂപതാകച്ചേരി വാർത്തകൾ

**മദ്യവിരുദ്ധ ഞായർ ജനുവരി 24**

നമ്മുടെ സംസ്കാരത്തെയും ധാർമ്മികതയേയും മനുഷ്യബന്ധങ്ങളേയുമെല്ലാം വളരെ ദോഷകരമായി സ്വാധീനിക്കുന്ന ഒരു വിപത്താണല്ലോ മദ്യപാനം. സമൂഹ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കേണ്ടവർ തന്നെ മദ്യസംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന ഇക്കാലത്ത് സമൂഹത്തിന്റെ നല്ല ഭാവി സ്വപ്നം കാണുന്നവർക്കും, സാമൂഹ്യ പ്രതിബദ്ധതയുള്ളവർക്കും നിഷ്ക്രിയരായിരിക്കാൻ കഴിയില്ല. മദ്യത്തിനെതിരായ ബോധവൽക്കരണം, പ്രതിഷേധം, പ്രാർത്ഥന, മദ്യവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവവഴി മദ്യസംസ്കാരത്തിനെതിരെ പ്രതികരിക്കാൻ നമുക്കു കഴിയണം. അതിനാൽ എല്ലാ ഇടവകകളിലും മദ്യവിരുദ്ധ ബോധവൽക്കരണവും, മദ്യസംസ്കാരത്തിനെതിരായ പ്രതിഷേധവും മദ്യത്തിന്റെ പിടിയിൽ തകർന്നവർക്കു മോചനവും നൽകുന്നതിനുള്ള പ്രവർത്തനങ്ങളുമെല്ലാമായി ആ ദിനം സമുചിതമായി ആചരിക്കാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ എല്ലാ ബഹു. വികാരിമാരോടും സ്ഥാപന, സംഘടനാ നേതൃത്വത്തിലുള്ളവരോടും പ്രത്യേകം ആഹ്വാനം ചെയ്യുന്നു. കൂടാതെ അന്ന് പ്രത്യേക സ്തോത്രക്കാഴ്ച എടുത്ത് മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി രൂപതാ കേന്ദ്രത്തിൽ അയച്ച് തരുവാനും പ്രത്യേകം അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹു. കുറ്റിക്കാട്ടു കുന്നേലച്ചനെയും അച്ചനോട് ത്യാഗപൂർവ്വം സഹകരിച്ച് പ്രവർത്തിക്കുന്ന എല്ലാവരേയും ഹൃദയപൂർവ്വം അനുമോദിക്കുന്നു. അവരുടെ പ്രവർത്തനങ്ങളോട് ആത്മാർത്ഥമായി സഹകരിക്കാൻ നമുക്കും പ്രതിജ്ഞാബദ്ധരാകാം.

**അനുമോദനങ്ങൾ - റവ. ഡോ. ജസ്റ്റിൻ മൂന്നാനാൽ**

കോഴിക്കോട് സർവ്വകലാശാലയിൽനിന്നും ലൈബ്രറി സയൻസിൽ ഡോക്ടറേറ്റു നേടിയ ബഹു. ജസ്റ്റിൻ മൂന്നാനാൽ അച്ചന് ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ! അച്ചന്റെ ഇനിയുള്ള പ്രവർത്തനങ്ങളിൽ ഈ വലിയ നേട്ടം ഏറ്റം സഹായകമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**റവ. ഫാ. ജെയ്സ് ചെട്ട്യാശ്ശേരി**

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസത്തിൽ ബിരുദാനന്തര ബിരുദ പരീക്ഷയിൽ രണ്ടാം റാങ്കു നേടിയ ബഹു. ജെയ്സ് ചെട്ട്യാശ്ശേരി അച്ചന് ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ. റേഡിയോ മാറ്റൊലിയുടെ അസിസ്റ്റന്റ് ഡയറക്ടറായി സേവനം ചെയ്യുന്ന ജെയിസച്ചൻ ഡോൺ ബോസ്ക്കോ മാസികയിൽ സ്ഥിരമായി കവിതകൾ, കഥകൾ, ലേഖനങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. അച്ചന്റെ കലാ സാഹിത്യ രംഗങ്ങളിലുള്ള കഴിവുകളും പ്രൊഫഷണൽ മേഖലയിൽ നേടിയ അറിവും റേഡിയോ മാറ്റൊലിക്ക് ഒരു വലിയ മുതൽകൂട്ടാണ്. അച്ചന് എല്ലാ നന്മകളും നേരുന്നു.

**ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ**

സംസ്ഥാനത്തെ ഏറ്റവും നല്ല ലഹരിവിരുദ്ധ പ്രവർത്തകനെന്ന നിലയിൽ ബിഷപ് മാക്കിയിൽ മെമ്മോറിയൽ അവാർഡിന് അർഹനായ ശ്രീ. ജോൺസൺ തൊഴുത്തുങ്കലിന് രൂപത മുഴുവന്റെയും ആത്മാർത്ഥമായ അനുമോദനങ്ങൾ.

**K.C.Y.M.**

കെ.സി.വൈ.എം. സംസ്ഥാന മത്സരങ്ങളിൽ നമ്മുടെ രൂപത രണ്ടാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. കഴിഞ്ഞ 3 വർഷങ്ങളിൽ തുടർച്ചയായി ഒന്നാംസ്ഥാനം നിലനിർത്തിയിരുന്ന നമുക്ക് ചുരുങ്ങിയ പോയിന്റിന്റെ പേരിൽ രണ്ടാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. പങ്കെടുക്കേണ്ടിയിരുന്ന എല്ലാവരും പങ്കെടുത്തിരുന്നെങ്കിൽ ഒന്നാം സ്ഥാനം നിലനിർത്താമായിരുന്നു. ത്യാഗപൂർവ്വം സഹകരിക്കുകയും നേതൃത്വം നൽകുകയും ചെയ്ത എല്ലാവർക്കും ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ.

**വൈദിക സമ്മേളനം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന മുഴുവൻ വൈദികരു

ടെയും ഒരു സമ്മേളനം ജനുവരി 26–ന് 10.30 a.m. മുതൽ 4.00 p.m. വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്.

**രൂപതാ വെബ്സൈറ്റ്**

ചില സാങ്കേതിക കാരണങ്ങളാൽ രൂപതാ വെബ്സൈറ്റിന്റെ അഡ്രസ്സിൽ മാറ്റം വന്നിരിക്കുന്നു. പുതിയ അഡ്രസ്സ് www.diocesemdy.org

**വയനാട് ഇൻഫാം ഡയറക്ടർ**

വയനാട് ഇൻഫാം എന്ന പേരിൽ 2009 ഒക്ടോബർ 14–ന് രൂപീകൃതമായ കർഷക സംഘടനയുടെ ഡയറക്ടറായി റവ. ഫാ. സുനിൽ വട്ടുകുന്നേലിനെ സംഘടനയുടെ രക്ഷാധികാരിയായ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം നിയമിച്ചിരിക്കുന്നു. ഡിസംബർ 15–ാം തീയതി ബഹു. സുനിൽ അച്ചൻ സ്ഥാനമേറ്റു. വയനാട് ഇൻഫാം പ്രവർത്തകർക്കും നേതൃത്വം നൽകുന്ന ബഹു. സുനിലച്ചനും എല്ലാവിധ വിജയങ്ങളും നന്മകളും നേരുന്നു.

**പുതിയ ഫോൺ നമ്പർ**

സെന്റ് ജോസഫ്സ് ചർച്ച് പ്രശാന്തഗിരി 04935 – 266068

**അനുമോദനങ്ങൾ – സി. സിൻക്ലെയർ**

ഫ്രാൻസിസ്കൻ ക്ലാരസഭയുടെ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട സി. സിൻക്ലെയറിന് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ! പുതിയ ദൗത്യം ഏറ്റവും നന്നായി നിറവേറ്റുവാൻ വേണ്ട ദൈവാനുഗ്രഹം ധാരാളമായി ലഭിക്കുവാൻ ഈശോയോട് പ്രത്യേകം പ്രാർത്ഥിക്കാം.

**പുതിയ പ്രൊവിൻഷ്യൽ ടീം അംഗങ്ങൾ**

പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിനും ടീം അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

## FCC - Congregation

| | |
|---|---|
| Provincial Superior | - Sr. Anitha Thomas |
| Asst. Provincial | - Sr. Stephina |
| Councillors | - Sr. Philo Thomas |
| | - Sr. Pushpa Jose |
| | - Sr. Pavana |
| Provincial Procurator | - Sr. Jancy Jose |
| Provincial Secretary | - Sr. Jossy Tom |

## SH - Congregation

| | | |
|---|---|---|
| Provincial Superior | - | Sr. John Mary Kizhakarakattu |
| Vicar Provincial | - | Sr. Ancy Paul Arackal |
| Councillors | - | Sr. Betty Mathew Kizhakkaeparambil |
| | - | Sr. Mercy George Kunnel |
| | - | Sr. Tresa Plathottam |
| Provincial Auditor | - | Sr. Daisy Mathew Kizhakkeyil |
| Provincial Procurator | - | Sr. Therese John Maliackal |

## CMC - Congregation

| | | |
|---|---|---|
| Provincial Superior | - | Sr. Bency |
| Asst. Provincial | - | Sr. Jeesa |
| Councillors | - | Sr. Susanna |
| | - | Sr. Piusha |
| | - | Sr. Merina Paul |
| Finance Councillor | - | Sr. Jobitta |
| Provincial Secretary | - | Sr. Deena Rose |

## SABS - Congregation

| | | |
|---|---|---|
| Provincial Superior | - | Sr. Alice Chundattu |
| Asst. Provincial | - | Sr. Tresa Vadakkath |
| Councillors | - | Sr. Jose Mary Kuzhimullil |
| | - | Sr. Paulin Mukala |
| | - | Sr. Rosebell Edamuriyil |
| Provincial Procurator | - | Sr. Philo Maria Kummankottil |
| Provincial Secretary | - | Sr. Jissa Rose Neendukunnel |

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദിക സമിതി - റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ വൈദിക സമിതി (Presbyteral Council) യുടെ ഒരു യോഗം 2009 നവംബർ 24-ന് മാനന്തവാടി ബിഷപ്സ് ഹൗസിൽ ചേരുകയുണ്ടായി ബഹു. തോമസ് കച്ചിറയിൽ അച്ചന്റെ പ്രാർത്ഥനയോടെ 10 മണിയ്ക്ക് യോഗം ആരംഭിച്ചു. പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ എല്ലാവർക്കും സ്വാഗതം ആശം സിച്ചു. രണ്ട് തരത്തിലുള്ള വ്യക്തികളാണ് സമൂഹത്തിലുള്ളതെന്നും അവരെ ചിറകുള്ള മനുഷ്യരെന്നും ചിറകില്ലാത്ത മനുഷ്യരെന്നും തരം തിരിക്കാമെന്നും ചിറകില്ലാത്ത മനുഷ്യർ വെറും ഭൗതികമായ ചിന്തക ളിലും താൽപര്യങ്ങളിലും ജീവിക്കുന്നവരാണെന്നും ഉന്നത ചിന്തയു ള്ളവരും ഭാവിയെക്കുറിച്ച് കാഴ്ചപ്പാടുള്ളവരും ചിറകുള്ള മനുഷ്യരുടെ ഗണത്തിൽപെടുന്നുവെന്നും ഇക്കൂട്ടർക്ക് ഉയർന്ന് ചിന്തിക്കുവാനുള്ള ഇച്ഛാശക്തിയുണ്ടായിരിക്കുമെന്നും നാം ഇത്തരത്തിലുള്ള വ്യക്തികളാ യിരിക്കണമെന്നും അച്ചൻ ആഹ്വാനം ചെയ്തു. സഭ വെറും സാമൂഹ്യ പ്രവർത്തകയല്ലെന്നും ക്രിസ്തുവിന്റെ സ്നേഹം പ്രകടമാകുന്നതിനുള്ള വേദികളാകണം നമ്മുടെ സാമൂഹ്യപ്രവർത്തനങ്ങളെന്നും നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടേയും ആത്യന്തിക ലക്ഷ്യം നിത്യരക്ഷയായി രിക്കണമെന്നും അച്ചൻ സൂചിപ്പിച്ചു.

തുടർന്ന് അഭിവന്ദ്യ പിതാവ് സംസാരിച്ചു. വൈദിക വർഷത്തിലെ ഈ യോഗം പ്രത്യേകം പ്രാധാന്യമർഹിക്കുന്നുവെന്നും ഒരു വ്യക്തി യെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരുവൻ തന്നെക്കുറിച്ചുതന്നെ ചിന്തിക്കുന്ന വ്യക്തിത്വം, മറ്റുള്ളവർ ആ വ്യക്തിയെക്കുറിച്ച് ചിന്തിക്കുന്ന വ്യക്തിത്വം, യഥാർത്ഥത്തിൽ ഒരു വ്യക്തി ആയിരിക്കുന്ന വ്യക്തിത്വം എന്നിങ്ങനെ തരം തിരിക്കാമെന്നും രൂപതയുടെ അവസ്ഥയും ഇതുപോലെതന്നെ യാണെന്നും രൂപതയ്ക്ക് ഉള്ളിലുള്ളവർക്ക് രൂപതയുടെ അവസ്ഥയെ ക്കുറിച്ച് ഒരാശയവും രൂപതയ്ക്ക് പുറമെയുള്ളവർക്ക് മറ്റൊരാശയവും എന്നാൽ യഥാർത്ഥത്തിൽ രൂപതയുടെ ഒരു അവസ്ഥയും ഉണ്ടാകാം എന്നും അഭിപ്രായപ്പെട്ട അഭിവന്ദ്യപിതാവ് ആ അവസ്ഥ എന്താണെന്നും മനസ്സിലാക്കി ഭാവി പരിപാടികൾക്ക് നാം രൂപം കൊടുക്കണമെന്നും, വിദ്യാഭ്യാസത്തെ ഒരു ദൈവവിളിയായി മനസ്സിലാക്കണമെന്നും, എല്ലാ ജീവിതവും ദൈവവിളിയാണെന്നും, അത് മഹത്തരമാണെന്നും, അധ്യാ പനം ദൈവത്തിന്റെ ദാനമാണെന്ന ചിന്തയോടെ ദൈവത്തെയോർത്തു കൊണ്ട് അധ്യാപകർ തങ്ങളുടെ ദൗത്യം നിർവ്വഹിക്കണമെന്നും,

നമ്മുടെ കുട്ടികൾക്ക് ജീവിതമാർഗ്ഗദർശനം കൊടുക്കണമെന്നും അങ്ങിനെ മൂല്യബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ നമ്മുടെ വിദ്യാലയങ്ങൾക്ക് സാധിക്കണമെന്നും ഉദ്ബോധിപ്പിച്ചു.

തുടർന്ന് സെമിനാരി പരിശീലനത്തിൽ അഭിമുഖീകരിക്കുന്ന സാമ്പത്തിക ബാധ്യതയെക്കുറിച്ച് സൂചിപ്പിച്ച അഭിവന്ദ്യ പിതാവ് ശ്രദ്ധാർഹമായ മറ്റു ചില കാര്യങ്ങൾകൂടി പങ്കുവച്ചു. നമ്മുടെ സെമി നാരി വിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാൻ ഭീമമായ ഒരു തുക വരു ന്നുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ മേജർ സെമിനാരിക്കാർക്കായി ഓരോ വർഷവും 15 ലക്ഷം രൂപ കണ്ടു പിടിക്കേണ്ടിയിരിക്കുന്നു. മൈനർ സെമിനാരിക്കാർക്ക് ഒരു വർഷം ഏകദേശം 12 ലക്ഷം വേറെയും കണ്ടെ ത്തണം. ഇപ്പോഴത്തെ അവസ്ഥയിൽ നമുക്ക് മുന്നോട്ടു പോകാൻ ഏറെ പ്രയാസമാണ്. അതുകൊണ്ട് സാമ്പത്തികമായി ഉള്ള ഇടവകകൾ ഒരു സെമിനാരിക്കാരനെ സ്പോൺസർ ചെയ്യണം. ചെറിയ രണ്ടോ, മൂന്നോ ഇടവകകൾ കൂടി ഒരു സെമിനാരി വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യാം. തുടർന്ന് ചിൽഡ്രൻസ് ഹോമിനെക്കുറിച്ച് പിതാവ് സംസാ രിച്ചു. ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ ഭാവിയ്ക്കുവേണ്ടി 10-ാം ക്ലാസ് കഴിഞ്ഞ് കാര്യമായി ഒന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥ ചിലപ്പോൾ ഉണ്ടാകാറുണ്ട്. ബോയിസ് ടൗണിലും ജയമാതായിലും മാത്രമേ കുട്ടികൾക്കായി എന്തെങ്കിലും വിദേശസഹായം കിട്ടുന്നുള്ളൂ. കുഞ്ഞോത്തിന് വിദേശസഹായം കിട്ടുന്നില്ല. ഒരു കുട്ടിയ്ക്ക് ഒരു മാസം ഏകദേശം 2500 രൂപ ചെലവു വരുന്നുണ്ട്. കുട്ടികൾക്ക് മെച്ചപ്പെട്ട സാഹ ചര്യങ്ങൾ ഒരുക്കുന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. ഉദാ: കൗൺസിലിംഗ്.

തുടർന്ന് രൂപതാ കോർപ്പറേറ്റ് മാനേജർ ബഹു. റോബിൻ വട ക്കുംചേരി അച്ചൻ വിദ്യാഭ്യാസ പ്രവർത്തനരംഗത്ത് കുട്ടികളെ കൂടു തൽ എങ്ങനെ സഹായിക്കാം എന്നതിനെക്കുറിച്ച് സംസാരിക്കുകയും ഏതാനും പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു.

ബഹു. ജോഷി പെരിയപ്പുറം അച്ചൻ ഓർഫനേജുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും കുട്ടികളുടെ രൂപീകരണങ്ങളെക്കുറിച്ചും അവയിൽ അനുഭവപ്പെടുന്ന വിഷമതകളെക്കുറിച്ചും സംസാരിച്ചു. പഠന ത്തിൽ മികവു പുലർത്തുന്നവരെയും സ്ഥാപനത്തിൽ തുടർന്ന് നിർത്തി പഠിപ്പിക്കാൻ യോഗ്യതയുള്ളവരേയും ഇപ്പോൾ പഠിപ്പിക്കാറുണ്ടെന്നും അവരെ തൊഴിൽ മേഖലകൾ കണ്ടെത്താൻ സഹായിക്കാറുണ്ടെന്നും അച്ചൻ സൂചിപ്പിച്ചു. എന്നാൽ ഇനിയും കൂടുതൽ റിസോഴ്സ് കണ്ടെത്തി

കൂടുതൽ കാര്യക്ഷമമായി ഈ തലത്തിലുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട് എന്നും അഭിപ്രായപ്പെട്ടു.

എന്തുകൊണ്ട് ഗവൺമെന്റ് നമ്മുടെ ബാലഭവനങ്ങളെ പിൻതുണയ്ക്കുന്നില്ല എന്നതിനെക്കുറിച്ച് കെ.സി.ബി.സി. തലത്തിൽ ഗവൺമെന്റിനോട് സഭ ചോദിക്കണമെന്ന് ഒരംഗം അഭിപ്രായപ്പെട്ടു. കാര്യനിർവ്വഹണ തത്വത്തിന്റെ (Principle of Management) അടിസ്ഥാനത്തിൽ ഓർഫനേജുകളെക്കുറിച്ച് ഒരു ടീമിനെക്കൊണ്ട് വിലയിരുത്തൽ നടത്തണമെന്നും എങ്ങനെ അവ തുടർന്നുകൊണ്ടുപോകണം എന്നതിനെക്കുറിച്ച് ചിന്തിക്കണമെന്നും നിർദ്ദേശമുണ്ടായി.

ഇടവകകളിൽ ഒരു ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച ബാലഭവനങ്ങളെ സഹായിക്കാൻ നീക്കിവയ്ക്കണമെന്നും ഇടവകകളിൽ നിന്നും ഓരോ കുട്ടിയെയും ദത്തെടുക്കാൻ സാധിക്കുന്ന വ്യക്തികളെ കണ്ടെത്തണമെന്നും അഭിപ്രായമുണ്ടായി.

അലങ്കാരത്തിനും ആഡംബരത്തിനുംവേണ്ടി നാം അനാവശ്യമായി പണം ചെലവഴിക്കാതെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി പണം മുടക്കുവാൻ തയ്യാറാകണമെന്നും ഒരു ടീമിനെ ഇടവകകൾ സന്ദർശിച്ച് ദത്തെടുക്കുന്നതിനെക്കുറിച്ച് പറയുവാൻ നിയോഗിക്കണമെന്നും ഇക്കാര്യങ്ങളെല്ലാം അടുത്ത വൈദിക സമ്മേളനത്തിൽ ചർച്ച ചെയ്യണമെന്നും തീരുമാനിച്ചു.

നമ്മുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം പരിഷ്കരിക്കുന്നതിനെക്കുറിച്ച് രൂപതാ പ്രൊക്കുറേറ്റർ സംസാരിക്കുകയും പുതിയ ഒരു ശമ്പള നിരക്ക് യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. 2009 ഡിസംബർ മുതൽ പുതുക്കിയ നിരക്ക് അനുസരിച്ചുള്ള ശമ്പളം കൊടുക്കാമെന്നു തീരുമാനിച്ചു.

തുടർന്ന് വൈദിക മന്ദിരത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനെകുറിച്ച് രൂപതാ പ്രൊക്കുറേറ്റർ റവ.ഫാ. ഗർവാസീസ് മറ്റം സംസാരിച്ചു. 20 മുറികൾ കൂടിയെടുക്കണമെന്നും ഇപ്പോൾ 13 മുറികളാണുള്ളതെന്നും അത് മതിയാകാതെ വന്നിരിക്കുകയാണെന്നും സൂചിപ്പിച്ചു. കാലാവസ്ഥ നോക്കി കൊട്ടിയൂർ-നിലമ്പൂർ ഭാഗത്ത് ഒരു പുതിയ പ്രീസ്റ്റ് ഹോം തുടങ്ങുന്നതിനെക്കുറിച്ച് ചില അംഗങ്ങൾ സംസാരിച്ചുവെങ്കിലും ബിഷപ്സ് ഹൗസിൽ നിന്നും നേരിട്ട് ശ്രദ്ധിക്കുവാനും ആശുപത്രി സൗകര്യത്തിനും മറ്റും, ഇപ്പോഴുള്ള കെട്ടിടം തന്നെ വികസിപ്പിച്ചു പണിയുകയാണ് നല്ലതെന്ന് തീരുമാനിച്ചു.

തുടർന്ന് സാൻതോം സ്റ്റഡിഹൗസിൽ നടത്തിയിരുന്ന നേഴ്സിംഗ്

സ്കൂൾ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റിയ വിവരം ഒരു ചോദ്യത്തിന് മറുപടിയായി രൂപതാ പ്രൊക്കുറേറ്റർ അറിയിച്ചു. ഗൂഡല്ലൂർ പ്രദേശത്തെ പ്രശ്നത്തെക്കുറിച്ച് റവ.ഫാ. ജോർജ് പടിഞ്ഞാറയിൽ സംസാരിച്ചു. വളരെ നന്നായി ഗൂഡല്ലൂർ പ്രശ്നം പഠിച്ച് അവതരിപ്പിച്ച പടിഞ്ഞാറയിൽ അച്ചനെ അംഗങ്ങൾ പ്രത്യേകം അഭിനന്ദിച്ചു. ഇക്കാര്യങ്ങളെല്ലാം വച്ച് നല്ലൊരു റിപ്പോർട്ട് എഴുതി തയ്യാറാക്കാൻ അഭിവന്ദ്യ പിതാവ് പടിഞ്ഞാറയിലച്ചനോട് ആവശ്യപ്പെട്ടു. ഇക്കാര്യങ്ങളെക്കുറിച്ച് സംസാരിക്കുവാൻ ഗൂഡല്ലൂർ റീജിയണിലെ ഇടവകയിൽ നിന്നുള്ള പ്രതിനിധികളെ വിളിച്ചുകൂട്ടി അഭിവന്ദ്യ പിതാവ് അവരോട് സംസാരിക്കുന്നത് നല്ലതായിരിക്കുമെന്ന ചിന്തയുണ്ടായി. തുടർന്ന് അഭിവന്ദ്യ പിതാവ് എല്ലാവർക്കും നന്ദി പറഞ്ഞു. ഉച്ചയ്ക്ക് 1.30 ന് യോഗം അവസാനിച്ചു. യോഗത്തിൽ 26 അംഗങ്ങൾ പങ്കെടുത്തു.

**ഫാ. ജോസഫ് പരുവുമ്മേൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

## *വിവിധ സംഘടനകളിലെ രൂപതാ ഭാരവാഹികളുടെ മീറ്റിംഗ് - റിപ്പോർട്ട്*

വിവിധ സംഘടനകളിലെ രൂപതാ ഭാരവാഹികളുടെ ഒരു മീറ്റിംഗ് 2009 നവംബർ 28-ാം തീയതി ഉച്ചകഴിഞ്ഞ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുകയുണ്ടായി. കെ. സി. വൈ. എം. ആനിമേറ്റർ സി. ജെസ്‌ലിമ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. തുടർന്ന് പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. നമ്മുടെ രൂപതയിലെ സംഘടനാപ്രവർത്തനങ്ങൾ മറ്റു രൂപതകൾക്കുപോലും മാതൃകയാകത്തക്കവിധം വളരെ നന്നായി നടക്കുന്നുവെന്ന് അച്ചൻ അഭിപ്രായപ്പെട്ടു. ഏറ്റവും നല്ല മദ്യവിരുദ്ധ പ്രവർത്തകനുള്ള കെ.സി.ബി.സി. യുടെ അവാർഡ് കരസ്ഥമാക്കിയ ശ്രീ. ജോൺസൺ തൊഴുത്തുങ്കലിനെ അഭിനന്ദിച്ചു.

തുടർന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ആമുഖപ്രഭാഷണം നടത്തി. എല്ലാവരുടേയും സേവനത്തിന് പിതാവ് നന്ദി പറഞ്ഞു. ഒരു സമൂഹത്തിനുവേണ്ടിയുള്ള കരുതലിന്റെ ഭാഗമാണ് ഒരു സംഘടനയിൽ ചെലവഴിക്കുന്ന സമയമെന്നും ഒരേ ഇടയധർമ്മത്തിന്റെ ഭാഗം തന്നെയാണ് എല്ലാവരും നിർവ്വഹിക്കുന്നതെന്നും വിശ്വാസ ചൈതന്യം ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള വേദികളാണ് സംഘടനക

ളെന്നും, വ്യത്യസ്തങ്ങളായ ലക്ഷ്യങ്ങളുണ്ടെങ്കിലും ആത്യന്തികമായി ഒരേ ലക്ഷ്യത്തിനുവേണ്ടി പരസ്പരം സഹകരിച്ചു പ്രവർത്തിക്കേണ്ട വയാണ് ക്രിസ്തീയ സംഘടനകൾ എന്നും അഭിവന്ദ്യ പിതാവ് അനുസ്മരിപ്പിച്ചു.

സംഘടനകൾ തമ്മിൽ പരസ്പരം അറിയണം. സംഘടനകളുടെ നേതൃത്വത്തിൽ ഇരിക്കുന്നവർ വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം ഒരുമിച്ചുകൂടണം. നമ്മൾ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ (Common issues) എല്ലാ സംഘടനകളുടേയും മാർഗ്ഗരേഖയിൽ ഉണ്ടാകണം. എല്ലാ സംഘടനകളും ഒരു പ്രവർത്തന മാർഗ്ഗരേഖ ഉണ്ടാക്കുകയും അത് നടപ്പിൽ വരുത്തുകയും ചെയ്യുന്നത് നല്ലതാണ്. ഓരോ സംഘടനയും വേണമെങ്കിൽ ഒരു വിഷയത്തിന്റെ പലഭാഗങ്ങൾ അവതരിപ്പിക്കാം.

കാലം മാറുന്നതിനനുസരിച്ച് ഓരോ സംഘടനയും പുതിയ സംരംഭങ്ങൾ, ശൈലികൾ എന്നിവ സ്വീകരിക്കേണ്ടിയും വരും എന്നും അഭിവന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു. തുടർന്ന് എല്ലാ സംഘടനകളുടെയും ഭാരവാഹികൾ അതാത് സംഘടനകളെക്കുറിച്ചും സംഘടന അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുമൊക്കെ സംസാരിച്ചു.

ഓരോ സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും താഴെപറയുന്നവർ പങ്കുവച്ചു. മാതൃസംഘം - ശ്രീമതി കത്രിക്കുട്ടി മണ്ണൂകുളത്തിൽ, വിൻസെന്റ് ഡി പോൾ - ശ്രീ. ആന്റണി പറയിടം, മിഷൻലീഗ് - ശ്രീ. ജോൺസൺ ചിറായിൽ, കെ.സി.വൈ.എം. - ശ്രീ. അനീഷ് ഓമക്കര, ഏകസ്ഥസംഘടന - ശ്രീമതി മേരി ചെല്ലന്തറ, എ.കെ.സി.സി. - അഡ്വ. ജോയി വാറുണ്ണി, മദ്യവിരുദ്ധസമിതി - ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, Pro-life movement - അഡ്വ. ജോസ്, മതബോധനം - ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, സീയോൻ - ശ്രീ. ചാക്കോ പുത്തൻപുരയിൽ, ഫാമിലി അപ്പസ്തോലേറ്റ് - ശ്രീ. ജോണി അമ്പാട്ട്.

അഭിവന്ദ്യ പിതാവിന്റെ സമാപന സന്ദേശത്തിൽ എല്ലാം നന്നായിട്ട് പോകുന്നുവെങ്കിലും ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്, അതിന് എല്ലാവരും ഒത്തൊരുമയോടെ സഹകരിച്ച് പോകണമെന്ന് ആഹ്വാനം ചെയ്തു. തുടർന്ന് സജി തറപ്പുതൊട്ടിയിൽ എല്ലാവർക്കും നന്ദി പറഞ്ഞു. രൂപതാഗാനത്തോടെ 5.10 ന് യോഗം പിരിഞ്ഞു. വിവിധ സംഘടനകളിൽ നിന്നായി യോഗത്തിൽ 63 ഭാരവാഹികൾ പങ്കെടുത്തു.

**ഫാ. ജോസഫ് പരുവുമ്മേൽ**

ചാൻസലർ



# റീജിയണൽ വാർത്തകൾ

## എൻ. ആർ. പുര റീജിയൺ

### ആശംസകൾ.... അനുമോദനങ്ങൾ

നമുക്കും അവനോടൊപ്പം പോയിമരിക്കാം എന്ന അപ്പസ്തോലിക ധീരതയോടെ ദൈവത്തിനും ദൈവജനത്തിനുംവേണ്ടി അനുനിമിഷം ജീവിതം വ്യയം ചെയ്യുന്ന വൈദികരെ പ്രത്യേകമായി അനുസ്മരിക്കുന്ന ഈ വൈദീകവർഷത്തിൽ ആ മഹനീയ വിളി സ്വീകരിക്കുന്ന നോർബർട്ടൈൻ സഭയുടെ Dn. Siju Pettapuzha (Mundanoor), Dn. Renin Chandrankunnel (Poolakutty), Dn. Sibi Thadathil (Vazhavatta), Dn. Cleates Therakam (Poozhithode) എന്നിവർക്ക് എൻ.ആർ.പുര റീജിയന്റെ അനുമോദനങ്ങളും ആശംസകളും നേരുന്നു. ഒപ്പം ഈ റീജിയനുവേണ്ടി അവർ ചെയ്ത എല്ലാ സേവനങ്ങളേയും നന്ദിയോടെ ഓർക്കുകയും ഭാവിജീവിതത്തിന് എല്ലാവിധ നന്മകളും നേരുകയും ചെയ്യുന്നു.

### മതബോധനം

ഒക്ടോബർ 15, 16, 17 തീയതികളിൽ കുട്ടികൾക്ക് സമ്മർ ക്ലാസുകൾ നടത്തി. നവംബർ 21-ന് റീജിയണൽ തലത്തിൽ മതാദ്ധ്യാപകർക്കും കുട്ടികൾക്കും ബൈബിൾ ക്വിസ് സംഘടിപ്പിച്ചു. ദൈവവചനം അൽപ്പംകൂടി ആഴത്തിൽ പഠിക്കുവാനും മനസ്സിലാക്കാനും പ്രസ്തുത അവസരം ഉപയുക്തമായി. പങ്കെടുത്ത എല്ലാവരേയും പ്രത്യേകിച്ച് സമ്മാനാർഹമായവരേയും അഭിനന്ദിക്കുന്നു.

### കെ.സി.വൈ.എം.

14-11-2009 ന് റീജണൽ തലത്തിൽ യുവജന ദിനം ആയി ആഘോഷിച്ചു. ദൈവവചനം ആഴത്തിൽ പതിച്ച് 30 മേനിയും 60 മേനിയും 100

മേനിയും ഒക്കെ ഫലം തരത്തക്ക വിധത്തിൽ വിവിധ ശാഖകൾ ആവിഷ്കരിച്ച മനോഹരങ്ങളായ ബൈബിൾ സ്കിറ്റുകളും വൈദീക വർഷത്തിന്റെ പ്രാധാന്യം ഊട്ടി ഉറപ്പിക്കത്തക്ക രീതിയിൽ 'വൈദീകൻ ദൈവാനുകമ്പയുടെ മനുഷ്യമുഖം' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ പ്രസംഗങ്ങളും പ്രേഷക ഹൃദയങ്ങളെ പ്രബുദ്ധമാക്കി. പ്രസ്തുത മത്സരങ്ങളിൽ സമ്മാനാർഹരായ എല്ലാവർക്കും ഹൃദ്യമായ അനുമോദനങ്ങൾ. വിവിധ ശാഖകളിൽ നിന്നും അവതരിപ്പിച്ച വ്യത്യസ്തങ്ങളായ കലാപരിപാടികളും ഈ ദിനത്തെ മനോഹരമാക്കി.

റീജണൽ ഫണ്ട് ശേഖരണത്തിനുവേണ്ടി നടത്തിയ ലോട്ടറിയുടെ നറുക്കെടുപ്പും അന്നേദിനം നിർവ്വഹിക്കപ്പെട്ടു.

**മിഷൻലീഗ്**

മിഷൻലീഗിന്റെ സ്ഥാപക നേതാവായിരുന്ന കുഞ്ഞേട്ടന്റെ നിര്യാണത്തോടനുബന്ധിച്ച് രൂപതയോട് ചേർന്ന് ഈ വർഷത്തെ റീജിയണൽ തലത്തിൽ നടത്താനിരുന്ന മത്സരങ്ങൾ ക്യാൻസൽ ചെയ്തു. കുഞ്ഞേട്ടന് വേണ്ടി എല്ലാ ശാഖകളിലും പ്രത്യേക പ്രാർത്ഥനകളും അനുസ്മരണ പരിപാടികളും നടന്നു. ഒക്ടോബർ നവംബർ മാസങ്ങളിൽ എല്ലാ ശാഖകളിലും റീജിയണൽ വിസിറ്റ് നടത്തി. നവംബർ 28-ന് റീജിയണൽ ടീമിന്റെ നേതൃത്വത്തിൽ മിഷൻലീഗംഗങ്ങൾക്ക് ഒരു ഏകദിന സെമിനാർ നടത്തി. ശ്രീ. അജേഷ്, ശ്രീ. ബിജു എന്നിവർ ക്ലാസുകളെടുത്തു. ക്രിസ്തുമസിനോടനുബന്ധിച്ച് കുട്ടികൾക്ക് കരോൾഗാനമത്സരം നടത്തി.

നന്മ നിറഞ്ഞൊരു പുതുവർഷത്തിന്റെ എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്

**സി. സോണിയ ടോം പള്ളിയ്ക്കൽ S.H.**

# മതബോധനരംഗം

## ബഹു. വികാരിയച്ചന്മാരുടേയും, പ്രധാനാധ്യാപകരുടേയും സമ്മേളനം

ജനുവരി 9-ാം തീയതി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ ബഹു. വികാരിയച്ചന്മാരുടെയും, പ്രധാനാധ്യാപകരുടേയും സംയുക്ത സമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. അഭി വന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ നടക്കുന്ന പ്രസ്തുത സമ്മേളന ത്തിലേയ്ക്ക് എല്ലാവരും കൃത്യസമയത്തുതന്നെ എത്തിച്ചേരുവാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പ്രധാനാധ്യാപകന് ലഭിച്ചിരിക്കുന്ന കത്തിൽ പറഞ്ഞിരിക്കുന്ന ഓഫീസ് സംബന്ധമായ കാര്യങ്ങൾ അന്ന് കൃത്യമായും ചെയ്തുതീർക്കുവാൻ ശ്രദ്ധിക്കണം.

## HCC (+1, +2) പരീക്ഷ-2009 ഫെബ്രുവരി 14-ന്

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC, +1, +2 പരീക്ഷകൾ നമ്മുടെ മതബോധന കലണ്ട റിൽ പറഞ്ഞിരിക്കുന്നതുപോലെ ഫെബ്രുവരി 14-ാം തീയതി ഞായ റാഴ്ച നടത്തുന്നതാണ്. ഹാൾടിക്കറ്റുകൾ PP, HM സമ്മേളനത്തിന് വരു മ്പോൾ രൂപതാ ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്. പരീക്ഷയ്ക്കു വേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാകേന്ദ്രത്തിലെ ബഹു. വികാരിയച്ചനും, ഫൊറോനാ മതബോധന ഡയറക്ടറും, ഫൊറോനാ ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

പരീക്ഷാസമയം: രാവിലെ 10 മണിക്ക് ആരംഭിച്ച് 1 മണിക്ക് അവ സാനിക്കും. ഓരോ ഫൊറോനയിലെയും പരീക്ഷാസെന്ററുകൾ താഴെ കൊടുക്കുന്നു.

1) ബത്തേരി ഫൊറോന - ബത്തേരി, 2) ചുങ്കക്കുന്ന് ഫൊറോന - കൊട്ടിയൂർ, 3) ഗൂഡല്ലൂർ റീജിയൻ - അരുൾനിലയം, 4) കല്ലോടി ഫൊറോന - ദ്വാരക, 5) കൽപ്പറ്റ ഫൊറോന - കൽപ്പറ്റ, 6) മാനന്ത

വാടി ഫൊറോന – മാനന്തവാടി കത്തീഡ്രൽ, 7) മണിമൂളി ഫൊറോന – മണിമൂളി, 8) മുള്ളൻകൊല്ലി ഫൊറോന – മുള്ളൻകൊല്ലി, 9) നടവയൽ ഫൊറോന – നടവയൽ, 10) നിലമ്പൂർ ഫൊറോന – നിലമ്പൂർ, 11) പയ്യംപള്ളി ഫൊറോന – പയ്യംപള്ളി, 12) തരിയോട് ഫൊറോന – കാവുംമന്ദം

## പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്

1. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം അതതു ഫൊറോനാ മതബോധന ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാസെന്ററിലെ വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.
2. പരീക്ഷാസമയത്തിനുമുമ്പ് രജിസ്റ്റർ നമ്പറുകൾ എഴുതി പരീക്ഷാ ഹാൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
3. പരീക്ഷാസമയം കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞുവരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല. അതുപോലെ പരീക്ഷാ സമയം തീരുന്നതിന്റെ അരമണിക്കൂർ മുമ്പ് പരീക്ഷാർത്ഥികളെ ഹാളിൽ നിന്നും പുറത്തുപോകാൻ അനുവദിക്കയുമരുത്.
4. പരീക്ഷകഴിഞ്ഞ് ഫൊറോനാ ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ പേപ്പറുകൾ എണ്ണി തിട്ടപ്പെടുത്തി ക്രമമായി അടുക്കി പായ്ക്ക് ചെയ്ത് രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.
5. പരീക്ഷയ്ക്കുവരുമ്പോൾ നിർബന്ധമായും ഹാൾ ടിക്കറ്റ് കൊണ്ടുവരണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.
6. പരീക്ഷ എഴുതാനുള്ള Answer book – ഉം അഡീഷണൽ ഷീറ്റും യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. യൂണിവേഴ്സിറ്റി സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ല.

## "സത്യത്തിൽ സ്നേഹം" ചാക്രികലേഖന പഠനശിബിരം

പരി. പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയുടെ ഏറ്റവും പുതിയ ചാക്രികലേഖനത്തെപ്പറ്റിയുള്ള പഠനം മതബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നവംബർ 28–ന് രൂപതാ പാസ്റ്ററൽ സെന്ററിൽ നടത്തി. തൃശൂർ അതിരൂപതയിലെ ബഹു. ലോറൻസ് തൈക്കാട്ടിലച്ചനാണ് പ്രധാനമായും ക്ലാസുകൾ നയിച്ചത്. സത്യത്തിൽ സ്നേഹം

എന്ന ചാക്രികലേഖനത്തിന്റെ പശ്ചാത്തലം, അതിൽ പരാമർശിച്ചിരിക്കുന്ന മറ്റ് ചാക്രികലേഖനങ്ങളുമായുള്ള ബന്ധം, 'സത്യത്തിൽ സ്നേഹ'ത്തിന്റെ ഉള്ളടക്കം എന്നിവയെപ്പറ്റി ഗാഢമായും സമഗ്രമായും ലോറൻസച്ചൻ അവതരിപ്പിച്ചു. ചാക്രികലേഖനത്തിന്റെ സാമൂഹ്യവശത്തെ സംബന്ധിച്ച് രൂപതാ മതബോധന ടീം അംഗം, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സമഗ്രമായും ഭംഗിയായും അവതരിപ്പിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. ബെന്നി മുതിരക്കാലായിൽ അച്ചന്റെ ആമുഖ പ്രഭാഷണത്തോടെ ആരംഭിച്ച പഠനശിബിരം ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ ഉദ്ഘാടനം ചെയ്തു. പ്രസ്തുത പഠനശിബിരത്തിൽ പങ്കെടുത്ത 245 പേർക്കും, ഹൃദ്യമായ നന്ദി. വളരെ ഗൗരവപൂർവ്വം പഠനത്തിൽ സംബന്ധിച്ച ഇവരെ പ്രത്യേകം അനുമോദിക്കുന്നു. ഇടവകയിൽ നിന്നും അധ്യാപക പ്രതിനിധികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും, സംഘടനാ ഡയറക്ടർമാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. പഠനശിബിരത്തിൽ പഠിതാക്കളോടൊപ്പം ചേർന്ന് ഹൃദ്യമായതും, ഈടുറ്റതുമായ സന്ദേശം നൽകിയ അഭിവന്ദ്യ പിതാവിന് ഏറ്റവും ഹൃദ്യമായ നന്ദി.

### "ഭൂമിയിലെ ഏദൻ"

രൂപതാ മതബോധനകേന്ദ്രം യുവജന മതബോധനം ലക്ഷ്യമാക്കി ആരംഭിച്ച DCC ത്രിവത്സര കോഴ്സിന്റെ അവസാനത്തെ പുസ്തകമാണ് 'ഭൂമിയിലെ ഏദൻ.' മറ്റ് രണ്ട് പുസ്തകങ്ങൾ എഴുതിയ രൂപത ടീം അംഗം ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ തന്നെയാണ് ഈ പുസ്തകവും രചിച്ചത്. ശ്രീ. സെബാസ്റ്റ്യനെ മതബോധനകേന്ദ്രത്തിന്റെ പേരിൽ ഹൃദ്യമായി അനുമോദിക്കുന്നു. പുസ്തകത്തിന് അവതാരിക എഴുതുകയും പ്രകാശനം ചെയ്ത് സമ്മേളനത്തിൽ അത് അവതരിപ്പിക്കുകയും ചെയ്ത ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചനും, കയ്യെഴുത്തുപ്രതി ഗാഢമായി പഠിച്ച് ശ്രദ്ധാപൂർവ്വം ഭാഷാസംശുദ്ധി വരുത്തിയ ബഹു.വിൻസെന്റ് താമരശേരിയച്ചനും ഏറെ നന്ദി. നവംബർ 28-ന് നടന്ന പഠനശിബിരത്തിലാണ് പുസ്തകം പ്രകാശനം ചെയ്തത്. പ്രകാശനകർമ്മം നിർവ്വഹിച്ച അഭിവന്ദ്യ പിതാവിന് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

### HDC അവാർഡ്

2009-ൽ HDC പൂർത്തിയാക്കി ഉന്നതമായ വിജയം നേടിയവരെ അഭിനന്ദിക്കുന്നു. അതോടൊപ്പം, ഒന്നും, രണ്ടും, മൂന്നും റാങ്ക് കരസ്ഥ

മാക്കിയ സി. സിൻക്ലെയർ എഫ്.സി.സി., സി. സോഫി എഫ്.സി.സി., സി. സിസിലി എസ്.കെ.ഡി. എന്നിവർക്ക് നവംബർ 28-ാം തീയതി നടന്ന സമ്മേളനത്തിൽ വച്ച് അഭിവന്ദ്യ പിതാവ് ക്യാഷ് അവാർഡ് നൽകി അനുമോദിച്ചു.

## കൽപറ്റ മേഖല മതാധ്യാപക കൺവെൻഷൻ

2009 നവംബർ 27-ന് മേഖലാ മതാധ്യാപക കൺവെൻഷൻ വാഴവറ്റയിൽ വച്ചു നടത്തി. രാവിലെ 9.30 ന് വിശുദ്ധ കുർബാനയോടെ തുടക്കമിട്ടു. തുടർന്ന് ശ്രീ. തോമസ് ഏറനാട്ട് ക്ലാസ് നയിച്ചു. ചായക്കു ശേഷം ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ രണ്ടാമത്തെ ക്ലാസ് നയിച്ചു.

ഉച്ചയ്ക്കുശേഷം പൊതുസമ്മേളനം തെനേരി സൺഡേസ്കൂൾ അധ്യാപകനായിരുന്ന അന്തരിച്ച ശ്രീ. സെഡ് ചെട്ടിക്കലിന് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ആരംഭിച്ചു. മേഖലാ ഡയറക്ടർ റവ.ഫാ. പോൾ വാഴപ്പിള്ളി അധ്യക്ഷനായിരുന്നു. സെക്രട്ടറി ശ്രീ. മാണി ഇടത്തുംപറമ്പിൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. സമ്മേളനം ബഹു. വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ഉൽഘാടനം ചെയ്തു. 15 വർഷം മതബോധന രംഗത്തു പ്രവർത്തിച്ച അധ്യാപകരെ ആദരിച്ചു കൊണ്ട് റവ.ഫാ.ജോസ് കൊച്ചറയ്ക്കൽ ആശംസകൾ നേർന്നു. കുട്ടികൾക്ക് സ്കോളർഷിപ്പ് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും വിതരണം നടത്തിക്കൊണ്ട് റവ.ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി ആശംസകൾ അർപ്പിച്ചു. മേഖലയിലെ അധ്യാപകരുടെ സഹകരണത്തോടെ പ്രസിദ്ധീകരിക്കുന്ന കൈയ്യെഴുത്തു മാസികയുടെ പ്രകാശനം ബഹു. വികാരി ജനറാൾ നിർവ്വഹിച്ചു. സമ്മേളനത്തിന് സ്വാഗതം ശ്രീമതി കാതറിൻ ജോയിയും, നന്ദി ശ്രീ. ജോൺ പുല്ലാപള്ളിയും ആശംസിച്ചു.

## ബത്തേരി മേഖല വാർത്തകൾ

വചനം ജീവിതത്തിൽ എന്ന ആദർശവുമായി വചനത്തെ ഹൃദയത്തിൽ ഉൾക്കൊള്ളുവാനും ജീവിക്കുന്ന വചനത്തിന്റെ സാക്ഷികളാകുവാനും ആയി സമാരംഭിച്ച “വചനഡയറി” നാളയുടെ വാഗ്ദാനങ്ങളായ കുട്ടികളുടെ ഇളംമനസ്സിൽ തീക്ഷ്ണത ജ്വലിപ്പിക്കുക എന്ന വലിയ ലക്ഷ്യത്തോടെ ബത്തേരി മേഖലയിലെ ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി വചനഡയറി ക്വിസ് മത്സരം നടത്തി. മത്സരത്തിന് ഡയറക്ടർ റവ.ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ നേതൃത്വം നൽകി. സെക്രട്ടറി ജെയിംസ് കുന്നുംപുറത്ത് സ്വാഗതം പറഞ്ഞു. മേഖല ടീം അംഗങ്ങൾ അധ്യാപകർ എന്നിവർ സഹകരിച്ചു. വിജയികളുടെ പേര് വിവരം താഴെ ചേർക്കുന്നു.

| ഇടവക | പേര് | ക്ലാസ് | റാങ്ക് |
|---|---|---|---|
| മൂലംകാവ് | അജൽ ജെയ്സ് പുഞ്ചയിൽ | V | Ist |
| | സോണിയ കളമ്പുകാട്ടിൽ | | |
| വടക്കനാട് | റോഷിൻ വട്ടക്കുന്നേൽ | | |
| | നിഖിൽ നീലംപടവിൽ | V | IInd |
| കടൽമാട് | അജിത് പാറേക്കാട്ടിൽ | VI | Ist |
| അമ്പലവയൽ | മരിയ മാളിയേക്കൽ | | |
| | ജിൻഷ പനയേൽ | VI | IInd |
| മീനങ്ങാടി | ഷാരോൺ മരിയ ചാലിൽ | | |
| | നേഹ കാരക്കാട്ട് | VII | Ist |
| ബത്തേരി | സച്ചിൻ പേടിക്കാട്ട്കുന്നേൽ | | |
| | ഡോണ തട്ടത്ത്പറമ്പിൽ | VII | IInd |
| ബത്തേരി | റിയാ ഐക്കരേട്ട് | | |
| | ആനന്ദ് റാത്തപള്ളി | VII | IInd |
| അമ്പലവയൽ | ലിസ്ന കുളമ്പള്ളി | | |
| | ആൻമേരി വില്ലംന്താനം | VIII | Ist |
| ബത്തേരി | എബിൻ ആനത്താഴത്ത് | | |
| | ആൻമരിയ പൈകട | VIII | IInd |
| ചുള്ളിയോട് | അമൃത മുക്കോംതറ | | |
| | ജെസ്ന പുള്ളോലിക്കൽ | IX | Ist |
| മൂലങ്കാവ് | അന്നപൂക്കളം | | |
| | അനൂപ് പൂക്കളം | IX | IInd |
| അമ്പലവയൽ | അന്നമ്മ ഏലൂർ | | |
| | ബ്രിജിറ്റ് പാലിയത്ത് | X | Ist |
| ബത്തേരി | വൃന്ദ സണ്ണി നെടുങ്കല്ലേൽ | | |
| | ഹേമന്ത് റോബർട്ട് കൊരണ്ടിയാർകുന്നേൽ | X | IInd |
| ചിത്രഗിരി | സ്വപ്ന പച്ചിക്കൽ | | |
| | ചിഞ്ചു ഇടത്തിൽ | XI | Ist |
| മൂലങ്കാവ് | ആതിര കുമ്പിക്കൽ | | |
| | റിനു വട്ടക്കുന്നേൽ | XI | IInd |
| മൂലങ്കാവ് | അഞ്ചു പഴയവീട്ടിൽ | | |
| | ഫെബിൻ തേക്കുംകാട്ടിൽ | XII | Ist |
| പഴൂർ | റീന തടയ്ക്കൽ | | |
| | ടിൻസി വെള്ളമറ്റം | XII | IInd |

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

### സംഘടന ശക്തീകരണവർഷം

പ്രിയ മിഷൻലീഗ് പ്രവർത്തകരെ,

വയലേലകളിൽ കർമ്മനിരതരായി എന്ന മുദ്രാവാക്യമുയർത്തി സംഘടനാ ശക്തീകരണ വർഷമാചരിക്കുന്ന ഈയവസരത്തിൽ പുതിയൊരു വർഷംകൂടി ഇതൾ വിരിയുകയായി. കർമ്മചൈതന്യത്തോടെ പുതുവത്സരത്തെ നമുക്ക് വരവേല്ക്കാം. നേട്ടങ്ങളുടെ ഇന്നലെകളിൽ അഹങ്കരിക്കാതെ കോട്ടങ്ങളുടെ ഇന്നലെകളിൽ നിരാശരാകാതെ നാളുകളുടെ സ്വപ്നങ്ങൾക്ക് കരുത്തു പകരാം. കാലിതൊഴുത്തിൽ പിറന്ന ദിവ്യസുതനിൽ നിന്ന് ശക്തി സ്വീകരിച്ച് പുതുവർഷത്തിൽ നമുക്ക് മുന്നേറാം. പഠനത്തിന്റെ തിരക്കിനിടയിലും, തിരുനാളുകളുടെ ആഘോഷതിമിർപ്പിനിടയിലും സംഘടന പ്രവർത്തനങ്ങൾക്ക് മിഴിവ് നൽകാൻ നമുക്കാകട്ടെ. കഠിനാദ്ധ്വാനമാണ് ഏതൊരു മേഖലയിലും വിജയം നേടാൻ നമ്മെ സഹായിക്കുന്നത്. 'കഠിനാദ്ധ്വാനം' സ്റ്റെയർ കെയ്സിനെപോലെയും 'ഭാഗ്യം' ലിഫ്റ്റിനെപോലെയുമാണെന്നാണ് മഹാന്മാർ പറഞ്ഞു വച്ചിട്ടുള്ളത്. ലിഫ്റ്റ് ചിലപ്പോഴൊക്കെ തകരാറാകാറുണ്ട്. എന്നാൽ സ്റ്റെയർകെയ്സ് എപ്പോഴും നമ്മെ മുകളിലേയ്ക്ക് നയിച്ച് കൊണ്ടേയിരിക്കും. അധ്വാനിക്കാനും, കഷ്ടപ്പെടാനും തയ്യാറുണ്ടെങ്കിൽ ജീവിതവിജയം നേടാൻ നമുക്ക് സാധിക്കും. സംഘടന പ്രവർത്തനങ്ങൾ മാത്രമല്ല ജീവിത വിജയത്തിനും കഠിനാധ്വാനം കൂടിയേതീരു. പുതുവർഷത്തിൽ കൂടുതൽ കർമ്മനിരതരാകാൻ ഈ ചിന്ത നമുക്ക് ഉപകരിക്കട്ടെ.

സ്നേഹപൂർവ്വം
**ടോമിയച്ചൻ**

### വീഥികളെ ധന്യമാക്കി, മിഷൻ ചൈതന്യമേകി അൽഫോൻസാ തീർത്ഥാടനം

വഴിയോരങ്ങളിൽ ചെമ്മഞ്ഞ പൂക്കൾ വിരിയിച്ച് ദ്വാരക

അൽഫോൻസാ പള്ളിയിലേക്ക് മിഷൻലീഗിന്റെ നേതൃത്വത്തിൽ നവം ബർ 27 ന് നടത്തിയ അൽഫോൻസാ തീർത്ഥാടനത്തിൽ മാനന്തവാടി രൂപതയിലെ വിവിധ ശാഖകളിൽ നിന്ന് 1500 ഓളം മിഷൻ പ്രതിഭകൾ പങ്കെടുത്തു. ചെമ്മഞ്ഞ പതാക കൈയ്യിലേന്തി മിഷൻ മുദ്രാവാക്യം വാനിലേക്ക് ഉയർത്തി നീങ്ങിയ തീർത്ഥാടനത്തിന് സമാപനസന്ദേശം മാനന്തവാടി രൂപതയുടെ പിതാവ് മാർ. ജോസ് പൊരുന്നേടം നൽകി. ദ്വാരക അൽഫോൻസാ ശാഖാ ഡയറക്ടർ റവ. ഫാ. ജോയി തുരു ത്തേൽ വി. അൽഫോൻസ നൊവേനക്ക് നേതൃത്വം നൽകി. രൂപത സെക്രട്ടറി ശ്രീ. സജി തറപ്പുതൊട്ടിയിൽ പങ്കെടുത്തവർക്കുള്ള നന്ദി യർപ്പിച്ചു. രൂപത ഭാരവാഹികളായ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, ശ്രീ. ജോൺസൺ ചിറായിൽ, റവ.സി. വിജയ എസ്.എ.ബി.എസ്., ശ്രീ. തോമസ് കല്ലറയ്ക്കൽ, ശ്രീ. ബിനു മാങ്കൂട്ടം, കുമാരി ജോസ്ന ചിറക്കു ന്നേൽ, ശ്രീ. ജോയി മേപാടം തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി.

## മാലാഖമാർക്കൊപ്പം ഒരു ദിനം

ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം എയ്ഞ്ചൽ മീറ്റ് നവംബർ 26-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. രൂപതാ പ്രസി ഡന്റ് ശ്രീ. ജോൺസൺ ചിറായിൽ പതാക ഉയർത്തിയതോടെ എയ്ഞ്ചൽ മീറ്റിന് തുടക്കമായി. രൂപതാ വികാരി ജനറാൾ മോൺ. ജോർജ് മൂലയിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, കൽപ്പറ്റ മേഖലാ ഡയറക്ടർ റവ.ഫാ. പീറ്റർ മുരിക്കനോലിക്കൽ സി.എം.ഐ., കൊട്ടിയൂർ മേഖലാ ഡയറക്ടർ റവ.ഫാ. ജെയ്സൺ കുഴികണ്ടത്തിൽ തുടങ്ങിയവർ സഹ കാർമ്മികരായിരുന്നു. 'എന്റെ മിഷൻലീഗ്' എന്ന വിഷയത്തെ അധികരിച്ച് നടന്ന ക്ലാസിന് രൂപതാ എക്സിക്യൂട്ടീവ് അംഗം ശ്രീ. ഷാജി ചന്ദനപ്പറമ്പിൽ, രൂപതാടീം അംഗം ശ്രീ. സോയി കൈതാരം തുടങ്ങിയവർ നേതൃത്വം നൽകി. വേദിയിൽ അവതരിപ്പിച്ച നൃത്തശില്പ ത്തിന് ദ്വാരക അൽഫോൻസ ശാഖയും, പ്രെയർഡാൻസിന് കണിയാരം ജോസ്ഭവനിലെ കുട്ടികളും നേതൃത്വമേകുകയും എയ്ഞ്ചൽ സംഗമ ത്തിന് ചാരുതയേകുകയും ചെയ്തു. രൂപത ഭാരവാഹികൾ എയ്ഞ്ചൽ സംഗമത്തിന് നേതൃത്വം ഏകി.

## അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി - ക്യാമ്പ്

മിഷൻലീഗ് അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി ക്യാമ്പ് ഡിസം ബർ 11, 12 തീയതികളിലായി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. അർദ്ധ

വാർഷിക റിപ്പോർട്ട്, കണക്ക് എന്നിവ കമ്മറ്റിയിൽ അവതരിപ്പിക്കുകയും ചർച്ചകൾക്കും, വിലയിരുത്തലുകൾക്കും വിധേയമാക്കുകയും ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിലിന്റെ അധ്യക്ഷതയിൽ ചേർന്ന മാനേജിംഗ് കമ്മറ്റിയിൽ ജൂബിലേറിയനായ പുൽപ്പള്ളി മേഖല ജോ.ഡയറക്ടർ റവ. സി. തെരേസ് എസ്.കെ.ഡി. യെ ആദരിക്കുകയും ഉപഹാരം നൽകുകയും ചെയ്തു. ആശംസകൾ നേർന്നുകൊണ്ട് തരിയോട് മേഖല പ്രസിഡന്റ് ശ്രീ.ജോഷി നമ്പുശേരി, രൂപത ജോ.ഡയറക്ടർ റവ.സി. വിജയ എസ്.എ.ബി.എസ്., രൂപത പ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിൽ, രൂപത ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ എന്നിവർ സംസാരിച്ചു.

"മേഖലാപ്രവർത്തനങ്ങൾ എന്തെന്നും എങ്ങനെയെന്നു"മുള്ള വിഷയത്തെ അധികരിച്ച് മാനേജിംഗ് കമ്മറ്റി അംഗങ്ങൾ കൂടുതൽ ഉൾക്കാഴ്ചയേകിയ ക്യാമ്പിന് അന്തർദേശീയ പ്രസിഡന്റ് ശ്രീ.തോമസ് ഏറനാട്ട് നേതൃത്വം നൽകി. രൂപതാസെക്രട്ടറി ശ്രീ.സജി തറപ്പുതൊട്ടിയിൽ കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. മേഖലാ പ്രവർത്തനങ്ങളും, മുന്നോട്ടുള്ള പ്രവർത്തനങ്ങളും കമ്മറ്റിയിൽ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വിവിധ മേഖലാ ഭാരവാഹികൾ, രൂപതാ ഭാരവാഹികൾ എന്നിവർ മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുത്തു.

## ഗലീലിയോ നാടകം - മിഷൻലീഗ് പ്രതിഷേധിച്ചു

അസത്യങ്ങളും, നിരീശ്വരത്വവും പ്രചരിപ്പിക്കുന്നതിനും, സഭയെയും സഭാപ്രതീകങ്ങളെയും അവഹേളിക്കുന്നതിനുള്ള വേദിയാക്കിമാറ്റുകയും ചെയ്ത ശാസ്ത്രസാഹിത്യപരിഷത്തിന്റെ 'ഗലീലിയോ' നാടകത്തിനെതിരെ ചെറുപുഷ്പ മിഷൻലീഗ് മാനേജിംഗ് കമ്മിറ്റി ശക്തമായി പ്രതിഷേധിച്ചു.

## ലോഗോസിൽ മാനന്തവാടി രൂപതയ്ക്ക് തിളക്കം

ലോഗോസ് ബൈബിൾ ക്വിസ് സംസ്ഥാനതല പരീക്ഷയിൽ ചൂരൽമല ശാഖയിലെ സിമി തേനംമാക്കൽ സംസ്ഥാനതലത്തിൽ 2-ാം സ്ഥാനം കരസ്ഥമാക്കി. നവംബർ 29-ന് പാലാരിവട്ടം പി.ഒ.സി.യിൽ നടന്ന സംസ്ഥാനതല പരീക്ഷയിൽ മാനന്തവാടിയിൽ നിന്നുള്ള 15 പേർ പങ്കെടുത്തു. തിളക്കമാർന്ന നേട്ടം കൈവരിച്ച സിമിക്ക് ചെറുപുഷ്പ മിഷൻലീഗിന്റെ അഭിനന്ദനങ്ങൾ.... ആശംസകൾ.

## ഗ്ലോറിയ വോയ്സ്

സംഘടനാ ശക്തീകരണ വർഷത്തോടനുബന്ധിച്ച് നവംബർ മാസത്തിലെ ഞായറാഴ്ചകളിൽ നടന്ന ടെലി ബൈബിൾ ക്വിസിൽ വിജയികൾ:- I$^{st}$ നീതു കരിമ്പനാൽ - ഒഴുക്കൻമൂല

പ്രോത്സാഹന സമ്മാനങ്ങൾ:- ഡോൺ കരിമ്പനാൽ - ഒഴുക്കൻമൂല, സനീഷ് മടയിൻകുന്നേൽ - കാവുംമന്ദം, സെബിൻ ചെട്ട്യാകുന്നേൽ - ഇരുളം, അമ്പിളി മൂലക്കര - ചെന്നലോട്, അശ്വിൻ കരിമ്പനാൽ - ഒഴുക്കൻമൂല.

## രൂപതാ വാർഷികം, സിമ്പോസിയം മാനന്തവാടി സെന്റ് പാട്രിക്സിൽ ജനുവരി 26-ന്

മിഷൻലീഗ് രൂപത വാർഷികവും സിമ്പോസിയവും ജനുവരി 26-ന് ചൊവ്വാഴ്ച മാനന്തവാടി സെന്റ് പാട്രിക് സ്കൂളിൽ വച്ച് നടക്കുന്നതാണ്. ശാഖയിൽനിന്ന് കഴിയുന്നത്ര അംഗങ്ങളെ സമ്മേളനത്തിൽ പങ്കെടുപ്പിക്കുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. രാവിലെ 9.45 ന് പതാക ഉയർത്തുന്നതോടെ പരിപാടികൾക്ക് തുടക്കമാകും. സംസ്ഥാന ഡയറക്ടർ റവ.ഫാ. ആന്റണി പുതിയാപറമ്പിൽ വാർഷികം ഉദ്ഘാടനം ചെയ്യും. ശ്രീ. വർഗീസ് പോൾ തൃശൂർ സിമ്പോസിയത്തിനു നേതൃത്വം നൽകും.

## രൂപതാ കൊളാഷ് മത്സരത്തിനായ് ഒരുങ്ങുക

മിഷൻലീഗ് 36-ാം വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന കൊളാഷ് മത്സരത്തിന് ഓരോ ശാഖയും കൊളാഷ് മുൻകൂട്ടി തയ്യാറാക്കി കൊണ്ടുവന്ന് ജനുവരി 26-ന് രാവിലെ 9.30 ന് മുമ്പ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്. വിജയികൾക്ക് ക്യാഷ് അവാർഡുകളും പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കും.

വിഷയം - "വിളവധികം വേലക്കാർ ചുരുക്കം".

കൂടുതൽ വിവരങ്ങൾക്ക് ഡിസംബർ മാസത്തെ രൂപതാ ബുള്ളറ്റിൻ ശ്രദ്ധിക്കുക.

## സംസ്ഥാന കൗൺസിൽ - ജനുവരി 9-ന് ഡിവൈനിൽ

മിഷൻലീഗ് സംസ്ഥാന കൗൺസിൽ ജനുവരി 9-ന് ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ മുരിങ്ങൂർ ഡിവൈൻ ധ്യാന കേന്ദ്രത്തിൽ വെച്ച് നടത്തുന്നു. രൂപതാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ സംസ്ഥാന കൗൺസിലിന് പങ്കെടുക്കേണ്ടതാണ്.

## കൈയ്യെഴുത്തു മാസിക - പനവല്ലി ശാഖ 1-ാം സ്ഥാനം

രൂപതാ കൈയ്യെഴുത്തു മാസികയിൽ പനവല്ലി ശാഖയുടെ 'വിളവ്' 1-ാം സ്ഥാനത്തിന് അർഹമായി. 2-ാം സ്ഥാനം 'പെനുവേൽ' മുതിരേരി ശാഖയും, 3-ാം സ്ഥാനം 'റബ്ബോനി' പാലാങ്കര ശാഖയും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

## SEEM ക്യാമ്പ് അമ്പായത്തോട് ശാഖയിൽ

സി.എം.എൽ. രൂപതാ നേതൃത്വത്തിൽ നടത്തപ്പെടുന്ന ശാഖാ ക്യമ്പ് 'സീം' അമ്പായത്തോട് ശാഖയിൽ നടന്നു. ക്യാമ്പിന് രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരക്കൽ, അജീഷ് എടപ്പാട്ട്, സി. ലിസ്മരിയ, സ്റ്റെഫി തുടങ്ങിയവർ നേതൃത്വം നൽകി. ക്യമ്പ് സംഘടിപ്പിച്ച അമ്പായത്തോട് ശാഖാ ഡയറക്ടർ ബഹു. ജോസ് കുളിരാനി അച്ചനും, ശാഖാഭാരവാഹികൾക്കും, രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

## ശാഖാ വാർത്തകൾ

*മുണ്ടേരി* :- വിശുദ്ധരുടെ ആൽബം മത്സരം നടത്തി സമ്മാനങ്ങൾ നൽകി.

*വാളവയൽ* :- ശിശുദിനത്തോടനുബന്ധിച്ച് Outing നടത്തി

*വാകേരി* :- ക്രിസ്തുരാജന്റെ തിരുനാളിനോടനുബന്ധിച്ച് മുദ്രാവാക്യ മത്സരം നടത്തി. സമ്മാനങ്ങൾ വിതരണം ചെയ്തു.

*മാർട്ടിൻനഗർ* :- തിരുബാലസംഖ്യത്തിലെ കുട്ടികൾക്ക് പ്രകൃതിദൃശ്യം ആസ്പദമാക്കി പെൻസിൽ ഡ്രോയിംഗ് മത്സരം നടത്തി.

*കമ്മന* :- പിക്നിക്ക് (മാഹി) നടത്തി.

*ചുള്ളിയാന* :- പള്ളിപരിസരം വൃത്തിയാക്കി

*ആറാട്ടുതറ* :- മാധ്യമങ്ങളും, വിദ്യർത്ഥികളും എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി.

*നെടുമ്പാല* :- അൾത്താരബാല സംഗമം നടത്തി

*പട്ടാണികൂപ്പ്* :- നിർദ്ദന കുടുംബങ്ങൾക്ക് സഹായം നൽകി

*മണ്ണുവയൽ* :- രോഗീസഹായം 1500 രൂപ നൽകി

*ബെക്കി* :- വൃദ്ധമാതാപിതാക്കളെ ആദരിച്ചു.

*കുന്നൂർ* :- കുട്ടികൾക്ക് പഠനസഹായം നൽകി

*പനഞ്ചിറ* :- വി. മരിയ ഗൊരേത്തിയുടെ ജീവചരിത്രം സി.ഡി. കുട്ടികളെ കാണിച്ചു.

*പോരൂർ* :- ജാഗരണ പ്രാർത്ഥന നടത്തി.

*തലപ്പുഴ* :- ആരാധന നടത്തി

*മുതിരേരി, യവനാർകുളം, ഇരുളം* :- ക്രിസ്റ്റീൻ ധ്യാനം നടത്തി

വെള്ളമുണ്ട :- അൾത്താരബാലന്മാർക്ക് 'അൾത്താര ശുശ്രൂഷകർ, മാലാഖമാർ' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി.

*കാവുംമന്ദം, വിളമ്പുകണ്ടം* :- എമ്മാവൂസ് വില്ല (തോണിച്ചാൽ) സന്ദർശിച്ചു.

*ദീപ്തിഗിരി, ചെന്നലോട്, അമ്പലവയൽ, പടമല :-* വൃദ്ധഭവനം സന്ദർശിച്ചു.

*നിരവിൽപുഴ :-* കുട്ടികൾക്ക് കൗൺസിലിംഗ് നടത്തി

*വഞ്ഞോട് :-* ശിശുദിനം ആഘോഷിച്ചു

*പുതുശേരി :-* ഗവ. ഹോസ്പിറ്റലിൽ ഭക്ഷണ വിതരണം നടത്തി.

*കണിയാമ്പറ്റ :-* രോഗീസന്ദർശനം നടത്തി.

*കേണിച്ചിറ, ഇടയൂർകുന്ന് :-* ഭവന സന്ദർശനം നടത്തി

*കോട്ടത്തറ, ഏലപ്പീടിക, പ്രശാന്തഗിരി, മച്ചികൊല്ലി, അപ്പപ്പാറ, പേരിയ, പാലേമാട്, ചുണ്ടക്കര :-* സിമിത്തേരി സന്ദർശനം നടത്തി.

*കേളകം, ജൂഡ്സ്മൗണ്ട്, അരുൾനിലയം, മരക്കടവ് :-* ബൈബിൾവാക്യ പഠന മത്സരം നടത്തി.

**മേഖല വാർത്തകൾ**

പയ്യമ്പള്ളി - വചനകൂടാര മത്സരം നടത്തി. അപ്പപ്പാറ ശാഖ 1-ാം സ്ഥാനവും, പടമല ശാഖ 2-ാം സ്ഥാനവും കരസ്ഥമാക്കി.

ലോഗോസ് - E-group V- സി. മേരി ജോസഫ് എസ്.കെ.ഡി. ഒഴുക്കൻമൂല

**ദൈവവിളി സഹായം തന്ന ശാഖകൾ**

മീനങ്ങാടി - 100, കാട്ടിക്കുളം - 100, പനവല്ലി - 100, വെള്ളൂന്നി - 300, കരിമാനി-250, കേളകം - 150, വാകേരി - 150, അപ്പപ്പാറ - 100, മച്ചി കൊല്ലി - 50.

**മിഷൻഞായർ വിഹിതം തന്ന ശാഖകൾ**

കണിയാമ്പറ്റ - 100, മീനങ്ങാടി - 250, വള്ളിക്കെട്ട് - 125, കൊട്ടി യൂർ - 1500, അമ്പായത്തോട് - 1000, ഇരുളം - 100, കാവുംമന്ദം - 200, പടമല - 200, ഏലപ്പീടിക - 250, കാട്ടിക്കുളം - 150, പനവല്ലി - 100, വാകേരി - 100, കബനിഗിരി - 250, കരിമാനി - 200, കേളകം - 250, പുൽപ്പള്ളി - 700, ചോക്കാട് - 500, ആടിക്കൊല്ലി - 400, ജൂഡ്സ്മൗണ്ട് - 250, പനഞ്ചിറ - 150, പുതിയിടം - 150, അമരക്കുനി - 250, വിളമ്പു കണ്ടം - 500, തൃശിലേരി - 400, കരിമ്പിൽ - 100, മച്ചിക്കൊല്ലി - 100, കോട്ടത്തറ - 300, വഞ്ഞോട് - 400, പട്ടാണികൂപ്പ് - 300, കുറ്റിമൂല - 200, കുറുമ്പാല - 300, മൺവയൽ - 150, അരിഞ്ചേർമല - 500, ചിത്രഗിരി - 400, ബത്തേരി - 1000, കത്തീഡ്രൽ - 3000

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**

രൂപതാസെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

പുത്തൻ പ്രതീക്ഷകളുടെ പൂക്കാലവുമായി ഒരു പുതുവർഷം കൂടി – 2010. കാലം ഒരു ചെറു തുണ്ടായി കടന്നുപോകുമ്പോൾ, ഇന്നലെകളുടെ മിഴിവാർന്ന ചിത്രങ്ങൾ മനസ്സിന്റെ കോണിൽ പ്രഭപരത്തി നിറഞ്ഞ് നിൽക്കുന്നു.... 2009 – സംഘടനാ ശാക്തീകരണ വർഷത്തിന്റെ കുതിപ്പ് രൂപതയിലെ യുവത്വം മുഴുവൻ തൊട്ടറിഞ്ഞ വർഷം. ഊർജ്ജസ്വലമായ കരുത്താർന്ന യുവത്വം സംഘടനാ പാടവത്തോടെ ഉണർന്നെഴുന്നേറ്റപ്പോൾ അതൊരു ശക്തിയായി. ആവേശമായി – കെ.സി.വൈ.എം. എന്ന ധാർമ്മിക യുവജന പ്രസ്ഥാനത്തെ രൂപത മുഴുവൻ നിറഞ്ഞ് നിൽക്കുന്ന യുവ തരംഗമായി മാറ്റി... ആവേശവും കരുത്തും നൽകി സജീവതയുടെ പാരമ്യത്തിലെത്തിച്ച് സംഘടനയെ ശാക്തീകരിക്കാൻ സഹകരിച്ച എല്ലാ സുമനസ്സുകൾക്കും ആയിരമായിരം നന്ദി...

2010 സ്വപ്നങ്ങളുടെ വർണ്ണച്ചിറകുകളിൽ യുവ മനസ്സുകളുടെ താളമേളങ്ങളോടെ, വൈവിധ്യമാർന്ന പ്രവർത്തന ശൈലികളോടെ നമുക്ക് യാത്ര ആരംഭിക്കാം... അതെ – 2010 സംഘടനയുടെ ശക്തമായ വളർച്ചയുടെ കാലമാകട്ടെ. സമകാലിക സമൂഹത്തിന്റെ വിള്ളലുകൾക്ക് നേരെ വിരൽ ചൂണ്ടുന്ന യുവത്വം, അധാർമ്മികതയുടെ അസ്വസ്ഥതകൾക്ക് നേരെ ശബ്ദമുയർത്തുന്ന യുവത്വം, സമൂഹത്തെ ചിന്നഭിന്നമാക്കുന്ന ഛിദ്രശക്തികൾക്ക് നേരെ ഗർജ്ജിക്കുന്ന യുവത്വം, സാമൂഹിക ഇടപെടലിലൂടെ സമൂഹത്തിന്റെ ശബ്ദവും മനസ്സാക്ഷിയുമായി തീർന്ന് സമൂഹത്തിന്റെ ചാലകശക്തിയാകുവാൻ കെ.സി.വൈ.എം. എന്ന ധാർമ്മിക യുവജന പ്രസ്ഥാനത്തിന്റെ ത്രിവർണ്ണ പതാകയുടെ ചുവട്ടിൽ രൂപതയിലെ മുഴുവൻ യുവജനങ്ങളും അണി നിരക്കട്ടെ... സമൂഹത്തിന്റെ ശബ്ദവും സഭയുടെ കരുത്തുമായി മാറി 2010 യുവത്വത്തിന്റെ

വർഷമാക്കി മാറ്റുവാൻ നമ്മുക്കൊരുമിച്ച് കരങ്ങൾ കോർക്കാം. എല്ലാവർക്കും വിജയങ്ങൾ ആശംസിക്കുന്നു.

*പുതുവത്സര ആശംസകളോടെ,*

സ്നേഹപൂർവ്വം,

**സണ്ണിയച്ചൻ**

## സ്നേഹപൂർവ്വം നന്ദിയുടെ പൂക്കളുമായ്

യുവോത്സവ് - 09 ഒരു ഉത്സവമാക്കി മാറ്റിയ രൂപതയിലെ മുഴുവൻ യുവജനങ്ങൾക്കും.... നന്ദി.... നന്ദി.... വളരെ സജീവമായ പങ്കാളിത്തം കൂട്ടായ്മയുടെ വിജയം.... സഹകരണത്തിന്റെ പ്രകടനം... കരുത്താർന്ന യുവത ആവേശത്തോടെ അത്ഭുതം സൃഷ്ടിച്ചു. സുന്ദരവും മനോഹരവുമായ റാലി - ആയിരങ്ങളുടെ ആവേശം വാനോളം അലതല്ലിയപ്പോൾ അതൊരു വർണ്ണ വിസ്മയ കാഴ്ചയായി... വളരെ നന്ദി.... ഈ കൺവൻഷൻ വിജയമാക്കാൻ നേതൃത്വം നൽകിയ ബഹു. മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, മേഖലാ ഭാരവാഹികൾ, യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റർമാർ, ഭാരവാഹികൾ - പ്രത്യേകിച്ച് രൂപതയിലെ ഓരോ യുവജനങ്ങൾക്കും പ്രത്യേകവും വ്യക്തിപരവുമായി ഞാൻ നന്ദി പറയുന്നു. ഒപ്പം - കൂടെനിന്ന് എല്ലാ കാര്യങ്ങൾക്കും നേതൃത്വം വഹിച്ച് ഭംഗിയായി ക്രമീകരണങ്ങൾ നടത്തി - യുവോത്സവ് 09 വിജയമാക്കി മാറ്റിയ രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ - കൺവെൻഷൻ സംഘാടക സമിതി അംഗങ്ങൾ, റവ.ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ, റവ. ഫാ. ജോജോ ഔസേപ്പറമ്പിൽ, ബത്തേരി മേഖലാ ഭാരവാഹികൾ എന്നിവർക്കും സ്നേഹപൂർവ്വം നന്ദിയുടെ മലരുകൾ അർപ്പിക്കുന്നു.

**സണ്ണിയച്ചൻ**

## യുവോത്സവ് - 09
## 15-ാം വാർഷിക യുവജന കൺവെൻഷൻ ബത്തേരിയിൽ വിസ്മയമായി.

കേരള സഭയുടെ കരുത്തായ കെ.സി.വൈ.എം. പ്രസ്ഥാനം മാനന്തവാടി രൂപതയിൽ ഊർജ്ജസ്വലതയോടെ തന്നെ മുന്നേറുകയാണ്. പ്രസ്ഥാനത്തിന്റെ 15-ാം വാർഷികം ഡിസംബർ 21, 22 തീയതികളിലായി ബത്തേരിയിൽ വച്ച് വിപുലമായി കൊണ്ടാടി. കഴിഞ്ഞ 15 വർഷങ്ങളിൽ സ്വാർത്ഥത കൂടാതെ സമൂഹത്തിൽ നൻമ നിലനിർത്താൻ കെ. സി.വൈ.എം. പ്രസ്ഥാനത്തിന് കഴിഞ്ഞു എന്നതിന്റെ തെളിവായിരുന്നു യുവജനറാലിയിലും പൊതുസമ്മേളനത്തിലും അണിനിരന്ന 1500 ഓളം യുവജനങ്ങളുടെ സാന്നിദ്ധ്യം.

## പ്രതിനിധി സമ്മേളനം

ഡിസംബർ 21-ാം തീയതി നടന്ന പ്രതിനിധി സമ്മേളനത്തിൽ വിവിധ യൂണിറ്റുകളിൽ നിന്ന് 2010 വർഷത്തേക്കു തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ പങ്കെടുത്തു. വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി വൽസ ചാക്കോ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് അനീഷ് ഓമക്കര അധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി സജിൻ ജോസ് ചാലിൽ സ്വാഗതവും മുൻ രൂപത പ്രസിഡണ്ട് ശ്രീ. മാത്യു തറയിൽ ആശംസകളും അർപ്പിച്ചു. റവ.ഫാ. റോബിൻ കണ്ണഞ്ചിറ ക്ലാസ് നയിച്ചു. ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, റെജിമോൻ പുന്നോലിൽ, ശ്രീ. ബിജു മാത്യു അരീക്കാട്ട് എന്നിവർ പാനൽ ചർച്ച നയിച്ചു. കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ഇന്നത്തെ പ്രസക്തി, വിഷൻ 2020 എന്നീ വിഷയങ്ങളിലായിരുന്നു പാനൽ ചർച്ച. 80 യുവജനങ്ങൾ പ്രതിനിധി സമ്മേളനത്തിൽ പങ്കെടുത്തു. രൂപതാ സെക്രട്ടറി സന്തോഷ് ഞാറക്കുളം നന്ദി പറഞ്ഞു.

## യുവജന റാലിയും പൊതുസമ്മേളനവും

യുവജനങ്ങൾ സഭയുടെ കരുത്താണ്, മുതൽകൂട്ടാണ് എന്നു വിളിച്ചോതിയ 1500 യുവജനങ്ങൾ പങ്കെടുത്ത യുവജന റാലി മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ, പ്രസിഡന്റ് ശ്രീ. അനീഷ് ഓമക്കരയ്ക്ക് പ്രസ്ഥാനത്തിന്റെ അഭിമാനമായ ത്രിവർണ പതാക കൈമാറി ഉദ്ഘാടനം ചെയ്തു. രൂപതയിലെ 12 മേഖലകൾ വ്യത്യസ്തങ്ങളായ വർണപൊലിമയോടെ റാലിയിൽ അണിനിരന്നു. കാലത്തിന്റെ സത്യങ്ങൾ വിളിച്ചോതിയ ഫ്ലോട്ടുകളും റാലിയെ ജ്വലിപ്പിച്ചു. വളരെ അച്ചടക്കത്തോടെ, ചരിത്രമുറങ്ങുന്ന ബത്തേരിയുടെ ഹൃദയഭാഗത്തിൽ കൂടി നടന്നുപോയ ആയിരങ്ങൾ പങ്കെടുത്ത റാലി പൊതുജനങ്ങളുടെ ഹൃദയത്തിൽ സ്ഥാനം നേടി.

ബത്തേരി ഐശ്വര്യ ഓഡിറ്റോറിയത്തിൽ വച്ചു നടന്ന പൊതുസമ്മേളനം മാനന്തവാടി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് അനീഷ് ഓമക്കര അധ്യക്ഷനായിരുന്നു. ബത്തേരി രൂപതാമെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് അനുഗ്രഹപ്രഭാഷണം നടത്തി. രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം, ജനറൽ സെക്രട്ടറി സജിൻ ജോസ് ചാലിൽ, സി. ജെസ്‌ലീമ, ലിജി കളരിക്കൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ജോൺസൺ തൊഴുത്തുങ്കൽ, ജോസ് പള്ളത്ത്, ബെന്നി പച്ചിക്കൽ, സന്തോഷ് ഞാറക്കുളം, ജെസോയി മൂങ്ങനാനിയിൽ, നീന വടക്കേൽ, ബിജു മാത്യു അരീക്കാട്ട് എന്നിവർ പ്രസംഗിച്ചു. മാത്യു തറ

യിൽ, സണ്ണി ചാലിൽ, റെജിമോൻ പുന്നോലിൽ, ഷിബു സി.വി. ചങ്ങാലിക്കാവിൽ, ഷംജിത്ത്, ബിനോയി പാനികുളം, ഷൈജു പച്ചിക്കൽ, ആൻസി, നിഷിത എന്നിവർ നേതൃത്വം നൽകി.

യുവോത്സവ്-2009 15-ാം വാർഷിക കൺവെൻഷൻ വിജയിപ്പിക്കുന്നതിന് മുൻകൈ എടുത്ത എല്ലാ ബഹുമാന്യ മേഖലാ ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും, വൈദികർക്കും, മേഖലാ യൂണിറ്റ് ഭാരവാഹികൾക്കും ഹൃദ്യമായ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു. റാലിയിൽ ഏറെ ആകർഷകമായി പങ്കെടുത്ത പുൽപ്പള്ളി മേഖലയ്ക്ക് പ്രത്യേക സമ്മാനം നൽകി. പുൽപ്പള്ളി മേഖലയിലെ എല്ലാ ഭാരവാഹികൾക്കും ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി അർപ്പിക്കുന്നു.

**അനുമോദനങ്ങൾ**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ഏറ്റവും മികച്ച പ്രവർത്തകനുള്ള അവാർഡ് നേടിയ പ്രസ്ഥാനത്തിന്റെ പ്രഥമ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കലിനെ 15-ാം വാർഷിക കൺവെൻഷനിൽ വച്ച് പിതാവ് മാർ ജോസ് പൊരുന്നേടം അവാർഡ് നൽകി ആദരിച്ചു. ജോൺസൺ സാറിന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ അനുമോദനങ്ങൾ.

**2009 വർഷത്തെ പ്രവർത്തക അവാർഡ് ജേതാക്കൾ**

കെ.സി.വൈ.എം. മാനന്തവാടി രൂപതയിലെ 2009 പ്രവർത്തന വർഷത്തെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വ്യക്തികൾക്കും മേഖല, യൂണിറ്റുകൾക്കും അവാർഡ് നൽകി.

മികച്ച മേഖല പ്രവർത്തകൻ - ബെന്നി പച്ചിക്കൽ (ബത്തേരി മേഖല)
മികച്ച മേഖല പ്രവർത്തക - ലിന്റ പുലിതൂക്കിൽ (മാനന്തവാടി മേഖല)
മികച്ച യൂണിറ്റ് പ്രവർത്തകർ - മനു കൈപ്പുള്ളിമാലിൽ (കേണിച്ചിറ യൂണിറ്റ്), ബിനു പൊട്ടയ്ക്കൽ (പ്രശാന്തഗിരി യൂണിറ്റ്)
മികച്ച യൂണിറ്റ് പ്രവർത്തക - ആൻസി തേക്കാനത്ത് (ബത്തേരി യൂണിറ്റ്)
മികച്ച മേഖല - കൽപ്പറ്റ മേഖല
മികച്ച യൂണിറ്റ് - ചിത്രഗിരി യൂണിറ്റ്

വിജയികളായ വ്യക്തിത്വങ്ങൾക്കും മേഖലയ്ക്കും യൂണിറ്റിനും കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ.

**ഡിസംബർ 5 - HIV/AIDS ബോധവൽക്കരണ റാലി**

സമൂഹത്തെ നിശബ്ദമായി നശിപ്പിക്കുന്ന, സംസ്കാരത്തെ കുത്തി മുറിവേൽപ്പിക്കുന്ന, മാനവ മനസ്സാക്ഷിയുടെ മുമ്പിൽ ചോദ്യ ചിഹ്നവുമായി ഉയർന്നു നിൽക്കുന്ന AIDS എന്ന മഹാവിപത്തിനെതിരെ

ബോധവൽക്കരണവുമായി കെ.സി.വൈ.എം. രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഡിസംബർ 5-ന് മാനന്തവാടി ഗാന്ധിപാർക്കിൽ സമ്മേളിച്ചു. മാനന്തവാടി ടൗൺ ചർച്ചിൽ നിന്നും ആരംഭിച്ച റാലിയിൽ 150 ഓളം യുവജനങ്ങൾ പങ്കെടുത്തു. റാലി കണിയാരം അസി. വികാരി റവ.ഫാ. ജെറി ഓണംപള്ളി ഉൽഘാടനം ചെയ്തു. ഗാന്ധിപാർക്കിലെ സമ്മേളനം രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ഉൽഘാടനം ചെയ്തു. ശ്രീമതി ആയിഷ വിപത്തിനെതിരെ ജാഗരൂകരാകാൻ അനുഭവസാക്ഷ്യത്തിലൂടെ ഓർമ്മിപ്പിച്ചു. സി. ജെസ്‌ലീമ എസ്.ഡി. ആശംസ അർപ്പിച്ചു. ശ്രീ. സജിൻ ചാലിൽ നന്ദി അർപ്പിച്ചു.

## ഉത്സവ് - 09 പരിശീലന സെമിനാർ

ഡിസംബർ 6 ഞായറാഴ്ച ഉച്ചകഴിഞ്ഞ്, ഉത്സവ് 09 ന് പങ്കെടുത്ത എല്ലാവർക്കുമായി പരിശീലനം സംഘടിപ്പിച്ചു. പരിശീലനത്തിന് ശ്രീ. ജോസ് പള്ളത്ത്, റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, സി. ജെസ്‌ലീമ എസ്.ഡി. എന്നിവർ നേതൃത്വം നൽകി.

## ഉത്സവ് - 09 മാനന്തവാടി രൂപതയ്ക്ക് രണ്ടാം സ്ഥാനം

ഉത്സവ് 09 സംസ്ഥാനതല കലാമത്സരങ്ങളിൽ കേരളത്തിലെ 29 രൂപതകളിൽ നിന്നായി 1500 ഓളം യുവജനങ്ങൾ പങ്കെടുത്ത കലോത്സവത്തിൽ മാനന്തവാടി രൂപത 103 പോയിന്റോടെ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ടീം മാനേജർ സി. ജെസ്‌ലിമ എസ്.ഡി. യുടെയും സെക്രട്ടറിയേറ്റ് അംഗങ്ങളുടെയും നേതൃത്വത്തിൽ രൂപതയിൽ നിന്ന് 50 പേർ പങ്കെടുത്തു. വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

| | |
|---|---|
| 1. ഉപന്യാസം | - ഷെമിൻ പഴയംകോട്ടിൽ B grade |
| | - സജിൻ ചാലിൽ C grade |
| 2. കവിത രചന | - അഞ്ജലി കറുത്തേടത്ത് I with A grade |
| | - ഷെമിൻ പഴയംകോട്ടിൽ B grade |
| 3. കൊളാഷ് | - സജിൻ ചാലിൽ C grade |
| 4. മുദ്രാവാക്യരചന | - അനീഷ് ഓമക്കര II with B grade |
| | - ഷെമിൻ പഴയംകോട്ടിൽ A grade |
| 5. നോട്ടീസ് രചന | - സജിൻ ചാലിൽ B grade |
| | - അനീഷ് ഓമക്കര B grade |
| 6. ലളിതഗാനം | - ഷിനു മഠത്താശ്ശേരി I with A grade |
| | - അനൂപ കൊരണ്ടിയാർകുന്നേൽ III |
| 7. പ്രസംഗം | - സജിൻ ചാലിൽ I with B grade |
| | - അനീഷ് ഓമക്കര B grade |
| 8. മോണോ ആക്ട് | - ക്രിസ്റ്റീന കുരിശുംമൂട്ടിൽ III |
| | - സജി പീക്കുന്നേൽ C grade |

9. ഫാൻസിഡ്രസ്സ് - സുനിൽ കുറ്റിയാനിക്കൽ C grade
10. നാടോടിനൃത്തം - ജിൻസി കൊച്ചുകുടി III
- ക്ലിൻസ് തെങ്ങുംതൊട്ടി C grade
- പ്രനീഷ് കാട്ടാംമ്പിള്ളിൽ C grade
11. കെ.സി.വൈ.എം. ആന്തം - അനീഷ് ഉപ്പുവീട്ടിൽ & പാർട്ടി B grade
12. സംഘഗാനം - അനീഷ് ഉപ്പുവീട്ടിൽ & പാർട്ടി B grade
13. ഡിബേറ്റ് - സജിൻ ചാലിൽ & അനീഷ് ഓമക്കര I with B grade
14. ബൈബിൾക്വിസ് - സുനിൽ കുറ്റിയാനിക്കൽ & ലിപിൻ കാഞ്ഞിരക്കുഴി III
15. മൈം - ബിനു പൊട്ടക്കൽ & പാർട്ടി III with B grade
16. തെരുവുനാടകം - ബിനു പൊട്ടക്കൽ & പാർട്ടി II with A grade
17. മാർഗ്ഗംകളി - ജോസ്ന വാഴകാട്ട് & പാർട്ടി I with A grade
18. പത്രവാർത്ത - അനീഷ് ഓമക്കര B grade

കലാപ്രതിഭയായി മാനന്തവാടി രൂപതയിലെ അനീഷ് ഓമക്കര തെരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ!

## യൂണിറ്റ് മേഖല തെരഞ്ഞെടുപ്പ്

രൂപതയിലെ വിവിധ യൂണിറ്റുകളിൽ 2010 വർഷത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് മേഖല ഭാരവാഹികളുടെ ലിസ്റ്റ് ഡിസംബർ 31 നകം രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഇനിയും റിപ്പോർട്ടുകൾ എത്തിക്കാത്ത കല്ലോടി, പയ്യമ്പള്ളി, നടവയൽ, തരിയോട്, കൊട്ടിയൂർ, മണിമൂളി, നിലമ്പൂർ, ഗൂഡല്ലൂർ എന്നീ മേഖലകൾ അതാത് മേഖലകളുടെ റിപ്പോർട്ട് ജനുവരി 5-നകം രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## രൂപത വാർഷിക സെനറ്റ്

ഈ വർഷത്തെ രൂപത വാർഷികസെനറ്റ് ജനുവരി 9, 10 തീയതികളിൽ ബോയ്സ് ടൗണിൽവച്ച് നടക്കും. 9-ാം തീയതി വൈകിട്ട് 6 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ച് 10-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് സെനറ്റ് തീരുന്നതായിരിക്കും. 2010 വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2009 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, കണക്ക് എന്നിവ പാസാക്കലും സംഘടനാ ചർച്ചകളും സെനറ്റിന്റെ ഭാഗമാണ്. സെനറ്റംഗങ്ങൾ മുഴുവൻ സമയവും നിർബന്ധമായും സെനറ്റിൽ പങ്കെടുക്കേണ്ടതാണ്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട മേഖലാഭാരവാഹികളും 2009 പ്രവർത്തന വർഷത്തെ രൂപതാ സിൻഡിക്കേറ്റംഗങ്ങളും മുഴുവൻ മേഖല ഡയറക്ടർമാരും, ആനിമേറ്റർമാരും 2009 വർഷത്തെ മേഖല പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി എന്നിവർക്കും രൂപത വാർഷിക സെനറ്റിൽ സംബന്ധിക്കുവാൻ അർഹതയുണ്ട്. അന്നേ

ദിവസങ്ങളിൽ മറ്റു പരിപാടികൾ മാറ്റിവച്ച് വാർഷിക സെനറ്റിന് ഒരുങ്ങുമല്ലോ.

## സംഘടനാ പ്രതിനിധികൾ അഭിവന്ദ്യ പിതാവിനോടൊപ്പം

നവംബർ 28-ന് പാസ്റ്ററൽ സെന്ററിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന വിവിധ സംഘടനാ പ്രതിനിധികളുടെ മീറ്റിംഗിൽ കെ.സി.വൈ.എം. രൂപതാ സെക്രട്ടറിയേറ്റ് അംഗങ്ങൾ പങ്കെടുത്തു. 2009 വർഷത്തെ ക്രോഡീകരിച്ച റിപ്പോർട്ടും സംഘടനയെക്കുറിച്ചും അന്നേദിവസം മീറ്റിംഗിൽ അവതരിപ്പിച്ചു.

## അത്മായ കമ്മീഷൻ സംഗമം

കേരളത്തിലെ അത്മായ സമൂഹത്തിന്റെ സഭാത്മകമാനത്തെകുറിച്ച് എറണാകുളം പി.ഒ.സി. യിൽ വച്ച് നടന്ന സംഗമത്തിൽ രൂപതാ കെ.സി.വൈ.എം. നെ പ്രതിനിധീകരിച്ച് വൈദികരുടെ പ്രതിനിധികളായി റവ. ഫാ. ബിനു പൈനുങ്കൽ, ഫാ. പ്രിൻസ് തുമ്പിയാംകുഴി എന്നിവരും, യുവജനങ്ങളുടെ പ്രതിനിധികളായി ശ്രീ. ബിജു മാത്യു അരീക്കാട്ടും ശ്രീ. മാത്യു തറയിലും സംബന്ധിച്ചു.

## ശാസ്ത്ര സെമിനാർ

ന്യൂമാൻസ് കോളേജിൽ മാനന്തവാടി രൂപതാ ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ സഭയും ശാസ്ത്രവും എന്ന വിഷയത്തെ ആസ്പദമായി നടത്തിയ സിമ്പോസിയത്തിൽ കെ.സി.വൈ.എം. നെ പ്രതിനിധീകരിച്ച് രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടത്തിന്റെ നേതൃത്വത്തിൽ 15 ഓളം യുവജനങ്ങൾ പങ്കെടുത്തു.

## കെ.സി.വൈ.എം. പ്രശാന്തഗിരി യൂണിറ്റ്

1) നവംബർ 14 ശിശുദിനത്തിൽ ഡയറക്ടർ പോളച്ചന്റെയും പ്രസി. ശ്രീ. ബിനു പൊട്ടയ്ക്കലിന്റെയും നേതൃത്വത്തിൽ തിരുബാലസഖ്യം കുട്ടികൾക്ക് കലാകായിക മത്സരം നടത്തി. 2) തിരുനാളിനോടനുബന്ധിച്ച് സ്റ്റേജ് നിർമ്മാണത്തിന്റെ ഭാഗമായി യൂണിറ്റിലെ 15 ഓളം യുവജനങ്ങൾ സ്റ്റേജ് നിർമ്മിക്കുന്ന സ്ഥലത്തെ മണ്ണ് നീക്കി. 3) നവംബർ 15-ാം തീയതി മുതൽ നടന്ന ഇടവക ധ്യാനത്തിന്റെ വിജയത്തിനായി കെ.സി.വൈ.എം. സിൻഡിക്കേറ്റ് അംഗങ്ങൾ വികാരിയച്ചനോടൊപ്പം കർമ്മനിരതരായി. 4) 22/11/09 ബഹു. ഡയറക്ടർ പോൾ ഇടയക്കൊണ്ടാട്ടച്ചന്റെ നേതൃത്വത്തിൽ 2010 വർഷത്തേയ്ക്കുള്ള യൂണിറ്റ് ഇലക്ഷൻ നടത്തി.

പുതുവത്സാരാശംകളോടെ,

**സജിൻ ജോസ് ചാലിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ, നവംബർ 21 മുതൽ 25 വരെ നടന്ന കോഴ്സിൽ 85 പേരും ഡിസംബർ 12 മുതൽ 15 വരെ നടന്ന കോഴ്സിൽ 97 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| Month | Date | Starting | Closing | Venue |
|---|---|---|---|---|
| January | 10-13 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 21-24 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| February | 07-10 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 19-22 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| March | 05-08 | 4.30 pm | 6.00 pm | Manimooly |
| | 14-17 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 26-30 | 4.00 pm | 10.00 am | Pastoral Centre, Dwaraka |
| April | 10-13 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 23-26 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| May | 09-12 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 17-20 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 26-29 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| June | 18-21 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| July | 11-14 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 30-Aug 02 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| August | 14-17 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 27-30 | 4.30 pm | 6.00 pm | Manimooly |

| | | | | |
|---|---|---|---|---|
| September | 05-08 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 27-30 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| October | 09-12 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 27-30 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| November | 08-11 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 19-22 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| December | 05-08 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 10-13 | 4.30 pm | 6.00 pm | Manimooly |
| | 28-31 | 9.30 am | 2.00 pm | Pastoral Centre, Dwaraka |

NB:- തീയതികളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ യഥാസമയം മാനന്തവാടി രൂപതാ ബുള്ളറ്റിനിലൂടെ അറിയിക്കുന്നതാണ്.

**Office Time തിങ്കൾ മുതൽ ശനി വരെ (10 am-5 pm) ഞായർ അവധി.**

**Office Phone No - 04935 - 241335**

## കത്തോലിക്കാ മാതൃസംഘടന

*ക്രിസ്തുമസിന്റെയും, പുതുവത്സരത്തിന്റെയും മംഗളാശംസകൾ സ്നേഹപൂർവ്വം നേരുന്നു.*

നവംബർ 25-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിൽ അച്ചന്റെ അധ്യക്ഷതയിൽ മാതൃസംഘടനയുടെ മേഖലാ ഡയറക്ടേഴ്സിന്റെയും മേഖലാ ആനിമേറ്റേഴ്സിന്റെയും സംഗമം സംഘടിപ്പിച്ചു. വിവിധ മേഖലകളിൽനിന്നുമായി വൈദീകരും സിസ്റ്റേഴ്സും എക്സിക്യൂട്ടീവ് അംഗങ്ങളുമടക്കം 25 പേർ പങ്കെടുത്തു. ചർച്ചയുടെ പ്രധാനവിഷയമായ ഇയർപ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ ആശയങ്ങളും അഭിപ്രായങ്ങളും കൈമാറി. കൂടാതെ ഏപ്രിൽ മാസം നടക്കുന്ന രുപതാകലാ മത്സരങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടു. പ്രസിഡണ്ട് കത്രിക്കുട്ടി ടീച്ചർ പങ്കെടുത്തവർക്ക് നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

2009 ഡിസംബർ 07 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 2009 വർഷത്തിലെ ജനറൽ ബോഡിയും രൂപതാ ഇലക്ഷനും നടത്തപ്പെട്ടു. 12 മേഖലകളിൽ നിന്നും 225 ഓളം അംഗങ്ങൾ പങ്കെടുത്തു. രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിൽ അച്ചന്റെ നേതൃത്വത്തിൽ ചേർന്ന മീറ്റിംഗിൽ കത്രിക്കുട്ടി ടീച്ചർ അധ്യക്ഷത വഹിച്ചു. ബഹു. ഡെന്നീസച്ചൻ മക്കളുടെ സ്വഭാവരൂപീകരണം മാതാക്കളിലൂടെ എന്ന

വിഷയം ആസ്പദമാക്കി 1 മണിക്കൂർ ക്ലാസ് എടുത്തു. 2009 വർഷത്തിലെ വാർഷിക റിപ്പോർട്ട് സെക്രട്ടറി ശ്രീമതി ഫിലോ ചേലക്കൽ അവതരിപ്പിക്കുകയും ട്രഷറർ ശ്രീമതി മോളി കരിമ്പനാക്കുഴി കണക്ക് അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന ഇലക്ഷനിൽ 2010-2012 വർഷത്തിലേക്കുള്ള രൂപതാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പുതുതായി തെരഞ്ഞെടുത്ത എല്ലാ അംഗങ്ങൾക്കും സി.എം.എ. കൂട്ടായ്മയിലേയ്ക്ക് സ്വാഗതവും, കഴിഞ്ഞ 2007-2009 വർഷങ്ങളിൽ മാതൃസംഘടന നയിച്ച എല്ലാവർക്കും നന്ദിയും എല്ലാ വിധ നന്മകളും നേരുന്നു.

**രൂപതാ മാതൃസംഘടനയുടെ 2010-2012 വർഷത്തേക്കുള്ള ഭരണ സമിതി അംഗങ്ങൾ**

പ്രസിഡന്റ് - ശ്രീമതി മോളി കരിമ്പനാക്കുഴി - പോരൂർ
വൈ.പ്രസിഡണ്ട് - ശ്രീമതി കത്രിക്കുട്ടി മണ്ണുക്കുളത്തിൽ - കൊട്ടിയൂർ
സെക്രട്ടറി - ശ്രീമതി ഫിലോ ചേലയ്ക്കൽ - ഒണ്ടയങ്ങാടി
ജോ.സെക്രട്ടറി - ശ്രീമതി ഗ്രേസി പടകോട്ടിൽ - കല്ലോടി
ട്രഷറർ - ശ്രീമതി ഷൈനി എളപ്പുപാറ - കണിയാരം
കൗൺസിലേഴ്സ് - ശ്രീമതി ലിസിദാസ് - നടവയൽ മേഖല
- ശ്രീമതി സിബിയ കറുകപ്പള്ളി-മണിമൂളി മേഖല
- ശ്രീമതി ലിസി റാത്തപ്പള്ളി - ബത്തേരി മേഖല
- ശ്രീമതി ആലീസ് ഉദിമുട്ടിൽ - കൽപ്പറ്റ മേഖല

ജനറൽ ബോഡിയിൽ ശ്രീമതി. കത്രിക്കുട്ടി മണ്ണുക്കുളത്തിൽ സ്വാഗതവും, രൂപതാ ആനിമേറ്റർ ബഹു. സി. ടെസിന എസ്.എ.ബി.എസ്. നന്ദിയും അർപ്പിച്ചു.

**മാനന്തവാടി മേഖല**

മാനന്തവാടി ടൗൺ പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് 21 ന് മേഖലാ ഡയറക്ടർ ബഹു. തോമസ് മണക്കുന്നേലച്ചന്റെ അധ്യക്ഷതയിൽ മേഖലാ ജനറൽ ബോഡി യോഗം ചേരുകയുണ്ടായി. മേഖലയിലെ വിവിധ ശാഖകളിൽ നിന്നായി 62 പേർ യോഗത്തിൽ പങ്കെടുത്തു. മേഖലയുടെ വാർഷിക റിപ്പോർട്ടും കണക്കും വായിച്ച് പാസാക്കി. മാതൃസംഘടനയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ എല്ലാ ശാഖയിലും സജീവമാക്കണമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു.

**മാനന്തവാടി മേഖല മാതൃസംഘടനയുടെ 2010–2012 വർഷത്തേക്കുള്ള ഭരണസമിതി അംഗങ്ങൾ**

ഡയറക്ടർ – റവ. ഫാ. തോമസ് മണക്കുന്നേൽ – പോരൂർ
ആനിമേറ്റർ – സി. അനില എസ്.എച്ച്. – പോരൂർ
പ്രസിഡന്റ് – ശ്രീമതി മോളി കരിമ്പനാക്കുഴി – പോരൂർ
വൈ.പ്രസിഡന്റ് – ശ്രീമതി ഫിലോമിന മണിമലപ്പറമ്പിൽ–മുതിരേരി
സെക്രട്ടറി – ശ്രീമതി ജെസ്സി കവളനാൽ – കരിമാനി
ജോ.സെക്രട്ടറി – ശ്രീമതി ഗ്രേസി – കരിമാനി
ട്രഷറർ – ശ്രീമതി ഷൈനി എളപ്പുപാറ
കൗൺസിലേഴ്സ് – ശ്രീമതി ഷീജ മറ്റത്തിലാനി – യവനാർകുളം
– ശ്രീമതി അന്നമ്മ ഓലിയ്ക്കൽ
– മാനന്തവാടി ടൗൺ പള്ളി

**തരിയോട് മേഖല**

തരിയോട് ഇടവകയിൽ വച്ച് മാതൃസംഘടനയുടെ മേഖലാ വാർഷികം 13–ന് 10 മണിക്ക് ഈശ്വര പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. മേഖലാ ഡയറക്ടർ റവ.ഫാ. ജെയിംസ് കുന്നത്തേട്ട് സ്വാഗതം ആശംസിക്കുകയും, പ്രസിഡന്റ് ശ്രീമതി ജെസി വടക്കേപ്പറമ്പിൽ അധ്യക്ഷ പദം അലങ്കരിക്കുകയും ചെയ്തു. ഫൊറോന വികാരി റവ. ഫാ.മാത്യു പൈക്കാട്ട് വാർഷികം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീമതി ജെസി തെക്കേതൊട്ടിയിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. ബെന്നി ആന്റണി മുഖ്യ പ്രഭാഷണം നടത്തി.

**തരിയോട് മേഖല മാതൃസംഘടനയുടെ 2010–2012 വർഷത്തേക്കുള്ള ഭരണസമിതി അംഗങ്ങൾ**

ഡയറക്ടർ – റവ. ഫാ. ജെയിംസ് കുന്നത്തേട്ട്
ആനിമേറ്റർ – സി. സ്റ്റാർലി – മഞ്ഞൂറ
പ്രസിഡന്റ് – ശ്രീമതി എൽസി മൂന്നാമാക്കൽ – കാവുംമന്ദം
വൈ.പ്രസിഡന്റ് – ശ്രീമതി തങ്കമ്മ കുടത്തിൽ – ചെന്നലോട്
സെക്രട്ടറി – ശ്രീമതി ജിൻസി കൂവയ്ക്കൽ – തരിയോട്
ജോ.സെക്രട്ടറി – ശ്രീമതി തങ്കമ്മ കൊച്ചുപറമ്പിൽ
ട്രഷറർ – ശ്രീമതി അന്നമ്മ പൊൻതൊട്ടിയിൽ–തരിയോട്
കൗൺസിലേഴ്സ് – ശ്രീമതി മോളി മാങ്കോട്ട് – മഞ്ഞൂറ
– ശ്രീമതി അന്നമ്മ പുതുക്കാട്ടിൽ

## മണിമൂളി മേഖല

### മണിമൂളി മേഖല മാതൃസംഘടനയുടെ 2010-2012 വർഷത്തേക്കുള്ള ഭരണസമിതി അംഗങ്ങൾ

ഡയറക്ടർ - റവ. ഫാ. ജോർജ് പൈനുങ്കൽ
ആനിമേറ്റർ - സി. പുഷ്പ ജോസ് - നരിവാലമുണ്ട
പ്രസിഡന്റ് - ശ്രീമതി മിനി കൊല്ലംപറമ്പിൽ - പാതിരിപ്പാടം
വൈ.പ്രസിഡന്റ് - ശ്രീമതി കത്രീന കോയിത്തറ - പാലാങ്കര
സെക്രട്ടറി - ശ്രീമതി സിബിയ കറുകപ്പള്ളി - മണിമൂളി
ജോ.സെക്രട്ടറി - ശ്രീമതി മേരി മേക്കാട്ട് - നരിവാലമുണ്ട
ട്രഷറർ - ശ്രീമതി സുമ കിച്ചേരിയിൽ - മുണ്ടേരി
കൗൺസിലേഴ്സ് - ശ്രീമതി ഗ്രേസി ഓലിക്കൽ - ഭൂദാനം
- ശ്രീമതി മേരി കൊച്ചുകാട്ടിത്തറ - തലഞ്ഞി
- ശ്രീമതി ഷൈനി പുതുകാട്ടുച്ചിറ - ഞാറപ്പാടം
- ശ്രീമതി ലിസ്സി വടക്കൂടൻ - പാലേമാട്

### കല്ലോടി മേഖല മാതൃസംഘടനയുടെ 2010-2012 വർഷത്തേക്കുള്ള ഭരണസമിതി അംഗങ്ങൾ

ഡയറക്ടർ - റവ. ഫാ. അഗസ്റ്റ്യൻ താന്നിയിൽ
ആനിമേറ്റർ - സി. ലൂസിയ എസ്.കെ.ഡി. - വെള്ളമുണ്ട
പ്രസിഡന്റ് - ശ്രീമതി മോളി തോപ്പിൽ - ചുള്ളിയാന
വൈ.പ്രസിഡന്റ് - ശ്രീമതി ഫിലോ പടിഞ്ഞാറക്കര - മക്കിയാട്
സെക്രട്ടറി - ശ്രീമതി ഗ്രേസി പടക്കോട്ടിൽ - കല്ലോടി
ജോ.സെക്രട്ടറി - ശ്രീമതി ലില്ലി മൂഞ്ഞനാട്ട്
ട്രഷറർ - ശ്രീമതി ലില്ലി പുതുപ്പള്ളിൽ - വെള്ളമുണ്ട
കൗൺസിലേഴ്സ് - ശ്രീമതി ഗ്രേസി ആനത്താനത്ത് - വഞ്ഞോട്
- ശ്രീമതി ലീലാമ്മ ആര്യമണ്ണിൽ - ദ്വാരക
- ശ്രീമതി സെലിൻ വരിക്കാപ്പള്ളി

### ഗൂഡല്ലൂർ മേഖല മാതൃസംഘടനയുടെ 2010-2012 വർഷത്തേക്കുള്ള ഭരണസമിതി അംഗങ്ങൾ

ഡയറക്ടർ - റവ. ഫാ. ജോർജ് പടിഞ്ഞാറയിൽ
ആനിമേറ്റർ - സി. ടെസ്സി എസ്.കെ.ഡി.
പ്രസിഡന്റ് - ശ്രീമതി തങ്കമ്മ ഓലപ്പുരയ്ക്കൽ
വൈ.പ്രസിഡന്റ് - ശ്രീമതി ഫിലോമിന പതിപറമ്പിൽ - വിമലഗിരി

സെക്രട്ടറി - ശ്രീമതി വൽസ കൊല്ലംകുന്നേൽ - കുന്നലാടി
ജോ.സെക്രട്ടറി - ശ്രീമതി അച്ചാമ്മ തോട്ടുങ്കൽ
ട്രഷറർ - ശ്രീമതി ട്രീസ പാറപ്പുറത്ത് - അരുൾനിലയം

**പോരൂർ ശാഖ**

റവ. ഫാ. തോമസ് മണക്കുന്നേലിന്റെ അധ്യക്ഷതയിൽ ജനറൽ ബോഡി ചേരുകയും സി. വിനീത എസ്.എച്ച്.- കുടുംബത്തിൽ അമ്മ എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുക്കുകയും ചെയ്തു. ഗവ. ആശുപത്രിയിൽ ഭക്ഷണാവശ്യത്തിനായി അമ്മമാരുടെ നേതൃത്വത്തിൽ പിരിച്ച 1 ക്വിന്റൽ അരിയും മറ്റു സാധനങ്ങളും ഗവ. ആശുപത്രിയിൽ എത്തിക്കുകയും ചെയ്തു.

**വൈത്തിരി ശാഖ**

11-ന് ബഹു. റവ. ഫാ. ബിനു പൈനുങ്കൽ അച്ചന്റെ നേതൃത്വത്തൽ വൈത്തിരി ശാഖയിൽ സെമിനാർ നടത്തി. 45 ഓളം അമ്മമാർ പങ്കെടുത്തു. രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിൽ അച്ചന്റെ നേതൃത്വത്തിൽ ക്ലാസ്, ആരാധന, വി. കുർബാന ഇവ നടത്തുകയും ചെയ്തു.

**ദീപ്തിഗിരി ശാഖ**

നവംബർ 29-ന് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിൽ അച്ചൻ ദീപ്തിഗിരി ഇടവക സന്ദർശിച്ചു. ബഹു. ഡെന്നീസ് അച്ചന്റെ നേതൃത്വത്തിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് അമ്മമാർക്ക് ക്ലാസ് എടുക്കുകയും ചെയ്തു. ഡിസംബർ 12-ന് അമ്മമാർ മേഴ്സി ഹോം സന്ദർശിക്കുകയും അത്യാവശ്യം വേണ്ട ശുചീകരണം നടത്തി കൊടുക്കുകയും അരി, സോപ്പ്, മധുരപലഹാരങ്ങൾ എന്നിവ നൽകുകയും ചെയ്തു.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

### സോണൽ മീറ്റിംഗ്

2009 ഡിസംബർ 4 ആദ്യവെള്ളി സോണൽ മീറ്റിംഗിനും 2010 ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുമായി സിയോൻ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ 100 ശുശ്രൂഷകർ സിയോൻ ചാപ്പലിൽ ഒന്നിച്ചുകൂടി. ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ രാവിലെ 9.30 – 12 വരെ പരി. അമ്മയുടെ മദ്ധ്യസ്ഥത്തിനായി ജപമാല അർപ്പിച്ചും പരി. ആത്മാവിന്റെ നിറവിനായും 2009 വർഷത്തിൽ നല്ല ദൈവം വർഷിച്ച അനുഗ്രഹത്തിനായി നന്ദി പറഞ്ഞും പ്രാർത്ഥനയിൽ ചെലവഴിച്ച നിമിഷങ്ങൾ അവിസ്മരണീയമായിരുന്നു. ആത്മപരിശോധനയ്ക്കും അനുരഞ്ജന കൂദാശാ സ്വീകരണത്തിനും അവസരം ഒരുക്കി. എല്ലാവരും കുമ്പസാരിച്ച് സ്വയം വിശുദ്ധീകരിച്ചു. സിയോന്റെ സ്ഥാപകനായ ബഹു. ജോർജ് മേമന അച്ചൻ സിയോൻ ശുശ്രൂഷകളെയും ശുശ്രൂഷകരേയും പ്രത്യേകിച്ച് ഇന്നത്തെ തെരഞ്ഞെടുപ്പിനെയും സമർപ്പിച്ച് വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ദൈവജനത്തിന്റെ മുഖഭാവമാണ് പ്രത്യാശ. ദുഃഖമുണ്ടായാലും തകർക്കപ്പെട്ടാലും സന്തോഷമായിരിക്കണം. പാപത്തിന്റെ അംശം നമ്മിലുള്ളപ്പോൾ ദൈവാനുഭവം ഉണ്ടാകില്ല. എല്ലാ തിന്മയും മാറി നാം നന്മയിലേക്കു വരണം. തമ്പുരാൻ നമ്മെ തെരഞ്ഞെടുക്കുമ്പോൾ നമ്മെ ഉപയോഗിക്കും. ലഘുഭക്ഷണത്തിനുശേഷം 2 മണിക്ക് സിയോൻ ചാപ്പലിൽ എല്ലാവരും ഒന്നിച്ചുകൂടി. ബഹു. പാറയിലച്ചന്റേയും കോ-ഓർഡിനേറ്റർ ശ്രീ. ജോണി കുന്നുംപുറത്തിന്റേയും നേതൃത്വത്തിൽ പ്രാർത്ഥനാപൂർവ്വം തെരഞ്ഞെടുപ്പ് നടത്തി. എല്ലാ മിനിസ്ട്രികളുടെയും ഭാരവാഹികളെ തെരഞ്ഞെടുത്തു. അവർ ഉത്തരവാദിത്വം ഏൽക്കുന്നത് 2010 ജനുവരിയിലെ സോണൽ മീറ്റിംഗിൽ വച്ചാണ് എന്ന് ബഹു. അച്ചൻ അറിയിച്ചു. തെരഞ്ഞെടുപ്പിനുശേഷം വൈകുന്നേരം 6 വരെയുള്ള സമയം എൽഡറിംഗിനും പാസ്റ്ററിംഗിനും വിശ്രമത്തിനുമായി വിനിയോഗിച്ചു.

### ജാഗരണ പ്രാർത്ഥന

വൈകുന്നേരം 6 മുതൽ 6.30 വരെ മൗനപ്രാർത്ഥന. 6.30 ന് ജപമാല. 7 മണിക്ക് ബഹു. ബാബു പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി. നാവിന്റെ ഉപയോഗം, നാവുവഴി ഉണ്ടാകുന്ന തിന്മ

കൾ ഇവ വ്യക്തമാക്കി. നാവിനെ നിയന്ത്രിക്കുന്നവന് ശരീരത്തെ മുഴുവൻ നിയന്ത്രിക്കാൻ കഴിയും. നാവ് ശരീരം മുഴുവനേയും മലിനമാക്കും. 12 മണി വരെ തുടർന്ന ജാഗരണപ്രാർത്ഥന ബഹു. പാറയിൽ അച്ചനും മ്യൂസിക് ടീമും സിയോൻ ടീമും ചേർന്ന് നയിച്ചു. ധാരാളം അത്ഭുതങ്ങളും രോഗ സൗഖ്യവും അഭിഷേകവും അനേകർക്ക് ലഭിച്ചു.

**ആദ്യശനി ഏകദിനകൺവെൻഷൻ 5-12-09**

രാവിലെ 6 ന് ശുശ്രൂഷകർ പരി. അമ്മയുടെ സന്നിധിയിൽ എത്തി ഇന്നത്തെ ശുശ്രൂഷകൾക്കായി പ്രാർത്ഥിച്ച് ഒരുങ്ങി. സിയോൻ ഹാളിനു ചുറ്റും നടന്ന് ജപമാല ചൊല്ലി സിയോന്റെ ഇന്നത്തെ ശുശ്രൂഷകളെയും കടന്നുവരുന്ന ദൈവജനത്തെയും സമർപ്പിച്ച് അഭിഷേകത്തിനായി പ്രാർത്ഥിച്ചു. ഒരുക്കശുശ്രൂഷകൾക്കും പ്രഭാതഭക്ഷണത്തിനും ശേഷം 8.30ന് സ്റ്റേജിൽ പതിവുപോലെ മ്യൂസിക് ടീം ഗാനം ആലപിച്ച് ദൈവാരാധന യ്ക്കായി ദൈവമക്കളുടെ ഹൃദയങ്ങളെ ഒരുക്കി. തുടർന്ന് സപ്ര, ജപമാല, സ്തുതി, ആരാധന എന്നിവ സിയോൻ ടീമിന്റെ നേതൃത്വത്തിൽ നടത്തി. 11 മണിക്ക് കോഴിക്കോട് ദേവഗിരി കോളേജ് പ്രൊഫസർ ശ്രീ. ചാക്കോ കാളംപറമ്പിൽ ഇന്ന് സിയോൻ നടത്തുന്ന വൈദികവർഷ കൺവെൻഷ നിൽ പൗരോഹിത്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വചനം പങ്കു വെച്ചു. എന്തുകൊണ്ട് പൗരോഹിത്യം നിലനിൽക്കണം? ഇല്ലെങ്കിൽ എന്തുസംഭ വിക്കും? വിശദാംശങ്ങൾ പ്രൊഫസർ ചാക്കോ പങ്കുവെച്ചു. ഉച്ചയ്ക്ക് 12 മണിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് വി. ബലി അർപ്പിച്ചു. വി. ബലിയ്ക്കും തുടർന്നുള്ള എല്ലാ ശുശ്രൂഷകൾക്കും ക്രിസ്റ്റീൻ മക്കളെയും കൊണ്ടുവന്നു. ദൈവത്തിന്റെ വചനത്തിന്റെ മാനുഷികഭാവമാണ് യേശു. അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ നിത്യജീവനാണ്. ഇത് പറുദീ സായുടെ അനുഭവമാണ്. പരി. കുർബാനയാണ് നമുക്ക് നിത്യജീവൻ പ്രദാനം ചെയ്യുന്നത്. പലപ്പോഴും മാധ്യമങ്ങൾ നമ്മെ അവഹേളിക്കുന്നതിന്റെ കാരണം നാം തിന്മയെ എതിർക്കുന്നു എന്നതാണ്. തിന്മയുടെ ശക്തികളെ എതിർക്കു വാൻ നമുക്ക് മെത്രാന്മാരുണ്ട്, വൈദികരും സിസ്റ്റേഴ്സും അത്മായ പ്രേഷി തരും ഉണ്ട്. അത് ഇല്ലാതാക്കാനാണ് മാധ്യമങ്ങൾ ശ്രമിക്കുന്നത്. പിതാവ് അനുസ്മരിപ്പിച്ചു. നമ്മെയും സഭയേയും നയിക്കുന്നതിന് പരിശുദ്ധാത്മാ വുണ്ട്. അതുകൊണ്ട് നാം ഭയപ്പെടേണ്ടതില്ല.

വി. ബലിക്കുശേഷം അനുഭവസാക്ഷ്യങ്ങളും ഉണ്ടായിരുന്നു. തുടർന്ന് സൗഖ്യപ്രാർത്ഥനയും ദിവ്യകാരുണ്യപ്രദക്ഷിണവും നടത്തി. ബഹു. പാറ യിൽ അച്ചൻ ഈശോയെ വഹിച്ചുകൊണ്ട് നടത്തിയ ദിവ്യകാരുണ്യപ്രദ ക്ഷിണ സമയത്ത് ധാരാളം പേർ സൗഖ്യപ്പെട്ടു. അനുഗ്രഹങ്ങൾ വർഷിക്ക പ്പെട്ടു. കൗൺസിലിംഗിനും കുമ്പസാരത്തിനും അവസരം ഒരുക്കി. ശുശ്രൂ ഷകർ സിയോനും പരിസരവും വൃത്തിയാക്കി എല്ലാം ക്രമീകരിച്ചു. തമ്പു രാന് നന്ദിയും സ്തുതിയും അർപ്പിച്ച് ദൈവമക്കൾ സന്തോഷത്തോടെ ഭവ നങ്ങളിലേക്ക് മടങ്ങി.

**രണ്ടാംശനി ശുശ്രൂഷകൾ - കൗൺസിലിംഗ് ദിനം**

72 പേർ വന്ന് കൗൺസിലിംഗ് നടത്തി ആത്മീയവും ശാരീരികവും മാനസികവുമായ സൗഖ്യം നേടിപോയി.

**യുവജനകൂട്ടായ്മ**

35 യുവജനങ്ങൾ ഇന്നത്തെ ശുശ്രൂഷകളിൽ പങ്കെടുത്തു. ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചൻ വി.ബലി അർപ്പിച്ചു. മിസ് ഷീന തോമസ് ഫുൾടൈമർ ക്ലാസെടുത്തു.

**ദമ്പതികൂട്ടായ്മ**

ദമ്പതികൾ കൂട്ടായ്മയിൽ പങ്കെടുത്തു. 2010 ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. ബഹു.ജോണി പെരുമാട്ടിക്കുന്നേൽ അച്ചൻ ദിവ്യബലി അർപ്പിച്ചു. വചനം പങ്കു വെച്ചു.

**മൂന്നാം വെള്ളി സൗഖ്യദിനം**

100 ഓളം പേർ സൗഖ്യദിനത്തിൽ പങ്കെടുത്തു. കുമ്പസാരം, കൗൺസിലിംഗ് വി. ബലി, അഭിഷേകപ്രാർത്ഥന, സൗഖ്യാരാധന എന്നീ ശുശ്രൂഷകൾക്ക് സിയോൻ ടീം നേതൃത്വം നൽകി.

**ധ്യാനങ്ങൾ**

ഡിസംബർ 18-22 സിയോൻ മരിയൻ ധ്യാനം, കബനിഗിരിയിൽ ഇടവക ധ്യാനം ഇവ നടത്തി.

**സിയോൻ ജനുവരിയിൽ - ജനുവരി 2010**

1 - ജാഗരണപ്രാർത്ഥന

2 - ആദ്യശനി കൺവെൻഷൻ, ക്രിസ്റ്റീൻ കൺവെൻഷൻ

9 - രണ്ടാംശനി - 9-1-2010
ദമ്പതികൂട്ടായ്മ, യുവജന ഏകദിനം, പൊതുകൗൺസിലിംഗ്

15 - മൂന്നാംവെള്ളി - സൗഖ്യദിനം

29 - ജാഗരണപ്രാർത്ഥന - സുവിശേഷമുന്നണി

**2010 ലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട സിയോൻ ശുശ്രൂഷ നേതൃത്വം**

പേര്, വീട്ടുപേര്, ശുശ്രൂഷ, ഇടവക എന്നീ ക്രമത്തിൽ

ശ്രീ. ബേബി മൂത്തേടം - കോ-ഓർഡിനേറ്റർ - ചിത്രഗിരി
ശ്രീ. ചാക്കോച്ചൻ പുത്തൻപുര-അസി. കോ-ഓർഡി. - മുള്ളൻകൊല്ലി
സി. ബന്നറ്റ് FCC - സോണൽ സെക്രട്ടറി -കാരയ്ക്കാമല
സി. മരിയ ജെയിംസ് CMC - സോണൽസെക്രട്ടറി -കുറുമണി
ശ്രീ.ടോമി കുന്നത്ത് -വോളണ്ടിയേഴ്സ് കോ-ഓർഡി.- കേണിച്ചിറ
ശ്രീ. ജോസ് കളപ്പുര-വോളണ്ടിയേഴ്സ് അസി. കോ-ഓർഡി.-മൊതക്കര
ശ്രീമതി സിസിലി കളപ്പുര - വനിതാ കോ-ഓർഡിനേറ്റർ-മൊതക്കര
ശ്രീ. ജോർജ് കൈനിക്കുന്നേൽ-കൗൺസിലേഴ്സ് കോ-ഓർഡി.- ആടിക്കൊല്ലി
ശ്രീ. മത്തായി കാരക്കാട്ട്-കൗൺസിലേഴ്സ് സെക്രട്ടറി-കമ്മന
ശ്രീ. ജോസ് മാളോല-മദ്ധ്യസ്ഥപ്രാർത്ഥന കോ-ഓർഡി.-മുള്ളൻകൊല്ലി
ശ്രീ. ജോസ് നമ്പ്യാപറമ്പിൽ-അസി.കോ-ഓർഡിനേറ്റർ -കല്പ്പറ്റ

ശ്രീമതി മേരി പുളിയംമാക്കൽ-വനിത കോ. ഓർഡി.-പാൽച്ചുരം
ശ്രീ. ജോസ് തേനംമാക്കൽ-ഇവാഞ്ചലൈ. കോ-ഓർഡി.-കല്പ്പറ്റ
ശ്രീ. മാധവൻ കുന്നേതോട്ടത്തിൽ-അസി. കോ-ഓർഡി.-മുതിരേരി
ശ്രീ. പൈലി തുറപ്പാട്ടിൽ-അസി. സെക്രട്ടറി -ബത്തേരി
ശ്രീ. ഷിബു മാവേലിക്കുന്നേൽ-പ്രോ ലൈഫ് കോ-ഓർഡി.-കല്പ്പറ്റ
അഡ്വ.ജോസ് കുറുമ്പാലക്കാട്ട്-അസി.പ്രോലൈഫ് കോ-ഓർഡി. -കല്പ്പറ്റ
ശ്രീ. സാലു അബ്രാഹം മേച്ചേരി-പ്രോലൈഫ് സെക്ര.-കല്പ്പറ്റ
ശ്രീ. ആന്റണി പള്ളത്ത്-ഹോസ്പിറ്റൽ മിനിസ്ട്രി കോ-ഓർഡി-ചുണ്ടക്കര
ശ്രീ. തോമസ് പിച്ചകപ്പള്ളി-ഹോസ്.അസി.കോ-ഓർഡിനേറ്റർ-ആടിക്കൊല്ലി
ശ്രീ. ജോസ് നെല്ലിനിൽക്കുംതടം-Prayer Group കോ-ഓർഡി-വാഴവറ്റ
ശ്രീ. ജോർജ് കൂവക്കാട്ടിൽ-അസി.Prayer Group കോ-ഓർഡി.-ചുണ്ടക്കര
സി. അനില SKD-മ്യൂസിക് മിനിസ്ട്രി കോ-ഓർഡി.-ദീപ്തിഗിരി
സി. പ്രമീള SCV-സിസ്റ്റേഴ്സ് കൂട്ടായ്മ- ഒണ്ടയങ്ങാടി
ശ്രീ. ബേബി പേണ്ടാനത്ത്-ഉദ്യോഗസ്ഥകൂട്ടായ്മ-ബത്തേരി
സി. മരിയ ജെയിംസ് CMC -തൂവാനീസ മിനിസ്ട്രി-കുറുമണി
ശ്രീമതി എത്സി കുരീക്കൽ-തൂവാനീസ അസിസ്റ്റന്റ് -തലപ്പുഴ
ശ്രീ. പൈലി പെലക്കുടിയിൽ - ജീവജ്വാല - തലപ്പുഴ
ശ്രീ. ജോസഫ് & മേഴ്സി തോട്ടുപുറം-കപ്പിൾസ് കോ. ഓർഡി.-കല്പ്പറ്റ
ശ്രീ. തോമസ് & ശ്രീമതി ചക്കാലയ്ക്കൽ-അസി. കോ-ഓർഡി- കപ്പിൾ മിനിസ്ട്രി
ശ്രീ. സണ്ണി & മേരി പേരിയക്കോട്ടിൽ -അസി. സെക്രട്ടറി -കപ്പിൾ മിനിസ്ട്രി

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

## ക്രിസ്റ്റീൻ വാർത്തകൾ

നവംബർ 27, 28, 29 തീയതികളിൽ മുതിരേരി, യവനാർകുളം എന്നീ ഇടവകകളിലെ കുട്ടികൾക്കായി രൂപതാ ടീമിന്റെ നേതൃത്വത്തിൽ മുതിരേരി യിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, അസി. ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ, സി. മരിയ സി.എം.സി., സി. ടീന എസ്.എച്ച്., ഷീന, നിധീഷ്, ബൈജു എന്നിവർ നേതൃത്വം നൽകി. ധ്യാനം സംഘടിപ്പിച്ച ബഹുമാനപ്പെട്ട സജി കോട്ടായിലച്ചനും, ഷാജു മുളവേലിക്കുന്നേലച്ചനും നന്ദി പറയുന്നു.

ആദ്യശനിയാഴ്ച നടന്ന ക്രിസ്റ്റീൻ കൺവെൻഷന് റവ.ഫാ. സോണി വടയാപറമ്പിൽ, സി. മരിയ സി.എം.സി., സി. ടീന എസ്.എച്ച്, സി. ലിസ്മ രിയ എസ്.കെ.ഡി., നിതീഷ് തുടങ്ങിയവർ നേതൃത്വം നൽകി. ജീസസ് യൂത്ത് ഫുൾടൈമർ ഷീന ക്ലാസെടുത്തു.

**ഫാ. ടോമി പുത്തൻപുരയ്ക്കൽ & ഫാ. സോണി വടയാപറമ്പിൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൽ സഹോദരിസഹോദരന്മാരേ,

ഏറെ പ്രതീക്ഷകളോടും പ്ലാനുകളോടും കൂടി പുതുവർഷത്തിലേക്കു പ്രവേശിക്കുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുകയാണല്ലോ. എല്ലാം അവിടുത്തോടുകൂടി നിറവേറ്റുവാൻ പ്രാർത്ഥനയോടെ നമുക്ക് ചുവടു വയ്ക്കാം.

നമ്മുടെ കോൺഫ്രൻസുകളുടെയും വിൻസെൻഷ്യൻ സംഘടനയിൽ നാം തുടരുന്നതിന്റെ പ്രസക്തിയേയും നമുക്ക് വിലയിരുത്താം. തിരുത്തേണ്ട മേഖലകളിൽ തിരുത്തൽ വരുത്താനും കൂടുതൽ ചൈതന്യവത്തായ പ്രവർത്തനം കാഴ്ച വയ്ക്കാനും ശ്രമിക്കാം. തിരുനാളുകളുടെ കാലഘട്ടം ഇടവകകളിൽ സജീവമാകുമ്പോൾ, സംഘടനാ പ്രവർത്തനങ്ങളിൽ നിന്ന് സൗകര്യ പൂർവ്വം ഒഴിഞ്ഞുമാറാനുള്ള പ്രലോഭനങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. എന്നാൽ, പ്രതിവാരയോഗവും പ്രാർത്ഥനകളും, സന്ദർശനങ്ങളും ഒഴിവാക്കാതെതന്നെ, ഇടവകയുടെ പ്രവർത്തനങ്ങളിലെല്ലാം സജീവമായി പങ്കെടുക്കാനും ശ്രമിക്കണം. പ്രസിഡണ്ടു തെരഞ്ഞെടുപ്പും ഭരണസമിതി പുനഃക്രമീകരണവും നടത്തേണ്ട കോൺഫ്രൻസുകൾ നിയമാനുസരണം അതു നടത്തുകയും റിപ്പോർട്ട് എ. സി യ്ക്കും സി. സി യ്ക്കും നൽകുകയും വേണം.

**എ. സികൾക്കു ഒരു പ്രത്യേക ടാർജറ്റ്**

1. 2010 പ്രവർത്തനവർഷത്തിന്റെ ആരംഭംമുതൽ ഓരോ എ. സി യും അവയുടെ പരിധിയിൽ കോൺഫ്രൻസുകൾ സ്ഥാപിതമാകാത്ത ഇടവകകളിൽ, ബഹു. വികാരിയച്ചന്മാരുമായി ബന്ധപ്പെട്ട്, പുതിയ കോൺഫ്രൻസുകൾ സ്ഥാപിക്കാൻ ഉത്സാഹിക്കുക.
2. കുറെക്കാലത്തെ പ്രവർത്തനത്തിനുശേഷം കോൺഫ്രൻസ് പ്രവർത്തനം നിലച്ച ഇടവകകളിലും പുതിയ കോൺഫ്രൻസുകൾക്കു രൂപംകൊടുക്കാൻ ശ്രമിക്കുക.

**ഓസ്സാനാംഭവൻ ശുശ്രൂഷാസന്ദർശനം**

ഫെബ്രുവരി മാസം : 1-20 ചുണ്ടക്കര എ. സി, 21-28 : കല്ലോടി എ.സി.

നവംബർ മാസം നടത്തിയ ദ്വാരക, നടവയൽ സെമിനാറുകളിൽ ചില കോൺഫ്രൻസുകൾ പങ്കെടുത്തിരുന്നില്ല. അതുമൂലം, പ്രസ്തുത കോൺഫ്രൻസുകൾക്കുള്ള വിദേശ ഗ്രാന്റുകൾ, ആവശ്യമായ വിലയിരുത്തലുകൾക്കുശേഷം, വേണ്ടിവന്നാൽ നിറുത്താനുള്ള തീരുമാനം സി.സി കൈകൊള്ളുന്നതാണ്.

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്



# ജയിൽ മിനിസ്ട്രി

2009 ഡിസംബറിലെ ക്രിസ്തുമസിനോടനുബ്ധിച്ചുള്ള ജയിൽ സന്ദർശനം 20-ാം തീയതിയായിരുന്നു. ജയിൽ സന്ദർശനത്തിനായി വൈത്തിരി സബ് ജയിലിലെത്തിയത് ദ്വാരക സീയോനിൽ നിന്നും സി. റ്റീന എസ്.എച്ച്. ന്റെ നേതൃത്വത്തിലുള്ള ജീസസ് യൂത്ത് അംഗങ്ങളായിരുന്നു. യുവത്വം നിറഞ്ഞ യേശുവിന്റെ വക്താക്കളായ അവർ വിവിധങ്ങളായ കലാപരിപാടികളിലൂടെ ക്രിസ്തുമസ് സന്ദേശം കൈമാറി. വൈത്തിരി ഇടവകാംഗമായ പുത്തൻപുരയിൽ ജോർജിന്റെ നേതൃത്വത്തിലുള്ള ക്രിസ്തുമസ് പപ്പായുടെ വരവും മധുരപലഹാര വിതരണവും, കേക്ക് മുറിച്ചുള്ള ആഘോഷവും 55 ഓളം വരുന്ന തടവറ മക്കൾക്ക് സന്തോഷമേകി. അവരുടെ ഇടയിൽ നിന്നുമുള്ള വിവിധ കലാപരിപാടികളും ആസ്വാദ്യകരമായി. നടവയൽ കായക്കുന്നിൽ നിന്നുമുള്ള ലാസലെറ്റ് സഭാംഗങ്ങളുടേയും എസ്.ഡി. സിസ്റ്റേഴ്സിന്റേയും സാന്നിധ്യം ശ്രദ്ധേയമായി. പഴൂരിൽ നിന്നും ബെന്നി, ജോസഫ് ചേട്ടന്മാരുടെ സാന്നിധ്യവും വൈത്തിരിയിലെ കുര്യൻ ചേട്ടൻ, എസ്.എച്ച്. സിസ്റ്റേഴ്സ് ഇവരുടെ സന്ദേശങ്ങളും പരിപാടികൾക്ക് മികവേകി.

**ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ജോൺസൺ തൊഴുത്തുങ്കലിന് ബിഷപ്പ് മാക്കിയിൽ അവാർഡ്**

കേരള സംസ്ഥാനത്ത് മദ്യവിരുദ്ധ പ്രവർത്തനരംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവെച്ചതിനുള്ള കേരളകാത്തലിക് ബിഷപ്പ്സ് കൗൺസിലിന്റെ 2009 വർഷത്തെ ബിഷപ്പ് മാക്കീൽ ഫൗണ്ടേഷന്റെ അവാർഡിന് മാനന്തവാടി രൂപതാംഗമായ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ തെരഞ്ഞെടുക്കപ്പെട്ടു. മദ്യവിരുദ്ധ സമിതി മാനന്തവാടി രൂപതാ പ്രസിഡന്റും പഴൂർ സെന്റ് ആന്റണീസ് യു.പി.സ്കൂൾ അദ്ധ്യാപകനുമാണ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ. തോമാട്ടുചാൽ ഇടവകാംഗമാണ്. പത്ത് വർഷം മദ്യവിരുദ്ധ രംഗത്ത് കാഴ്ചവെച്ച പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് 29 രൂപതകളിൽ നിന്ന് ജോൺസൺ തെരഞ്ഞെടുക്കപ്പെട്ടത്.

കെ.സി.വൈ.എം. രൂപതാ പ്രസിഡന്റും സംസ്ഥാന സെക്രട്ടറിയുമായിരുന്നു. രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, കാത്തലിക്ക് കൗൺസിൽ ഓഫ് ഇന്ത്യ (C.C.I) യുടെ മാനന്തവാടി രൂപതാ പ്രതിനിധി, രൂപതാ മതബോധന ടീം അംഗം, കുടുംബപ്രേഷിതത്വ ടീം അംഗം, ജാഗ്രതാസമിതി അംഗം, കോർപ്പറേറ്റ് സ്കൂൾ സ്റ്റാഫ് കോ-ഓഡിനേഷൻ കമ്മിറ്റി ജനറൽ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിക്കുന്നു. 24 വർഷമായി തോമാട്ടുചാൽ ഇടവക മതബോധന അദ്ധ്യാപകനാണ്.

1995 ൽ കെ.സി.വൈ.എം രൂപതാ പ്രസിഡന്റായതുമുതൽ മദ്യവിരുദ്ധ രംഗത്ത് സജീവമാണ്. വയനാട് ലഹരി വിമുക്തമാക്കുക എന്ന മുദ്രാവാക്യമുയർത്തി വയനാട് ജില്ല സൈക്കിൾ റാലി, പദയാത്ര, കളക്ട്രേറ്റ് മാർച്ച്, ഉപവാസ സമരങ്ങൾ, വാഹനജാഥകൾ എന്നിവയ്ക്ക് നേതൃത്വം നൽകി.

വിദ്യാലയങ്ങൾ, ഇടവകകൾ, കോളേജുകൾ, സ്വാശ്രയസംഘങ്ങൾ വിവിധ സന്നദ്ധസംഘടനകൾ, ആദിവാസികോളനികൾ എന്നിവിടങ്ങളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം നൽകുന്നു. പൊതുജന ബോധവൽക്കരണത്തിന്റെ ഭാഗമായി വയനാട് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ സ്ലൈഡ്ഷോ, ടെലിഫിലിം പ്രദർശനം എന്നിവ നടത്തി വരുന്നു. വടുവൻചാൽ ഗവ. എച്ച്.എസ്. എസ് ലെ അദ്ധ്യാപിക സെലിൻ ആണ് ഭാര്യ. അമൽ, അമയ എന്നിവർ മക്കളാണ്.

മികച്ച ലഹരി വിരുദ്ധ പ്രവർത്തകനുള്ള അവാർഡിന് അർഹനായ ശ്രീ. ജോൺസൺ തൊഴുത്തുങ്കലിന് രൂപതാ മദ്യവിരുദ്ധ സമിതിയുടെ അഭിനന്ദനങ്ങളും ആശംസകളും അർപ്പിക്കുന്നു. പ്രവർത്തന രംഗത്ത് കൂടുതൽ താൽപര്യത്തോടെ പ്രവർത്തിക്കുവാൻ ഈ അവാർഡ് ജോൺസന് പ്രചോദനമാകട്ടെ.

**ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ**
രൂപതാ ഡയറക്ടർ

**15 -ാമത് വാർഷിക സമ്മേളനം**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ 15 -ാമത് വാർഷിക സമ്മേളനം എറണാകുളം-അങ്കമാലി അതിരൂപതയുടെ ആതിഥേയത്വത്തിൽ എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ വെച്ച് ഡിസംബർ 6 ന് ശനിയാഴ്ച നടത്തി. രാവിലെ 10 മണിക്ക് പ്രതിനിധി സമ്മേളനം എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാൻ ബിഷപ്പ് തോമസ് ചക്യത്ത് നിർവ്വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. സെബാസ്റ്റ്യൻ ഐക്കര അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ജെയിംസ് കോറമ്പയിൽ സ്വാഗതം ആശംസിച്ചു. ശ്രീ. മാത്യു.എം. കണ്ടത്തിൽ, ശ്രീ. ജോബ് തോട്ടുകടവിൽ, ശ്രീമതി സാറാമ്മ ജോസഫ്, ആന്റണി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

തുടർന്ന് നടന്ന സെമിനാറിൽ "മദ്യസംസ്കാരം സഭയുടെ വീക്ഷണത്തിൽ" എന്ന വിഷയത്തിൽ സീറോമലബാർ സിനഡ് സാംസ്കാരിക വിഭാഗം കൺവീനർ റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റ് റവ. ഫാ. തോമസ് തൈത്തോട്ടം പ്രസംഗിച്ചു. ഉച്ചയ്ക്ക് ശേഷം നടന്ന പൊതു സമ്മേളനവും അവാർഡ് വിതരണ ചടങ്ങും കെ.സി.ബി.സി പ്രസിഡന്റ് ബിഷപ്പ് റവ.ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു. കമ്മീഷൻ ചെയർമാൻ ബിഷപ്പ് റവ. ഡോ.സെബാസ്റ്റ്യൻ തെക്കെത്തെ

ചേരിൽ അദ്ധ്യക്ഷത വഹിച്ചു. കമ്മീഷൻ സെക്രട്ടറി റവ.ഫാ.പോൾ കാരാച്ചിറ സ്വാഗതം പറഞ്ഞു. എറണാകുളം – അങ്കമാലി സഹായമെത്രാൻ ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് അനുഗ്രഹപ്രഭാഷണം നടത്തി. അഡ്വ. ചാർളി പോൾ, റവ. ഫാ. ജോർജ്ജ് നേരെവീട്ടിൽ, റവ. ഫാ. സെബാസ്റ്റ്യൻ വട്ടപ്പറമ്പിൽ, റവ. ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ, ശ്രീ. യോഹന്നാൻ ആന്റണി, സി. ജോവിറ്റ FCC എന്നിവർ പ്രസംഗിച്ചു.

മികച്ച മദ്യവിരുദ്ധ പ്രവർത്തകനുള്ള ബിഷപ്പ് മാക്കീൽ അവാർഡ് ശ്രീ. ജോൺസൺ തൊഴുത്തുങ്കലിനും (മാനന്തവാടി രൂപത) ബെസ്റ്റ് സ്റ്റുഡന്റ് അവാർഡ് കുമാരി സ്റ്റെഫി തങ്കച്ചൻ (തലശ്ശേരി അതിരൂപത) മികച്ച പ്രവർത്തനം കാഴ്ചവെച്ച രൂപതകൾക്കുള്ള അവാർഡ് എറണാകുളം അങ്കമാലി അതിരൂപത (ഒന്നാംസ്ഥാനം) കൊല്ലം (രണ്ടാംസ്ഥാനം) ആലപ്പുഴ രൂപത (മൂന്നാംസ്ഥാനം) കെ.സി.ബി.സി. ചെയർമാൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് വിതരണം ചെയ്തു.

എറണാകുളം അങ്കമാലി രൂപതയുടെ മദ്യവിരുദ്ധ എക്സിബിഷനും ഉണ്ടായിരുന്നു.

## സായാഹ്ന പ്രാർത്ഥാ കൺവെൻഷനുകൾ – ഇടവകയിൽ

2010 വർഷത്തിൽ ഇടവകകളിൽ സായാഹ്ന പ്രാർത്ഥനാ സമ്മേളനങ്ങൾ സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. മദ്യവിരുദ്ധ മനോഭാവം വളർത്തിയെടുക്കുക–പ്രചരിപ്പിക്കുക എന്നതാണ് ഉദ്ദേശ്യം.

വൈകുന്നേരം 4.30 മണിക്ക് ആരംഭിച്ച് 9.30 ന് അവസാനിക്കുന്ന പ്രാർത്ഥനാ സമ്മേളനങ്ങളാണ് ഉദ്ദേശിക്കുന്നത്.

4.30 p.m – പ്രോഗ്രാം ഗാനശുശ്രൂഷ
5.00 p.m – കരുണയുടെ ജപമാല
5.45 p.m – വചനപ്രഘോഷണം I
7.00 p.m – വചനപ്രഘോഷണം II
8.15 p.m – ആരാധന
8.45 p.m – വി. കുർബാന

താൽപര്യമുള്ള ഇടവകകൾ ബഹു. രൂപതാ ഡയറക്ടർ ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേൽ അച്ചനെ ബന്ധപ്പെടുക.

## മോചന – 2009

പുത്തൂർവയൽ ഇടവകയിൽ ഡിസം. 12 ന് രാവിലെ 10 മണി മുതൽ 1 മണിവരെ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടി മോചന

2009 നടത്തി. WSSS ന്റെ ഗൂഡല്ലൂർ റീജനാണ് സെമിനാർ സംഘടിപ്പിച്ചത്. ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് കുന്നത്ത് ഉദ്ഘാടനം ചെയ്തു. SWS ഭാരവാഹികൾ നേതൃത്വം നൽകി. റീജനൽ കോ-ഓഡിനേറ്റർ ശ്രീ. സജി പ്രസംഗിച്ചു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾ നയിച്ചു.

## ധർമ്മഗിരി

ധർമ്മഗിരി ഇടവകയിൽ SWS ന്റെ നേതൃത്വത്തിൽ ഡിസം.12 ന് 2 pm മുതൽ 4.15 വരെ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി നടന്നു. ഇടവകവികാരി റവ. ഫാ. ജെയിംസ് ചമ്പക്കര ഉദ്ഘാടനം ചെയ്തു. സ്ത്രീകളും കുട്ടികളുമടക്കം ധാരാളം പേർ സെമിനാറിൽ പങ്കെടുത്തു. രൂപതാപ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ സെമിനാറിൽ ക്ലാസുകൾ നയിച്ചു.

## ആറാട്ടുതറ ഗവ.എച്ച്.എസ്.എസ്

ജൂണിയർ റെഡ്ക്രോസ് വിദ്യാർത്ഥികൾക്കായി നവംബർ 21 ന് ശനിയാഴ്ച ആറാട്ടുതറ ഗവ. എച്ച്.എസ്.എസിൽ വെച്ച് ഏകദിന ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു. വാർഡു മെമ്പർ ഉദ്ഘാടനം ചെയ്തു. മാനന്തവാടി ഉപജില്ല JRC കൺവീനർ ശ്രീ. ടോമി വെള്ളക്കാകുടി സ്കൂളുകളിലെ JRC കൺവീനർമാർ എന്നിവർ നേതൃത്വം നൽകി. ആറാട്ടുതറ, പയ്യംമ്പള്ളി, ഏച്ചോം സ്കൂളുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. രൂപതാപ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു.

## കേരള സഭാ മദ്യവിരുദ്ധ ഞായർ - ജനുവരി 24

കേരളകത്തോലിക്കാ സഭ ജനുവരി 24 മദ്യവിരുദ്ധ ദിനമായി ആചരിക്കുകയാണ്. മദ്യത്തിന്റെ ദുരന്തത്തെപ്പറ്റി സഭാ മക്കളെ ബോദ്ധ്യപ്പെടുത്തുവാനാണ് ഈ ദിനം ആചരിക്കുന്നത്. ഇടവകതലത്തിൽ ലഹരിവിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുവാൻ ഇടവക നേതൃത്വവും ഇതര സംഘടനകളും സഹകരിക്കുമല്ലോ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

### SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ മീറ്റിംഗ്

നവംബർ 11 -ാം തീയതി SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ മീറ്റിംഗ് WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. മുയൽ പരിപാലനമെന്ന വിഷയത്തിൽ, പൂക്കോട് വെറ്റിനറി കോളേജ് പ്രൊഫസർ സി. എൻ. ദിനേശ് ക്ലാസ്സ് എടുത്തു. മുയൽ വളർത്തലിന്റെ സാമ്പത്തിക വശം, വിപണി, യൂണിറ്റ് ഘടന എന്നീ മേഖലകൾ വിശദമായി പ്രതിപാദിച്ചു. 57 ഭാരവാഹികൾ മീറ്റിംഗിൽ പങ്കെടുത്തു.

### കേക്ക് നിർമ്മാണ പരിശീലനം

മേഖലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത സോഷ്യൽ വെൽഫയർ സൊസൈറ്റി അംഗങ്ങൾക്ക് കേക്ക് നിർമ്മാണത്തിൽ പരിശീലനം നൽകി. നവംബർ 13 -ാം തീയതി കൊട്ടിയൂർ മേഖലയുടേത് ചുങ്കക്കുന്നിൽ വച്ചും 24 -ാം തീയതി മാനന്തവാടി മേഖലയുടേത് കണിയാരത്ത് വച്ചും 25 -ാം തീയതി പുൽപ്പള്ളി മേഖലയുടെത് പാടിച്ചിറ വച്ചും 26 -ാം തീയതി കല്പ്പറ്റ മേഖലയുടേത് ചെന്നലോട് വെച്ചും, 27-ാം കല്ലോടി മേഖലയുടേത് ദീപ്തിഗിരിയിൽ വച്ചും നടത്തി. ശ്രീമതി പി. ജെ. റോസ, ഷീല ചുള്ളിക്കൽ, സാൽവി ചാക്കോ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

### നബാർഡ് നീർത്തട വികസന പദ്ധതി
### ജൈവകാർഷിക ശില്പശാല

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപ്പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന നീർത്തട വികസന പദ്ധതിയുടെ ഭാഗമായി ജൈവകാർഷിക ശില്പശാലകൾ സംഘടിപ്പിച്ചു. നീർത്തട പ്രദേശത്തെ മുഴു

വൻ കർഷകരെയും ജൈവകൃഷി സർട്ടിഫിക്കേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുക എന്ന ഉദ്ദേശത്തോടെയാണ് ജൈവകർഷക ശിൽപ്പശാല കൾ സംഘടിപ്പിച്ചത്. മട്ടിലയം നീർത്തടത്തിൽ നടത്തിയ ശില്പശാല ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. അപ്പുമാസ്റ്റർ ഉദ്ഘാടനം ചെയ്തു. നബാർഡ് എ.ജി.എം. ബൈജു കുറുപ്പ് മുഖ്യപ്രഭാഷണം നടത്തി. നെല്ലേരിയിൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ രണദേവനും പൊർളോത്ത് വാർഡ് മെമ്പർ സിന്ദു ചന്ദ്രശേഖരനും ഉദ്ഘാടനം ചെയ്തു. WSSS പ്രോഗ്രാം കോ-ഓഡിനേറ്റർ ജോസ് എള്ളു മന്ദം ക്ലാസുകൾക്ക് നേതൃത്വം നൽകി.

## സന്ദർശനം നടത്തി

1. വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റിയുടെ പ്രവർത്ത നങ്ങൾ മനസിലാക്കുന്നതിന് നബാർഡ് ടീം സന്ദർശനം നടത്തി. നബാർഡ് ചീഫ് ജനറൽ മാനേജർ, ജനറൽ മാനേജർ, അസി.ജനറൽ മാനേജർമാർ എന്നിവരടങ്ങുന്ന 17 അംഗ ടീം കമ്മന ജൈവ ഹരിത ഗ്രാമം, WSSS ഭരണനിർവ്വഹണ ഓഫീസ്, സ്പൈസസ് പ്രൊസഡിംഗ് സെന്റർ, റേഡിയോ മാറ്റൊലി എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

2. നബാർഡ് AGM ബൈജുകുറുപ്പ് തൊണ്ടർനാട് ഗ്രാമപഞ്ചാ യത്തിലെ 4 നീർത്തട പ്രദേശങ്ങളിൽ സന്ദർശനം നടത്തുകയും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## ഫാം പ്രോജക്ടിന്റെ രണ്ടാംഘട്ടഉദ്ഘാടനവും കർഷക കുടും ബങ്ങൾക്കുള്ള വരുമാനദായക പദ്ധതിയുടെ വിതണവും

WSSS ഉൾപ്പെടെ 7 സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ, വയനാട്ടിലെ കാർഷിക പുനരുദ്ധാരണപ്രവർത്തനങ്ങളുടെ ഭാഗമായി കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ, കേരളാ സോഷ്യൽസർവ്വീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഫാം പ്രൊജക്ടിന്റെ രണ്ടാംഘട്ട ഉദ്ഘാടനവും ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്കുള്ള വരുമാനദായക പദ്ധതിയുടെ വിതര ണവും 2009 നവംബർ 27-ാം തീയതി കല്പറ്റ ചന്ദ്രഗിരി ഓഡിറ്റോറിയ ത്തിൽ വച്ച് നടത്തി.

പ്രസ്തുത ചടങ്ങിൽ മാനന്തവാടി ബിഷപ്പ് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം അദ്ധ്യക്ഷത വഹിച്ചു. വരുമാനദായക പദ്ധതിയുടെ വിത രണോദ്ഘാടനം സംസ്ഥാന കൃഷിവകുപ്പ് മന്ത്രി ബഹു. മുല്ലക്കര രത്നാ കരൻ നിർവ്വഹിച്ചു. വയനാട്ടിലെ കാർഷികപ്രതിസന്ധിയെക്കുറിച്ചുള്ള

പഠനം സുൽത്താൻ ബത്തേരി ബിഷപ്പ് അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് പ്രകാശനം ചെയ്തു.

വയനാട്ടിലെ ആത്മഹത്യയെക്കുറിച്ചുള്ള പഠനറിപ്പോർട്ട് കാരിത്താസ് ഇന്റർനാഷണലിന്റെ മുൻഡയറക്ടർ ഗർഹാർസ്മിയർ പ്രകാശനം ചെയ്തു. ഫാം പ്രോജക്ടിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പ്രകാശനം, വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വൽസ ചാക്കോ നിർവ്വഹിച്ചു.

വയനാട് ജില്ലയിൽ നിന്നും, പുതിയ ഇനം കുരുമുളക് വള്ളി വികസിപ്പിച്ചെടുത്തതിന് രാഷ്ട്രപതിയുടെ അവാർഡ് നേടിയ ബാലകൃഷ്ണൻ കമ്മനയെ തദവസരത്തിൽ വയനാട് ജില്ലാകലക്ടർ ശ്രീ. റ്റി. ഭാസ്ക്കരൻ IAS ആദരിച്ചു.

ഉദ്ഘാടന ചടങ്ങിൽ കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. വർഗീസ് മറ്റമന ഫാം പ്രൊജക്ടിനെക്കുറിച്ച് വിശദീകരിച്ചു. ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് അഡ്വ. ജോർജ് പോത്തൻ, വയനാട് പി.എ.ഒ വിക്രമൻ എന്നിവർ ആശംസകളർപ്പിച്ചു.

കേരളാ സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. റൊമാൻസ് ആന്റണി സ്വാഗതവും ഫാം പ്രൊജക്ട് പ്രോഗ്രാം മാനേജർ ഇ.ജെ.ജോസ് നന്ദിയും പറഞ്ഞു.

## കേരള ലേബർ മൂവ്മെന്റ് ജനകീയ ജാഗ്രത സമ്മേളനം

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 2009 നവംബർ 21-ാം തീയതി സംസ്ഥാനതല ജനകീയ ജാഗ്രത സമ്മേളനം നടന്നു.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ലക്ഷ്യം വച്ച്കൊണ്ട് പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതാ ഘടകത്തിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

അദ്ധ്വാനത്തിന്റെ ശ്രേഷ്ഠതയും മഹത്വവും ഉയർത്തിപ്പിടിക്കുന്ന തൊഴിൽ സംസ്കാരം വ്യാപിപ്പിക്കുക, സമകാലീന സാമൂഹികസാമ്പത്തിക സാഹചര്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ തൊഴിലാളികളെ പ്രാപ്തരാക്കുക, പുത്തൻ അറിവുകളും പരിശീലനവും തൊഴിലാളികൾക്ക് ലഭ്യമാകുന്ന സാഹചര്യങ്ങളും അവസരങ്ങളും ഉണ്ടാക്കുക, സർക്കാരിന്റേയും ഇതര ഏജൻസികളുടെയും വിവിധ ക്ഷേമപദ്ധതികളിൽ ഗുണഭോക്താക്കളാക്കുക, തൊഴിലാളികളുടെ

നേതൃത്വത്തെ പരിപോഷിപ്പിക്കുകയും സാമൂഹിക മുഖ്യധാരയിലേക്ക് നയിക്കുകയും ചെയ്യുക എന്നതാണ് പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ.

കെ.സി.ബി.സി ലേബർ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ബിഷപ്പ് മാർ ജോസ് പൊരുന്നേടം ജാഗ്രത സമ്മേളനം ഉദ്ഘാടനം ചെയ്തു. KLM സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോസഫ് ജൂഡ് അദ്ധ്യക്ഷത വഹിച്ചു. വയനാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വൽസാ ചാക്കോ കെ.സി.ബി.സി ലേബർ കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജെയ്സൺ വടശ്ശേരി എന്നിവർ ആശംസകളർപ്പിച്ചു. ഉദ്ഘാടനസമ്മേളനത്തിന് WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ സ്വാഗതവും KLM സെക്രട്ടറി ശ്രീ. ജൂഡ് സെക്വര നന്ദിയും പറഞ്ഞു.

ആസിയാൻ കരാർ – 'കാർഷിക തൊഴിൽ മേഖലയിലെ വെല്ലുവിളികളും സാധ്യതകളും' എന്ന വിഷയത്തിൽ സെമിനാർ നടത്തി. ശ്രീ. രാജാജി, മാത്യു തോമസ് MLA ഗുരുവായൂരപ്പൻ കോളേജ് പ്രൊഫസർ ഡോ. എൻ. രാധാകൃഷ്ണൻ, ഇൻഫാം വയനാട് പ്രസിഡന്റ് ശ്രീ. കെ. സുരേന്ദ്രൻ എന്നിവർ പ്രസ്തുത കരാറിന്റെ ഗുണദോഷ വശങ്ങൾ അവതരിപ്പിച്ചു. KLM വൈസ് പ്രസിഡന്റ് ശ്രീ. ജോയി ഗോതുരുത്ത് സെമിനാറിന്റെ മോഡറേറ്റർ ആയിരുന്നു.

സമാപന സമ്മേളനം മാനന്തവാടി രൂപതാ വികാരി ജനറൽ മോൺ.ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്തു. KLM മലബാർ മേഖല ഡയറക്ടർ റവ. ഫാ. ജോസ് മാത്യു അദ്ധ്യക്ഷത വഹിച്ചു. അവകാശ പത്രികയുടെ അവതരണം KLM വൈസ് പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ നിർവ്വഹിച്ചു. KLM മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ജോളി.കെ.റ്റി. ആശംസകൾ നേർന്നു. KLM ജനറൽ സെക്രട്ടറി ശ്രീ. ബെന്നി പി. ജോസഫ് സ്വാഗതവും WSSS പ്രൊഗ്രാം ഓഫീസർ ഒ. പി. അബ്രാഹം നന്ദിയും രേഖപ്പെടുത്തി. 1200 ൽ പരം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ, WSSS മാനന്തവാടി



# അറിയിപ്പുകൾ

## 1) Prayer for the Success of the General Body Meeting of the CBCI at Guwhati, February 23 - March 3, 2010

God our Father, we ask you to be with us as we prepare for the next CBCI meeting at Guwahati, on the theme "YOUTH". Inspire and guide the Leaders of the Church who are involved in the planning of this great event. Help the Bishops in their efforts to inspire our young people. Pour out your Holy Spirit upon the deliberations of the meeting and give us a new experience of Pentecost in our times.

May the encounter between the Gospel and Cultures that we have witnessed in our region and in our country lead us further to its utmost possibilities. Open out new paths for Your ways among us.

May your message of love, peace and harmony reach out to every tribe and community in our region and to the rest of the country. May our young people be true to their dreams of bringing into existence a civilization of love and well-being for the whole of humanity. This we ask of you through Christ our Lord. Amen.

## 2) Cosmo pilgrimage ഒരുക്കുന്ന 2010-ലെ വിശുദ്ധനാട് തീർത്ഥാടനം

1. ഇസ്രായേൽ, പാലസ്തീന, ജോർദ്ദാൻ, ഈജിപ്ത് തുടങ്ങിയ സ്ഥലങ്ങളിലേക്ക് 2010 April - May മാസങ്ങളിലും
2. ലൂർദ്ദ്, വത്തിക്കാൻ സിറ്റി, റോം, പാദുവ, വെനീസ്, പാരീസ് സിറ്റി, ഇസ്രായേൽ, പാലസ്തീന, ജോർദ്ദാൻ എന്നീ വിശുദ്ധ നാടുകളിലേക്ക് 2010 September - October മാസങ്ങളിലും രണ്ട് തീർത്ഥ യാത്രകൾ ഒരുക്കിയിരിക്കുന്നു. താൽപര്യമുള്ളവർ ബന്ധപ്പെടുക:-

Fr. Vincent Pudussery
St. Joseph's Church, Rippon P. O
Wayanad 673 577
Ph: 04936 - 280757, Mob: 09388431601, 09562796505
Email: vincentpudussery@ gmail. com
web: www.cosmopilgrimage.com



# Programme

## PASTORAL CENTRE, DWARAKA

### *January - 2010*

| | | |
|---|---|---|
| *01 Fri* | - | *Zion CRC: Night Vigil* |
| *02 Sat* | - | *Zion CRC : Prayer Day,*<br>*Christeen Prayer Day* |
| *02 Sat - 03 Sun* | - | *KCYM : Annual Senate and Election* |
| *03 Sun* | - | *Catechism : Team Meeting* |
| *03 Sun - 05 Tue* | - | *Mattoli : Training Programme* |
| *08 Fri* | - | *CML: Executive and Managing Committee Meeting* |
| *09 Sat* | - | *Jesus Youth: Prayer Day,*<br>*Catechism: HM PP Conference*<br>*KCYM : Joint Syndicate* |
| *10 Sun - 13 Wed* | - | *Marriage Preparation Course* |
| *15 Fri* | - | *CMA: Joint Executive* |
| *19 Tue* | - | *Marian Singles* |
| *21 Thu - 24 Sun* | - | *Marriage Preparation Course* |
| *26 Tue* | - | *Priests' Conference* |
| *30 Sat* | - | *KCYM : Secretariat & Syndicate* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## 2010 January

| | | | |
|---|---|---|---|
| 01 Fri | ............... | | Out of Station |
| 02 Sat | Morning | | Kayyunni : Ordination of Dn. Siby Kolatt TOR |
| | Afternoon | | Rippon : 75th Anniversary of the Foundation of the Congregation of Sisters of Redemption |
| 03 Sun | .............. | | Pudussery : Pastoral Visit |
| 04 Mon | Morning | | Mundannur : Ordination of Dn. Siju Pettapuzha O.Pream |
| | Afternoon | | Vellamunda : Ordination of Dn. Baiju Poovathumoottil TOR |
| 05 Tue | ............... | | Poolakutty : Ordination of Dn. Renil Chandrankunnel O.Pream |
| 06 Wed | ............ | | Vazhavatta : Ordination of Dn. Siby Thadathil O.Pream |
| 08 Fri | ................ | | Out of Station |
| 09 Sat | Morning | | Dwaraka : Catechism HM & PP Conference |
| | Afternoon | | Kayyunni : School Jubilee Conclusion and Anniversary |
| 10 Sun | 17 Sun ... | | Mount St. Thomas, Synod |
| 18 Mon | ............. | | Visitors' Day |
| 19 Tue | ................ | | Out of Station |

| | |
|---|---|
| 20 Wed ............. | Kartikulam : Blessing of the Church |
| 21 Thu Morning | Bishop's House : Meeting of Priests serving in Institutions |
| Afternoon | Vellamunda : Anniversary of St.Ann's School |
| 22 Fri ................ | Out of Station |
| 23 Sat ................ | Vadakkanad : Parish Day |
| 24 Sun Morning | Kottathara : Parish Jubilee |
| Afternoon | Vilambukandam : Parish Jubilee |
| 25 Mon ............. | Visitors' Day |
| 26 Tue ............... | Priests' Conference |
| Evening | Tribunal Meeting |
| 27 Wed Afternoon | Norbert House |
| 28 Thu ............. | Ambayathode : Ordination of Dn. Vinod Thennattil, Rosminian |
| 29 Fri .............. | Out of Station |
| 30 Sat Morning | Panamaram : Blessing of Padre Pio Ashram |
| Afternoon | Cheengavallam : Pastoral Visit |
| 31 Sun .............. | Ambalavayal : Pastoral Visit |

## 2010 February

| | |
|---|---|
| 01 Mon 2 Tue ... | Kunnoth Good Shepherd Major Seminary : Seminary Committee Meeting |
| 03 Wed ............ | Out of Station |
| 04 Thu ............ | SH Provincial House |
| 05 Fri ............. | Out of Station |
| 06 Sat ............. | Bishop's House : Meeting of Major Superiors of Women Religious Congregation |
| 07 Sun ............ | Lakkidi : Pastoral Visit |

| | | |
|---|---|---|
| *08 Mon* | *............* | *Thonichal : Final Profession of SKD Sisters* |
| *09 Tue* | *............* | *Mandya : Inaguration of Sanjos Nursing School* |
| *10 Wed* | *Morning* | *Bishop's House : Meeting of Superiors of Men Religious Congregation* |
| | *Afternoon* | *Cathedral : Priests' Year Celebrations* |
| *11 Thu* | *............* | *Yavanarkulam : Blessing of the Convent of LF Sisters* |
| *12 Fri* | *............* | *Out of Station* |
| *13 Sat* | *............* | *Mothakara : First Communion* |
| *14 Sun* | *............* | *Marutha : Pastoral Visit* |
| *15 Mon* | *............* | *Visitors' Day* |
| *16 Tue* | *............* | *Out of Station* |
| *17 Wed - 19 Fri* | | *Mangalapuzha : Seminary Council Meeting* |
| *21 Sun* | *............* | *Boy's Town : Pastoral Visit* |
| *Feb 22- March 04* | | *Guwahati : CBCI Meeting* |
| *March 05 - 11* | | *Diphu* |



# THE PRIEST

A priest is a lover of God.
A priest is lover of Men.
A priest is a holy man because
he walks before the Face of the All Holy.
A priest understands all things.
A priest forgives all things.
A priest encompasses all things.
The heart of a priest, like Christ's,
is pierced with the lance of love.
The heart of a priest is open, like Christ's
for the whole world to walk through.
The heart of a priest is a vessel of compassion.
The heart of a priest is chalice of love.
The heart of a priest is the trusting place
of human and divine love.
A priest is a man whose goal
is to be another Christ.
A priest is a man who lives to serve.
A priest is a man who has crucified himself,
so that he too may be lifted up
and draw all things to Christ.
A priest is a man in love with God.
A priest is the gift of God to man,
and of man to God.
A priest is a symbol of
the Word made flesh.
A priest is the nacked sword of God's justice.
A priest is the hand of God's mercy.
A priest is the reflection of God's love.

***Baroness de Hueck Doherty***